മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

വാല്യം 15
ലക്കം 03

ത്രൈമാസിക



SOUTH EAST ASIAN EDUCATION TRUST (R)

NAAC
NATIONAL ASSESSMENT AND ACCREDITATION COUNCIL




# EMPOWER YOUR FUTURE THROUGH LEARNING

## ADMISSION OPEN 2025-26

### COURSES OFFERED

### B.E/B.Tech
- Computer Science & Engineering
- Artificial Intelligence & ML
- Artificial Intelligence & DS
- IoT & Cyber Security
- Information Science & Engineering
- Electronics & Communication
- Mechanical Engineering
- Civil Engineering
- Agricultural Engineering

### M.Tech
- Computer Science & Engineering
- VLSI & Embedded Systems

### NURSING
**GNM**
**B.Sc Nursing**
**PB. B.Sc Nursing**
**M.Sc Nursing**

### LAW
**LLB**
- 3 Years Course

**BA LLB**
- 5 Years Course

### Science, Commerce & Arts
**BA**
- Economics | History | Political Science
- History | Tourism | Journalism
- Criminology | Psychology | Journalism

**MA**
- English | Economics | Kannada

**B.Sc Forensic Science**

**B.Sc Clinical Nutrition & Dietetics**

**B.Sc Food Science & Nutrition**

**B.Sc**
- Electronics | Mathematics | Computer Science
- Physics | Mathematics | Computer Science
- Psychology | Chemistry | Mathematics

**M.Sc**
- Computer Science | Inorganic Chemsitry
- Organic Chemistry | Physical Chemistry
- Botany

### College of Education
**B.Ed**

### Management Studies
**B.Com** | **B.Com** Logistics & Supply Chain Management

**BBA** | **BBA Aviation**

**BCA** | **MCA**

**BTTM** | **MTTM**

**BSW** | **MSW**

**MBA** (BNU/VTU)
- Marketing | Finance
- Human Resource
- Business Analytics
- Banking Finance & Insurance Services
- Logistics & Supply Chain Management
- Health Care Management
- Startups & SMES Management

**M.Com**

### Hotel Management
**BHM**

### Allied Health Sciences
**B.Sc**
- Anesthesia& Operation Theatre Technology
- Medical Imaging Technology

| 48 | 6000+ | 50+ | 600+ | 100% |
|---|---|---|---|---|
| YEARS OF EXCELLENCE IN EDUCATION | STUDENTS INCLUSIVE OF FOREIGN & NATIONAL | ACRE CAMPUS IN THE HEART OF THE CITY | EXPERIENCED FACULTY | PLACEMENT ASSISTANCE & INDUSTRIAL OPPORTUNITY |

PROGRESS THROUGH QUALITY EDUCATION

## S.E.A GROUP OF INSTITUTIONS

KR PURAM
BANGALORE, KARNATAKA
www.seaedu.ac.in

FOR ADMISSION CONTACT
SHINU ALIYAS
+91 9886 420018

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക


വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E--mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement Official




## പത്രാധിപ സമിതി



| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. വിജു ഏലിയാസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |





2022 - 2025 പത്രാധിപസമിതി: 'യുവജനം' ത്രൈമാസികയുടെ ആദ്യ ലക്കം മാവേലിക്കരയിൽ വച്ച് നടന്ന OCYM രാജ്യാന്തര സമ്മേളനത്തിൽ വെച്ച് പ്രകാശനം ചെയ്തപ്പോൾ...

## ഉൾതാളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം.................................02
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
മുഖമൊഴി.................................05
യൂഥിക
ലേഖനം.................................07
**ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചതുപോലെ....**
യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത
ലേഖനം.................................09
**അനിവാര്യമാകേ അതിജീവന ഉദ്യമങ്ങൾ**
ഡോ.ഗീവർഗ്ഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്താ
കവിത.................................11
**കൊളുത്തുകൾ** – ഡോ. ഐപ്പുരു ജോൺ
ലേഖനം.................................12
**എവിടെയും എങ്ങനെയും ഒന്നാമനാകുക** – ഷിജിയച്ചൻ കറ്റാനം
ലേഖനം.................................13
**മിഷന്റെ ഭാവങ്ങൾ** – ഫാ. ഫിലിപ്പ് തരകൻ
ജീവരേഖ.................................16
**അൽവാറീസ് മാർ യൂലിയോസ്: കരുണയുടെ അപ്പോസ്തോലൻ**
ഫീലിപ്പോസ് റമ്പാൻ
ലേഖനം.................................21
**സഹജീവന സ്നേഹം** – ബിനു പാപ്പച്ചൻ പുത്തൂർ
ചരിത്രരേഖ.................................23
**ഓർത്തഡോക്സ് യുവജനം** – റ്റിബിൻ ചാക്കോ
ലേഖനം.................................25
**വാർദ്ധക്യമേറുന്ന കേരളത്തിലെ ക്രൈസ്തവ സഭകൾ**
ഫാ. തോമസ് ചാണ്ടി
ലേഖനം.................................27
**വ്യവസ്ഥകളില്ലാത്ത ക്രിസ്തുവിനോടൊപ്പം...** – രെഞ്ചു.എം.ജെ.
ലേഖനം.................................29
**ക്രിസ്തുവോളം മുറിവേൽക്കുക... ക്രിസ്തുവോളം തന്നെ ...**
ബിബിൻ ബാബു കരുവാറ്റ
ലേഖനം.................................31
**പുനരുത്ഥാനത്തിന്റെ വസന്തം** – അബി എബ്രഹാം കോശി
ലേഖനം.................................34
**അതിജീവനത്തിന്റെ പാഠങ്ങൾ** – ലിഡ ഗ്രിഗറി
ലേഖനം.................................35
**ഭാഷയും സംസ്കാരവും** – തോമസ് ജോൺ
ലേഖനം.................................35
**ആധുനിക സമൂഹത്തിൽ സ്ത്രീയും വെല്ലുവിളികളും** – അഞ്ജു ബേസിൽ
ലേഖനം.................................40
**നമ്മൾ എന്തിന് വൈകിക്കുന്നു** – അനീഷ് ജേക്കബ് തയ്യിൽ
ലേഖനം.................................42
**അനന്തരം അവൻ അവരോടു പറഞ്ഞു** – ട്രീഷ്മ ടൈറ്റസ്
ലേഖനം.................................44
**പുനരുത്ഥാനത്തിന്റെ ശക്തി..** – അഡ്വ. രോഹിത് ജോൺ വർഗീസ്
ലേഖനം.................................45
**മുറിവുകൾക്ക് ഔഷധം വെയ്ക്കുന്ന കാലം** – നിബിൻ നല്ലവീട്ടിൽ
ലേഖനം.................................46
**സർക്കാർ സർവ്വീസിലെ വിവിധ തൊഴിൽ....** – ജോസി ജോൺ
ലേഖനം.................................53
**കേരളത്തിലെ യുവത നേരിടുന്ന....** – റോഷൻ റോയ്

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഇതാ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം (ദേവാലയം)



## പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

എല്ലാ സ്ഥാപിത മതങ്ങളിലും ആരാധനയ്ക്കായി കൂടിവരുവാൻ പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലങ്ങൾ ഉണ്ടല്ലോ, ദേവാലയം (Te-m-ple)-,- കൂടാരം (Tabe-r-nacle), ക്ഷേത്രം, അമ്പലം, പള്ളി, മോസ്ക്ക്, ഗുരുദ്വാര, മന്ദിരം എന്നിങ്ങനെ പേരുകൾ പലതാണെങ്കിലും അടിസ്ഥാനപരമായി ഇവയെല്ലാംതന്നെ ആരാധനയ്ക്കായി കൂടിവരുന്ന സ്ഥലങ്ങളാണ്.

മറ്റു പാരമ്പര്യങ്ങളിലെപ്പോലെതന്നെ യഹൂദാ-ക്രൈസ്തവ പാരമ്പര്യത്തിലും 'ദേവാലയം' വളരെ പ്രാധാന്യം അർഹിക്കുന്നതും പൗരാണികവുമായ ആശയമാണ്. അപ്രാപ്യനും അപരിമിതേയനും ആയ ദൈവം പ്രാപ്യാവസ്ഥയിൽ തന്റെ സൃഷ്ടിയോട് ഇടപെടുന്ന - ദൈവചൈതന്യം ദൃശ്യമാക്കുന്ന അനുഭവം. ഭാരതീയ ചിന്തയിലും തത്തുല്യമായ ഒരു സ്ഥാനമാണ് ദേവാലയത്തിനുള്ളത്. അദൃശ്യനായ ദൈവത്തെ ദൃശ്യാവസ്ഥയിലേയ്ക്ക് ആവാഹിച്ച് പ്രതിഷ്ഠിക്കുകയും അതിലൂടെ മനുഷ്യൻ സാന്നിദ്ധ്യസാമീപ്യ സാരൂപ്യാവസ്ഥകളിലൂടെ സായൂജ്യത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്ന അനുഭവം! 'ദേ' എന്ന സംസ്കൃത മൂലപദത്തിന് 'രക്ഷിക്കുക' എന്ന് അർത്ഥം. രക്ഷിക്കുന്നവൻ ദേവനും രക്ഷാപ്രവൃത്തി ദയയും രക്ഷയുടെ ഉത്ഭവസ്ഥലം ദേവാലയവുമാണ്. ഇത്തരത്തിൽ ആരാധനയ്ക്കായി കൂടിവരുന്ന സ്ഥലം എന്നതിലുപരി വിശാലമായ ഒരു അർത്ഥതലം പൗരസ്ത്യ പാരമ്പര്യങ്ങളിൽ ദേവാലയത്തിനുണ്ട്.

### 1. പ്രപഞ്ചം ദേവാലയം

ഗോത്രപിതാവായ യാക്കോബിന് തന്റെ ജീവിതസഖിയെ തേടിയുള്ള യാത്രയുടെ മദ്ധ്യത്തിൽ ദൈവസാന്നിദ്ധ്യം അനുഭവപ്പെടുന്നു. യഹോവ, ദേശം അവനെ ഏൽപ്പിക്കുകയും (ഉൽപ്പ. 28:13, 14) അവൻ മുഖാന്തിരം ഭൂമി അനുഗ്രഹിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ യാക്കോബ് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്: 'യഹോവ ഈ സ്ഥലത്തുണ്ട് സത്യം, ഞാനോ അത് അറിഞ്ഞില്ല. ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല; ഇത് സ്വർഗത്തിന്റെ

> **ഭാരതീയ ഭക്തിപാരമ്പര്യത്തിന്റെ പിതാവായ ശ്രീരാമാനുജൻ പ്രപഞ്ചത്തെ ദൈവത്തിന്റെ ശരീരമായാണ് വിശേഷിപ്പിക്കുന്നത്. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രപഞ്ചം ദൈവത്തിന്റെ സാന്നിദ്ധ്യത്തെ തന്നെയാണ് കാണിക്കുന്നത്.**

വാതിൽ തന്നെ' (ഉൽപ്പ 28:16, 17). യാക്കോബ് ആ സ്ഥലത്തിന് ബഥേൽ (ബയിത്തോദ് ആലോഹോ) ദൈവത്തിന്റെ ആലയം എന്ന് പേർ വിളിച്ചു; അവിടെ ആരാധന ആരംഭിച്ചു.

പ്രകൃതിയുടെ അധിപനായ ദൈവം പ്രകൃതിക്ക് അതീതനാണെങ്കിലും തന്റെ സാന്നിദ്ധ്യം അവൻ പ്രകൃതിയിലൂടെ സൃഷ്ടിക്ക് നൽകുന്നു. സീനായിയിൽ മോശയ്ക്കുണ്ടായ അനുഭവവും ഇസ്രായേലിന് മേഘസ്തംഭത്തിലൂടെയും അഗ്നിതൂണുകളിലൂടെയും കൊടുത്ത അനുഭവവും ഇത് വ്യക്തമാക്കുന്ന വയാണല്ലോ. യരുശലേം ദേവാലയ സ്ഥാപനത്തിനു മുമ്പുതന്നെ പ്രപഞ്ചത്തെ ദേവാലയമായി കണ്ടുകൊണ്ട് ദാവീദ് സങ്കീർത്തനങ്ങൾ

രചിച്ചിട്ടുള്ളതായി കാണുന്നു. (സങ്കീ. 26:8; 27:4). വേദാന്തിയായ ശ്രീ ശങ്കരൻ പ്രപഞ്ചത്തെ ബ്രഹ്മാവിഷ്ക്കാരമായി മനസ്സിലാക്കുന്നു. ഭാരതീയ ഭക്തിപാരമ്പര്യത്തിന്റെ പിതാവായ ശ്രീരാമാനുജൻ പ്രപഞ്ചത്തെ ദൈവത്തിന്റെ ശരീരമായാണ് വിശേഷിപ്പിക്കുന്നത്. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രപഞ്ചം ദൈവത്തിന്റെ സാന്നിദ്ധ്യത്തെ തന്നെയാണ് കാണിക്കുന്നത്. 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശതട്ട് അവന്റെ കൈവേലയെ കാണിക്കുന്നു' (സങ്കീ. 19).

## 2. സഭ ദൈവത്തിന്റെ ആലയം

പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഈ ദൈവത്തെ ഏകാഗ്രതയോടെ ആരാധിപ്പാൻ പ്രത്യേകം സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും അവയെ അതിവിശുദ്ധമായി കണക്കാക്കുകയും ചെയ്യുന്ന രീതിയും പൗരസ്ത്യ മതങ്ങളുടെ പ്രത്യേകതയാണ്. എബ്രായ മതത്തിന്റെ ആരംഭകാലങ്ങളിൽ ഇത്തരത്തിലുള്ള വിവിധ സ്ഥലങ്ങൾ കാണുന്നു (ഹെബ്രോൻ, ലൂസ്സ്, സീനായ് etc.). ഭാരത മതങ്ങളിലും ചില പർവ്വതങ്ങൾ, നദികൾ, വൃക്ഷങ്ങൾ മുതലായവയ്ക്ക് പ്രത്യേക സ്ഥാനം നൽകി അവിടെ ആരാധനാ സ്ഥാപനങ്ങളും സ്ഥാപനവൽക്കരിക്കുവാനുള്ള പ്രവണത ഉണ്ടായതായി കാണുന്നു. ഇസ്രയേൽ പാളയത്തിന്റെ മദ്ധ്യത്തിൽ സമാഗന കൂടാരവും യഹോവയുടെ തിരുനിവാസവും ഇത്തരത്തിൽ സ്ഥാപിതമാക്കുന്നു (പുറ. 25-40 അദ്ധ്യായങ്ങൾ). ഇങ്ങനെ ആരാധനയ്ക്കായി സമാഗമനകൂടരത്തിൽ കൂടിവന്ന ദൈവജനത്തെയാണ് 'സഭ' (Quhal Assembly) എന്ന് ആദ്യം വിവക്ഷിച്ചത്. അഥവാ ദൈവം വസിക്കുന്നത് തന്റെ ജനതയുടെ മദ്ധ്യത്തിലാണ്. ആ അനുഭവമാണ് സഭ.

മേച്ചിൽസ്ഥലങ്ങൾ നോക്കി കൂടാരമടിച്ച് പാർത്തിരുന്ന ജനത പിന്നീട് എന്തെങ്കിലും ഒരു സ്ഥലത്ത് സ്ഥിരതാമസക്കാരായി തീർന്നപ്പോൾ സ്ഥിരമായ ആരാധനാലയങ്ങൾ ഉണ്ടാക്കുവാനും ആരംഭിച്ചു. ശലോമോൻ യരുശലേം ദേവാലയം പണിതത് പട്ടണത്തിന്റെ ഹൃദയഭാഗത്താണ്. പുരാതന ക്രൈസ്തവ നഗരങ്ങളിലും, ഹൈന്ദവ നഗരങ്ങളിലും, മുസ്ലീം നഗരങ്ങളിലും പട്ടണമദ്ധ്യത്തിൽ ദേവാലയങ്ങൾ കാണാം. മിക്കവാറും ദേവാലയങ്ങളുടെ പേരുമായി ബന്ധപ്പെട്ടായിരിക്കും ആ പട്ടണങ്ങളുടെതന്നെ പേർ വിളിക്കുന്നത്. പട്ടണമദ്ധ്യേ വേർതിരിക്കപ്പെട്ടിരിക്കുന്ന 'ക്ഷേത്രം' (ദൈവത്തിന്റെ വാസസ്ഥലം, ദൈവ അധികാരം, വിശുദ്ധ സ്ഥലം, തീർത്ഥാടന സ്ഥലം എന്നെല്ലാം അർത്ഥം). പട്ടണത്തിന്റെ ഐശ്വര്യമായി വിളങ്ങുന്നു.

യഹൂദന്മാർക്കു മാത്രമായി യരുശലേമിൽ സ്ഥാപിതമായിരുന്ന ദേവാലയം പൊളിച്ച് ലോകത്തിന് മുഴുവനുമായി തന്നിൽതന്നെ അത് പണിയുകയായിരുന്നുവല്ലൊ ക്രിസ്തു ചെയ്തത്. മനോഹരവും ശക്തവുമായ യരുശലേം ദേവാലയം നശിക്കുമെന്നും (മത്തായി 24:2) താൻ അതിനെ പൊളിച്ച് മൂന്ന് ദിവസംകൊണ്ട് പണിയുമെന്നും (യോഹ. 2:19) പ്രഖ്യാപിച്ച അദ്ദേഹം ഇസ്രായേൽ പാളയത്തിനുപുറത്ത് സർവ്വസൃഷ്ടിയുടേയും മോചനത്തിനായി കൈപ്പണിയില്ലാത്ത തികവേറിയ കൂടാരത്തിൽ (വി. സഭ) രക്തത്താൽ വി. ബലി അർപ്പിക്കുന്നു (എബ്രായ 9:11-12). ക്രിസ്തുവിന്റെ ഈ പരമയാഗം സൃഷ്ടിയുടെ മോചനത്തിനായി നിത്യമായി വെളിപ്പെടുന്നതാണ് (ആയിരിക്കണം) വി. സഭ. ചുരുക്കത്തിൽ പ്രപഞ്ചസ്രഷ്ടാവായ ദൈവം തന്റെ രക്ഷണ്യപ്രവൃത്തിയിലൂടെ പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പ് സാദ്ധ്യമാക്കിതീർത്തതിന്റെ ശാശ്വത സ്മാരകങ്ങളാണ് വി. ദേവാലയങ്ങൾ. ദേവാലയത്തിൽ നിന്നും ഉയരുന്ന മണിനാദം ഇതാണ് നമ്മെ ഓർമ്മിപ്പിക്കേണ്ടത്. പുരാതന ദേവാലയങ്ങളിലെല്ലാം പ്രപഞ്ചത്തെ പ്രതിനിധീകരിക്കത്തക്കനിലയിൽ കൊത്തുപണികൾ നടത്തിയിരിക്കുന്നത് ഈ അർത്ഥത്തിലാണ്. വിരിക്കൂട്ടിൽ പ്രപഞ്ചത്തെ കുറിക്കുന്ന ചുവപ്പുനിറവും അതിനു മദ്ധ്യത്തിൽ ജീവപ്രകൃതിയെ കുറിക്കുന്ന പച്ചനിറവും അതിനു മദ്ധ്യത്തിൽ സഭയെ കുറിക്കുന്ന മഞ്ഞ/വെള്ള നിറവും വളരെ പ്രതീകാത്മകങ്ങളാണ്. ഈ വിരിക്കൂട്ട് ദൈവിക സിംഹാസനമായ നിയമപ്പലകയിന്മേൽ (തബലൈത്താ) വിരിച്ച് അതിന്മേലാണല്ലോ വി. ബലി അർപ്പിക്കുന്നത്.


## 3. മനുഷ്യൻ ദൈവത്തിന്റെ ആലയം

ദൈവരൂപത്തിലും സാദൃശ്യത്തിലും ദൈവത്താൽ പണിയപ്പെടുകയും തന്റെ ജീവശ്വാസത്താൽ ജീവനിലേക്ക് വരുകയും ചെയ്തവനാണല്ലോ

മനുഷ്യൻ. അതുകൊണ്ട് തന്നെ അവൻ ദൈവാത്മാവിന്റെ വാസസ്ഥലമാണ്. ആദാമിൽ കണ്ട ജീവചൈതന്യം ദൈവത്തിന്റെ തന്നെയായിരുന്നു. എന്നാൽ തന്നിലുള്ള ഈ ആത്മ ചൈതന്യത്തെ കണക്കിടാതെ മനുഷ്യമനസ് പദാർത്ഥത്തിലേക്ക് തിരിയുന്ന ദയനീയ ചിത്രമാണ് പിന്നീട് സൃഷ്ടി ചരിത്രത്തിൽ കാണുന്നത്. ഇതിനെ പാപം, അവിദ്യ, അജ്ഞാനം, അന്ധകാരം ഇങ്ങനെ പല രീതിയിൽ പറയുന്നു. ഈ അന്ധകാരം നീക്കിക്കളഞ്ഞ് വ്യക്തിയിലുള്ള ജീവാത്മാവ് പരമാത്മാവ് തന്നെയെന്ന് കണ്ടെത്തുകയും അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുന്ന പ്രക്രിയയെ ആണല്ലോ വേദാന്തികൾ 'ആത്മസാക്ഷാത്കാരം' എന്ന് വിളിക്കുന്നത്. പ. പൗലൂസ് ശ്ലീഹാ വീണ്ടും ജനനം എന്ന് പറയുമ്പോഴും ഇതേ ആശയം മറ്റൊരു രൂപത്തിൽ വ്യാഖ്യാനിക്കുകയല്ലേ ചെയ്യുന്നത്. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ ?.... ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ; നിങ്ങളും അങ്ങനെ തന്നെ' (1 കൊരിന്ത്യ. 3:16 - 16). ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത് എന്ന് അദ്ദേഹം പ്രഖ്യാപിക്കുമ്പോൾ തന്റെ ശരീരമാകുന്ന ദേവാലയത്തിൽ ദൈവം വസിക്കുന്ന അനുഭവം അദ്ദേഹം സാക്ഷാത്കരിക്കുകയാണ്.

ക്രിസ്തു നമ്മിൽ വസിക്കുകയും നാം അവനിൽ വസിക്കുകയും ചെയ്യുന്ന അനുഭവം (യോഹ. 15:4). 'കണ്ടാലും ഞാൻ വാതില്ക്കൽ നിന്ന് മുട്ടുന്നു...' അതെ, മനുഷ്യഹൃദയം ദൈവത്തിന്റെ വാസസ്ഥലമാണ്. നിർമ്മിത ദേവാലയങ്ങൾ ദൈവത്തിനു വേണ്ടിയുള്ള മനുഷ്യന്റെ കൈപ്പണിയാണെങ്കിൽ 'മനുഷ്യൻ' ദൈവത്തിന്റെ തന്നെ കൈപ്പണിയായ ദൈവമന്ദിരമാണ്. അപരിമിതേയനായ ദൈവം പ്രപഞ്ച രക്ഷയ്ക്കുവേണ്ടി പരിമിതനായപ്പോൾ അവൻ മനുഷ്യ ശരീരമാണല്ലോ തന്റെ വാസസ്ഥലമാക്കിയത്. അവനിലൂടെ (പുത്രൻ) മനുഷ്യശരീരത്തിന്റെ നശ്വരത അവസാനിക്കുകയും അത് അനശ്വരദേവാലയമായി മാറ്റപ്പെടുകയും ചെയ്യുന്നു. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും' (യോഹ. 6:56). അവനിൽ നിത്യജീവനുണ്ട് (6:54). ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലുള്ള പങ്കാളിത്തമാണ് നമ്മെ അനശ്വരരാക്കുന്നത്. അനശ്വരതയിൽ മാത്രമെ ദൈവത്തിന് നിത്യവാസം ചെയ്യാൻ കഴിയൂ. അഥവാ പ്രപഞ്ചമെന്ന ദേവാലയം സഭയിലൂടെ വ്യക്തിതലത്തിൽ എത്തുമ്പോൾ അത് അനശ്വരവൽക്കരിക്കപ്പെടുകയാണ്. ദൈവവുമായി ഏകീഭവിക്കപ്പെടുകയാണ്, മറ്റു ദേവാലയങ്ങൾ മനുഷ്യനെന്ന ആത്യന്തിക ദേവാലയത്തിന്റെ ദൃഷ്ടാന്തങ്ങളൊ നിദർശനങ്ങളൊ മാത്രം.





EDITORIAL



**ഫാ. ലൂക്ക് ബാബു**
(യൂഥിക)

# വാക്കുകൾക്കതീതം...

യുവജനപ്രസ്ഥാനത്തിന്റെ വചിക്കുന്ന ജിഹ്വയാണ് 'യുവജനം' ത്രൈമാസിക. സൗഹൃദത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും വിശ്വാസത്തിന്റെയും പഠനത്തിന്റെയും ഭരമേൽപ്പിക്കപ്പെടലിന്റെയും ദിശാബോധത്തിന്റെയും വിശാലമായ ഇടം കൂടിയാണത്. യുവജനം ത്രൈമാസിക. കേവലം അക്ഷരങ്ങൾ കൂടിക്കലർത്തിയ പുസ്തക ചുരുളുകൾ മാത്രമല്ല, മറിച്ച് കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെയും തിരിച്ചറിവിനെയും സംവദിക്കുവാനും മനസ്സിലാക്കുവാനും പര്യാപ്തമായ വർണാതീത ലിപികളാൽ കോറിയിടുന്ന ആത്മീയ വല്ക്കം കൂടിയാണത്. സർഗാത്മകയുടെ സൗന്ദര്യവും വിശ്വാസ പഠനത്തിന്റെ ഹൃദ്യതയും കൂടിക്കലർന്ന ഒരാത്മാവ് യുവജനം മാസികയുടെ ഉൾത്തടങ്ങളിൽ ഹൃദയമിടിപ്പോടെ പ്രത്യക്ഷപ്പെടാറുണ്ട്. കാലഘട്ടങ്ങളുടെ കേളികൊട്ടലുകളെയും ജീവിത സരണികളിൽ വിചിന്തനത്തിന്റെ ഋതുഭേദ വ്യതിചലനങ്ങളെയും ധാർമികനീതിയെ പിന്തുടരുവാനുള്ള ശ്രേഷ്ഠ മൂല്യങ്ങളെയും ഉൾക്കൊള്ളുവാനും യുവജനങ്ങളെ ആശ്ലേഷിപ്പിക്കുവാനും ഈ മാസിക വഴിയൊരുക്കുന്നുണ്ട്. ഇനിയും കൂടുതൽ മേന്മയാൽ പരിലസിക്കട്ടെ എന്ന് ആശിക്കുന്നു.

കഴിഞ്ഞ മൂന്നു വർഷക്കാലമായി ക്രമമായും മനോഹരമായും മാസിക ഇറക്കുവാൻ കഴിഞ്ഞതിൽ തികഞ്ഞ ചാരുതാർത്ഥ്യമുണ്ട്. കോവിഡാനന്തരം മാസിക പുനരാവിഷ്കരിക്കുവാനും പുതുജീവൻ നൽകുവാനും ഈ പത്രാധിപ സമതിയ്ക്ക്

കഴിഞ്ഞു എന്നത് ദൈവഹിതത്തിന്റെ നേർസാക്ഷ്യം കൂടിയാണ്. മഹനീയമായൊരു പ്രസ്ഥാനത്തിന്റെ വലിയ ഉത്തരവാദിത്വബോധമുള്ള ചുമതലയാണല്ലോ മാസിക യുടെ പത്രാധിപസമിതിക്കുള്ളത്. യുവജന ത്രൈമാസിക യ്ക്ക് ഈ കാലഘട്ടത്തിൽ വേണ്ടതായ നേതൃത്വം മാർഗ്ഗനിർദ്ദേശവും പ്രചോദനവും ഉൾക്കരുത്തും നൽകി ഈ മാസികയുടെ എല്ലാ പുരോഗതിക്കും മുഖ്യ പങ്കുവഹിച്ചത് പ്രസ്ഥാനത്തിന്റെ പ്രസിഡൻറ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയാണ്. പിതാവിന്റെ ദീർഘവീക്ഷണങ്ങളിൽ ഒന്നായിരുന്നു യുവജനം മാസികയുടെ ക്രമമായ പ്രസിദ്ധീകരണവും എല്ലാവരിലും കൃത്യമായി എത്തിക്കണം എന്നുള്ള നിശ്ചയദാർഢ്യവും. അത് ഏറെക്കുറെ സാധ്യമായി എന്ന് വിശ്വസിക്കുന്നു... അഭിവന്ദ്യ പിതാവിന് വിധേയത്വ പൂർവമായ നന്ദിയും സ്നേഹവും കടപ്പാടും അറിയിച്ചു കൊള്ളുന്നു. പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ട് ബഹുമാനപ്പെട്ട ഷിജി കോശി അച്ചൻ ... പ്രസ്ഥാനത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം മാസികയുടെ പ്രസിദ്ധീകരണത്തിൽ അതിയായ ശ്രദ്ധ ചെലുത്തുകയും ചില പ്രയാസ ഘട്ടങ്ങളിൽ വളരെ തന്മയത്വത്തോടെ വേണ്ടതായ നിർദേശങ്ങളും ഉപദേശങ്ങളും നൽകി പ്രവർത്തനങ്ങൾക്ക് സഹായസഹകരണം നൽകിയി ട്ടുണ്ട്... സ്നേഹപൂർവ്വമായ നന്ദി . ജനറൽ സെക്രട്ടറി ബഹുമാനപ്പെട്ട വിജു ഏലിയാസ് അച്ചൻ... പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് സജീവത നൽകുന്നതോടൊപ്പം മാസികയുടെ എല്ലാ കാര്യങ്ങളിലും വളരെ ഉത്സാഹപൂർവ്വം സമീപിക്കുകയും കൃത്യമായ ഇടപെടലുകൾ നടത്തി എല്ലാ പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ. പേൾ കണ്ണേത്ത്... ഒരു ട്രഷറർ എന്ന നിലയിൽ മാത്രമല്ല ഈ മാസികയുടെ കെട്ടുറപ്പും മനോഹാരിതയും പരിപാലിക്കുന്നതിനും കൃത്യമായ പ്രചോദനം നൽകി മാസിക എത്തിച്ചേരണമെന്ന് അതിയായി ആഗ്രഹിക്കു കയും മാസികയ്ക്ക് വേണ്ടി പ്രയത്നിച്ച് പ്രവർത്തിച്ചു... ഹൃദയംഗമായ നന്ദി സമർപ്പിക്കുന്നു. ശ്രീ. ബിനു പാപ്പച്ചൻ... മാസിക പബ്ലിഷർ, തന്നിലേൽപ്പിച്ച ഉത്തര വാദിത്വം പൂർണമായി ഉൾക്കൊണ്ട് പ്രസിദ്ധീകരണത്തിനും മാസികയുടെ പുരോഗാത്മകമായ ക്രമീകരണങ്ങളും ഉചിതമായ രീതിയിൽ പ്രവർത്തിച്ച് തന്റെ കടമ നിർവ്വ ഹിച്ചിരിക്കുന്നു... സ്നേഹാമൃതമായ നന്ദി. പത്രാധിപ സമിതിയിലേക്ക് യുവജനപ്രസ്ഥാനം തെരഞ്ഞെടുക്കപ്പെട്ട രണ്ട് സഹോദരങ്ങൾ... ശ്രീ. ബിബിൻ ബാബു കരുവാറ്റ, ശ്രീ റ്റിബിൻ തേവർവേലിൽ. പ്രസ്ഥാനം അവരെ ഏൽപ്പിച്ച ഉത്തരവാദിത്വം എന്താണോ അതിൽ പരിപൂർണ്ണമായ വിശ്വസ്ത അർപ്പിച്ച് പ്രവർത്തിച്ച രണ്ട് സൗഹൃദങ്ങളാണ്. മാസിക ഇറക്കുന്നതിനുള്ള എല്ലാവിധ സാമ്പത്തിക സഹായങ്ങളുടെയും ഏറിയ പങ്കു കണ്ടെത്തിയത് ശ്രീ ബിബിൻ കരുവാറ്റയാണ്. അത് വളരെ ശ്രമകരമായ ഒന്നായിരുന്നെങ്കിലും തനിൽ ഏൽപ്പിക്കപ്പെട്ട ഉത്തരവാ ദിത്വത്തെ ആത്മാർത്ഥതയോടും ഉത്സാഹപരമായും നിർവഹിച്ചു. എല്ലാ യൂണിറ്റുകളിലും മാസിക എത്തിക്കു വാൻ പോസ്റ്റൽ കാര്യങ്ങൾ നിർവഹിച്ചത് ശ്രീ. റ്റിബിൻ തേവർവേലിൽ ആണ്. 750 ലധികം മാസിക പോസ്റ്റൽ വഴി അയക്കുക എന്നത് അല്പം ശ്രമകരമായ ഉദ്യമമാണ്. എങ്കിലും വളരെ ഉത്സാഹപൂർവ്വം ശ്രീ.റ്റിബിൻ അത് നിർവഹിച്ചു. രണ്ടുപേരുടെയും പ്രവർത്തനങ്ങൾക്ക് നിസീമമായ നന്ദിയും സ്നേഹവും സമർപ്പിക്കുന്നു .

ഈ കാലഘട്ടത്തിൽ മാസികയുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ഉത്സഹവുമായിരുന്ന എല്ലാ സൗഹൃദ ങ്ങളെയും പ്രത്യേക സ്നേഹത്തോടെ ഓർക്കുന്നു. പ്രത്യേകിച്ച് കേന്ദ്ര കമ്മിറ്റി അംഗങ്ങൾ, കേന്ദ്ര അസംബ്ളി അംഗങ്ങൾ, പ്രസ്ഥാനത്തിന്റ കേന്ദ്ര ഓഡിറ്ററുമാർ, ഓഫീസ് കാര്യനിർവഹണം ചെയ്യുന്ന ശ്രീ ഷിബു മാത്യു തുടങ്ങിയ എല്ലാവർക്കും നന്ദി... യുവജനം മാസികയുടെ വളർച്ച യ്ക്കും പുരോഗതിക്കും, പ്രസ്ഥാനത്തിന് അകത്തു നിന്നും പുറത്തുനിന്നും സാമ്പത്തിക സഹായങ്ങൾ തന്ന് മാസികയെ പുനരുജ്ജീവിപ്പിച്ച എല്ലാ നല്ല സൗഹൃദ ങ്ങൾക്കും നന്ദി... കാലമെന്നെ എൽപ്പിച്ച ദൗത്യത്തിനും ദൗത്യത്തെ നിർവ്വഹിക്കുവാൻ പ്രാപ്തനാക്കിയ ദൈവത്തി നും, നിങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസത്തിനും നന്ദി...

സ്നേഹപൂർവ്വം,
ചീഫ് എഡിറ്റർ






**യൂഹാനോൻ മാർ പോളിക്കാർപ്പോസ്**
**മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, മദ്യവർജ്ജന സമിതി)

# ചങ്ങലക്ക് ഭ്രാന്ത് പിടിച്ചതുപോലെ...

ലോകം അതിവേഗം ഓടുകയാണ് എങ്ങോട്ടെന്നില്ലാതെ എന്തിനെന്നറിയാതെ , അതിനൊപ്പം ജീവിതം കെട്ടിപ്പടുക്കുവാൻ നാം ഓരോരുത്തരും ഓടുകയാണ്, എന്നാൽ ജീവിത താളം എവിടെയൊക്കയോ കൈവിട്ട് പോവുകയാണ്, എല്ലാം നേടാൻ ഉള്ള വ്യഗ്രതയിൽ , സ്വന്തം കാൽ കീഴിന് ചുവട്ടിലെ മണ്ണ് ഒലിച്ചു പോവുന്നത് അറിയുന്നില്ല കാണുന്നില്ല. എങ്ങോട്ടാണ് നാം ഓരോരുത്തരും ഓടി ഓടി എത്താൻ ശ്രമിക്കുന്നത് ?? കവി പറഞ്ഞ പോലെ കേവലം ആറടി മണ്ണിന്റെ ജന്മികൾ മാത്രമാണ് നാം ഓരോരുത്തരും...

സ്വാർത്ഥത കൊണ്ട് നമുക്ക് നഷ്ടമാവുന്നത് നമ്മുടെ ബാല്യം, കൗമാരം, യൗവ്വനം ഒക്കെ ആണു, നാം നമുക്ക് ചുറ്റും കണ്ണോടിക്കാൻ ഒന്ന് ശ്രമിക്കണം , ചെയ്യില്ല കാരണം മനുഷ്യനെ പോലെ സ്വാർത്ഥതയുള്ള ഒരു ജീവിയും സർവ്വഭൂമിയിലും ഉണ്ടാവില്ല, ഏദൻ തൊട്ടത്തിലും ഇതെ സ്വാർത്ഥത തന്നെ ആണ് നാം കാണുന്നത്തും, ഒന്നിലും തൃപ്തി ഇല്ലാത്ത വിഭാഗം, കുറ്റപ്പെടുത്തലല്ല ഒരു പുനർവിചന്തനം ആവശ്യമാണ്, ആരോടും ബഹുമാനവും , ആരോടും ഭയവും, ആരോടും സ്നേഹവും ഇല്ലാത്ത ലോകത്ത് വളരുന്ന , ജീവിക്കുന്ന ആളുകൾ അവർ ഇന്ന് ജീവിതം ആസ്വദിക്കുന്നത് മുഴുവൻ ലഹരിയിൽ ആണ്... വിവിധതരം ലഹരി. അത് എത്തിക്കുന്നത് ഒരു മായ ലോകത്തും, പ്രധാനമായും പണം കണ്ടെത്തുക ആണു ലക്ഷ്യം പക്ഷെ പണ സമ്പാദനം ആണ് ജീവിതമെന്ന് പഠിപ്പിക്കുന്ന അച്ഛനമ്മമാർക്ക് തന്നെ മക്കൾ ഉദകക്രിയ ചെയ്യുന്നത് നമുക്ക് ചുറ്റും കണ്ണോടിക്കുമ്പോൾ നാം കാണുകയാണ് , നമുക്ക് ചുറ്റും ആയിരക്കണക്കിന് വൃദ്ധസദനങ്ങൾ കൂൺ പോലെ ഉയരുകയാണ് എന്ത് കൊണ്ടാവും?? അമ്മയെയും അച്ഛനെയും നോക്കാൻ പറ്റാത്ത തരത്തിൽ മക്കൾ എങ്ങോട്ടാണ് പോവുന്നത് ആരാണ് ഉത്തരവാദി , മദ്യ ലഹരിയിലും , കഞ്ചാവിന്റെയും ലഹരിയിലും സ്വന്തം പിതാവിനെ പേടിച്ചു മകൾക്ക് വീട്ടിൽ ഇരിക്കാൻ പറ്റാത്ത കാലത്ത് നിന്നും രാസലഹരിയുടെ അടിമയായ അമ്മയുടെയും ആൺ സുഹൃത്തിന്റെയും ശല്യം മൂലം ബാല്യം ഹോമിക്കുന്ന പെൺകുട്ടികൾ, ഇന്ന് പത്ര - ദൃശ്യ - സാമൂഹിക മാധ്യമങ്ങൾ കാണുമ്പോൾ എന്നും ചുറ്റിലും നടക്കുന്നത് മനുഷ്യ മന:സാക്ഷിയെ നടുക്കന്ന സംഭവങ്ങൾ തന്നെ ആണ് , ഓരോ സംഭവവും എടുത്ത് നോക്കുമ്പോൾ അത് ലഹരിയുടെ അമിത

ഉപയോഗം കൊണ്ട് ഉണ്ടാവുന്നതാണ് 99 ശതമാനവും എന്ന് പറയാതെ നിവർത്തിയില്ല .

**ഏതൊക്ക തരത്തിൽ ആണ് ലഹരി നമ്മുടെ സമൂഹത്തെ ഇല്ലായ്മ ചെയ്യുന്നത്?**

പണത്തിനു വേണ്ടി സിരകളിലൂടെ ഒഴുകുന്ന രക്തത്തിനു മീതെ ലഹരി ഒഴികിയപ്പോൾ അവൻ ജന്മം നൽകിയ അമ്മയെയും അച്ഛനെയും യാതൊരു കൂസലും ഇല്ലാതെ വെട്ടി കൊന്നിട്ട് നവമാധ്യമത്തിൽ ലൈവ് ഇട്ടു ...

ജീവൻ രക്ഷിക്കേണ്ട ഡോക്ടർമാർ പോലും പലരും രാസലഹരിക്ക് അടിമപ്പെട്ട് മറ്റുള്ളവരുടെ ജീവൻ എടുക്കുന്ന തരത്തിൽ , അതെ പോലെ നാളെയുടെ പൗരന്മാരെ വാർത്തടുക്കേണ്ട ഒരു അധ്യാപകൻ ലഹരിയുടെ ഉപയോഗം മൂലം ഒരു ഡോക്ടറെ കുത്തി കൊന്നത് കണ്ടിട്ടും അധികം ആയില്ല, എന്തിനു ഉപദേശങ്ങൾ നൽകേണ്ട പുരോഹിത വൃന്ദവും ഒരു തരം ലഹരിക്ക് അടിമപ്പെട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ആരെയാണ് നാം കുറ്റപ്പെടുത്തേണ്ടത്, സർക്കാരുകൾ പോലും ചെയ്യുന്നത് ബോധവൽക്കരണവും വിപണനവും ആണ് അതിലും രസകരം ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നത് ഉപയോഗിക്കുന്നവരോട് ആണോ , അതോ ഉപയോഗിക്കാൻ സാധ്യത ഉള്ളവരോട് ആണോ, അതോ ഉപയോഗിക്കാത്തവരോട് ആണോ? പൊതുവെ മലയാളിയെ സംബന്ധിച്ചു അവന്റെ സ്വന്തം വീട്ടിൽ എന്തെങ്കിലും സംഭവിച്ചാൽ മാത്രേ അത് അവനു പ്രശനമാവും, ആരാന്റെ അമ്മക്ക് ഭ്രാന്ത് പിടിച്ചാൽ അത് കണ്ട് രസിക്കാതെ അത് നാളെ സ്വന്തം ഇടത്തും സംഭവിക്കുമെന്ന് നാം ബോധവൽക്കരിക്കാൻ സ്വയം തയാറാവണം, മാറേണ്ടത് നാം തന്നെ ആണ്, നമ്മുടെ കാഴ്ചപ്പാടുകൾ തന്നെ ആണ്, നുരയുന്ന പതയിലൂടെ എരിയുന്ന ജീവനുകൾ ഇനി ഉണ്ടാവാതെ ഇരിക്കാൻ നാം ഓരോരുത്തരും ഉണർന്ന് പ്രവർത്തിക്കണം അല്ലങ്കിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞത് അർത്ഥവത്താവും ഒരു ഭ്രാന്താലയത്തിൽ തന്നെ ആവും നാം ജീവിക്കുന്നത് അപ്പോൾ ചങ്ങലക്കും ഭ്രാന്ത പിടിക്കുന്നത് സ്വഭാവികവും അല്ലേ....

**ചില സമകാലീന സംഭവങ്ങൾ ലഹരിയുടെ ഭീകരാവസ്ഥയെ വെളിപ്പെടുത്തുന്നതാണ്. ചില ഉദാഹരണങ്ങൾ നോക്കാം..**

- **വെള്ളറയിൽ മകൻ അച്ഛനെ കൊലപ്പെടുത്തുന്നു...**

  **പ്രതി ലഹരിക്ക് അടിമ**
- 12/1/2025 ഒരു ചെറുപ്പക്കാരൻ ഒരു വീട്ടിലെ മൂന്ന് പേരെ കമ്പിവടിക്ക് അടിച്ചുകൊല്ലുന്നു...

  **പ്രതി ലഹരിക്ക് അടിമ**
- 18/1/2025 മകൻ അമ്മയെ കഴുത്തറത്ത് കൊല്ലുന്നു.

  **പ്രതി ലഹരിക്ക് അടിമ**
- 3/2/2025 പാലക്കാട് ചെന്താമര രണ്ട് പേരെ വെട്ടി കൊല്ലുന്നു..

  **പ്രതി ലഹരിക്കും അന്ധവിശ്വാസത്തിനും അടിമ.**
- 10/2/2025 തൃശൂർ കൊടുങ്ങല്ലൂരിൽ മകൻ അമ്മയെ കഴുത്തറുത്തു... അമ്മ അതീവ ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിൽ...

  **പ്രതി ലഹരിക്ക് അടിമ** (24 കാരൻ)
- കഴിഞ്ഞ ദിവസം അപ്പനാണെന്ന് ഞാൻ നോക്കില്ല കുത്തി കുടലെടുക്കും എന്ന് പറഞ്ഞ് അപ്പനെ തല്ലുന്ന, ലഹരിക്ക് അടിമയായ 17 കാരനെയും നമ്മൾ കണ്ടു...

വർഷം തുടങ്ങി ഒരു മാസവും 10 ദിവസവും ആയപ്പോഴേക്കും എട്ടു മരണം നടന്നു... അതും ലഹരിക്ക് അടിമപ്പെട്ട് അബോധാവസ്ഥയിൽ ആയ ഇരുകാലികളുടെ കൈകളാൽ..

**ശ്രദ്ധിക്കുക....**

കേരളം ലഹരിയുടെ പിടിയിൽ അമർന്നു കഴിഞ്ഞു... കുഞ്ഞുങ്ങൾ വരെ അബോധാവസ്ഥയിലാണ്....

**പൊതുജനങ്ങളോട് എനിക്കൊരു മുന്നറിയിപ്പ് നൽകാനുണ്ട്...**

എം.ഡി.എം.എ .എന്ന മയക്കുമരുന്ന് അതീവ അപകടകാരിയാണ്... ഉപയോഗിച്ചവൻ ഉപയോഗിച്ചതായിട്ട് നമ്മൾക്ക് അറിയാൻ സാധിക്കില്ല... ആയതിനാൽ പരിചയമില്ലാത്തവരും പരിചയമുള്ളവരുമായ ആരും എന്തുപറഞ്ഞാലും കൂടുതൽ അവരുമായി ഉടക്കാൻ നിൽക്കണ്ട.. **അവർ വയലന്റ് ആകുന്നതും ആക്രമിക്കുന്നതും മിന്നൽ വേഗത്തിലായിരിക്കും...**

അതാണ് ആ ലഹരിയുടെ പ്രത്യേകത..
സൂക്ഷിക്കുക.

ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം
ത്രൈമാസിക




# അനിവാര്യമാകേണ്ട അതിജീവന ഉദ്യമങ്ങൾ

**ഡോ.ഗീവർഗ്ഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്താ**
(സുൽത്താൻബത്തേരി ഭദ്രാസനം)



ജീവന്റെ വ്യക്തിപരവും സാമൂഹികവുമായ തലങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ വിധ്വംസക പ്രവർത്തനങ്ങൾ ശക്തി പ്രാപിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. ജീവനും, സമൃദ്ധമായ ജീവനും ക്രിസ്തു വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പൂർണ്ണ അർത്ഥത്തിൽ വികാസം പ്രാപിക്കുവാൻ പ്രയാസമാകുന്ന അന്തരീക്ഷമാണ് ഇന്നുള്ളത്. ജീവനെ നിലനിർത്തുവാൻ അതിജീവനം ആവശ്യമായിരിക്കുന്നു. പ്രതിലോമ ശക്തികളെ തിരിച്ചറിയുകയും അവയെ പ്രതിരോധിക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു. ഇത് ഒരു ജീവനകലയാണ്. ജീവനെ സംരക്ഷിക്കുവാൻ ശക്തവും വ്യക്തവുമായ നിലപാടുകൾ എടുക്കേണ്ട ഒരു ഗണമാണ് യുവാക്കൾ. ഏതു സമൂഹത്തിന്റെയും പ്രതീക്ഷ നിലനിൽക്കുന്നത് യുവാക്കളിലാണ്. സ്വതന്ത്രവും, നീതിയധിഷ്ഠിതവും, ധാർമ്മികാടിത്തറയുള്ളതുമായ യുവജന നേതൃത്വത്തിനു മാത്രമേ നിരാശാഭരിതമായ നമ്മുടെ സമൂഹത്തിന് പുത്തൻ പ്രതീക്ഷകൾ നൽകുവാൻ കഴിയൂ. നവസമൂഹസൃഷ്ടിക്ക് യുവജനങ്ങളുടെ സംഭാവന നിർണ്ണായകമാണ്. ജീവനെ പിച്ചിചീന്തുന്ന ശക്തികൾക്കെതിരായ ശക്തമായ അതിജീവന മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകേണ്ടത് യുവജനങ്ങളാണ്.

വ്യാപകമാകുന്ന സാമൂഹിക വിപത്തുകളെക്കുറിച്ച് ജാഗരൂകരാകുവാൻ ചിലതുമാത്രം കുറിക്കട്ടെ.

**1. സമൂഹത്തെ കാർന്നു തിന്നുന്ന അഴിമതി**

സമൂഹത്തിൽ അഴിമതി ഒരു മഹാവ്യാധിയായി മാറിയിരിക്കുന്നു. ഉപയോഗസംസ്ക്കാരത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ശക്തമായ കുത്തൊഴുക്കിൽപ്പെട്ട് മനുഷ്യന്റെ ഭോഗാസക്തികൾ വർദ്ധിച്ചിരിക്കുന്നതാണ് അഴിമതിയ്ക്ക് കാരണം. അനധികൃതമായത് സമ്പാദിച്ച് സുഖലോലുപതയിൽ രമിച്ചു ജീവിക്കുകയാണ് ഒരു പറ്റം ആളുകൾ. "ഉണ്ണുവാനും ഉടുക്കുവാനുമുണ്ടെങ്കിൽ അതുമതി" എന്ന സംതൃപ്തിപരമായ ജീവിതശൈലിയാണ് ആഢംബരവും അഴിമതിയും നിറഞ്ഞ സമൂഹത്തിനുള്ള അതിജീവനരസതന്ത്രം.

അധികാരഭ്രമമാണ് അഴിമതിയിലേക്ക് നയിക്കുന്നത്. ഏതു മാർഗ്ഗത്തിലൂടെയും അധികാരം കൈയ്യടക്കുവാൻ

ശ്രമിക്കുമ്പോൾ അഴിമതിയുടെ മാർഗ്ഗത്തിലൂടെ ആ ലക്ഷ്യം നേടിയെടുക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്ന ആശയം സമൂഹത്തിൽ പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. "സമ്പൂർണ്ണാധികാരം സമൂലമായി ദുഷിപ്പിക്കുമെന്ന" ആക്റ്റൺപ്രഭുവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. മാർഗ്ഗവും ലക്ഷ്യവും ഒരുപോലെ സംശുദ്ധമായിരിക്കണമെന്ന ക്രിസ്തീയ ആശയം ശക്തമായി സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടവർ യുവജനങ്ങളാണ്.

ഏതു മാർഗ്ഗത്തിലൂടെയും പണം സമ്പാദിക്കുക എന്നതാണ് ഇന്നിന്റെ ആപ്തവാക്യം. എന്നാൽ പണമല്ല ജീവിതത്തിന്റെ വിജയ രഹസ്യമെന്ന് അനേകം മഹാത്മാക്കൾ നമുക്ക് മാതൃക നൽകിയിട്ടുള്ളത് നാം മറന്നുകളയരുത്. ഞെട്ടിപ്പിക്കുന്ന അഴിമതിചരിത്രമാണ് പുറത്തുവരുന്നത്.

**2. മതതീവ്രവാദം**

ഭീതിദത്തമായ ഭീകരപ്രവർത്തനങ്ങൾ സമൂഹത്തിന്റെ പൊതുനന്മയെ തല്ലിക്കെടുത്തുന്നതാണ്. സ്വതന്ത്രവും, നീതിയുക്തവുമായ ഒരു സമൂഹത്തിൽ മാത്രമേ ജീവിതം സുരക്ഷിതവും സന്തോഷപ്രദവുമാകൂ. അങ്ങനെയുള്ള ഒരു സമൂഹത്തിൽ മാത്രമേ മാനസികോല്ലാസവും ആരോഗ്യവുമുള്ളവരും ഉണ്ടാകൂ. സമൂഹത്തിന്റെ വിളക്കായും ഭൂമിയുടെ ഉപ്പായും മാറേണ്ട യുവജനങ്ങൾ ഭീകരപ്രവർത്തനങ്ങളിലേക്ക് വഴുതി വീഴുന്നത് ഒരു ദുരന്തം തന്നെയാണ്. മനുഷ്യനെ ഈശ്വരനിലേക്ക് നയിക്കേണ്ടതാണ് മതങ്ങൾ. ഭീകരപ്രവർത്തനത്തിന്റെ ബാക്കിപത്രങ്ങളായിത്തീരുന്ന മത-ദുർവ്യാഖ്യാനം സമൂഹത്തിന്റെ ദുരന്തദുഃഖമാണ്. ഒരു കൂട്ടം മനുഷ്യരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ചാവേറുകളെ സൃഷ്ടിക്കുന്ന ആക്രമണോത്സുകത ജീവനെ സംരക്ഷിക്കുകയല്ല, ഭൂമുഖത്തുനിന്ന് അതിനെ തുടച്ചു നീക്കുകയാണ്. പാഠപുസ്തകമേന്തേണ്ട കരങ്ങളിൽ മാരകായുധങ്ങൾ വച്ചുകൊടുക്കുന്ന ഭീകരപ്രവർത്തനത്തിന് മതപരമായ മുഖങ്ങൾ കൂടി ഉണ്ടെന്ന് മനസ്സിലാകുമ്പോൾ മാനവസംസ്ക്കാരം എങ്ങോട്ട് നീങ്ങുന്നു എന്ന ചോദ്യമുയരുന്നു. ദൈവം രക്തദാഹിയാണോ? രക്തദാഹിയായ ദൈവം മനുഷ്യന്റെ ജീവനെ സംരക്ഷിക്കുമോ? മനുഷ്യജീവന് വിലകല്പിക്കാത്ത ഒന്നിനെ ദൈവമായി കാണുവാൻ കഴിയുമോ? മതപരമായ തീവ്രവാദം യുവാക്കളുടെ മനസ്സിൽ മതരഹിത സമൂഹത്തെക്കുറിച്ച് ചിന്തിക്കുവാനുള്ള വിത്തുകൾ ഇടുവാൻ മാത്രമേ സഹായിക്കൂ. മതതീവ്രവാദികളും അവരെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ ശക്തികളും ഒത്തുചേർന്ന് മാനവസംസ്ക്കാരത്തെ പിച്ചിച്ചീന്തുന്നത് എന്നേക്കുമായി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ദൗത്യം ഇന്നത്തെ യുവാക്കളുടെ ഒരു മുഖ്യ ധർമ്മമായി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**3) ലഹരിവസ്തുതുക്കളുടെ ഉപയോഗം**

വിധ്വംസക പ്രവർത്തനങ്ങൾക്കുള്ള സമ്പത്ത് കണ്ടെത്തുന്നത് പ്രധാനമായും ലഹരിവസ്തുക്കളുടെ വിപണനത്തിലൂടെയാണ്. വിയർപ്പൊഴുക്കി സമ്പാദിക്കുന്ന ഒരു ചെറുനാണയം പോലും ആരും ഭീകരപ്ര വർത്തനങ്ങൾക്ക് നൽകില്ല. ലഹരിവസ്തുക്കൾ നമ്മുടെ സ്കൂൾ കുട്ടികൾക്കുവരെയും എത്തിച്ചുകൊടു ക്കുന്ന സംഘങ്ങൾ അന്താരാഷ്ട്ര മാഫിയ സംഘങ്ങളുടെ പ്രാദേശിക വിതരണക്കാരാണ്. വളരെ വിപുലവും ശക്തവുമായ വല വിരിച്ചാണ് കഴുകൻ കണ്ണുകളുമായി അവർ സമൂഹത്തെ രോഗാതുരമാക്കുന്നത്. നിയമപാലകരുടെയും നിയമവ്യവസ്ഥകളുടെയും കണ്ണുവെട്ടിച്ച് നമ്മുടെ യുവതിയുവാക്കളെ അവർ തങ്ങളുടെ ഇരകളാക്കി മാറ്റുന്നു. ധനവും, ആരോഗ്യവും, ജീവിതവും നഷ്ടമാകുന്ന ഹതഭാഗ്യർ പിന്നീട് സമൂഹത്തിന് ഒരു ബാധ്യതയായി മാറുകയാണ്. ജീവനും ജീവിതവും ദൈവത്തിന്റെ ദാനമാണെന്ന ചിന്ത ഇന്ന് നഷ്ടമായിരിക്കുന്നു. മനുഷ്യന്റെ നൈസർഗ്ഗിക ഘടനയെയും വാസനയെയും മാറ്റിമറിക്കുന്ന ലഹരിവസ്തുക്കൾ ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ നശിപ്പിച്ച് അവരെ ചെകുത്താന്മാരാക്കുകയാണ്. ജീവനെ അപഹരിക്കുന്ന തിന്മയുടെ ശക്തികളെ തോൽപിച്ച ക്രിസ്തുവിന്റെ മഹാത്യാഗത്തെയാണ് ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം തൃണവൽക്കരിക്കുന്നത്. സ്വന്ത പ്രാണൻ വെടിഞ്ഞ് സമൃദ്ധമായ ജീവനേകിയ ക്രിസ്തുവിന്റെ മാതൃ കയായിരിക്കണം ഓരോ യുവാക്കൾക്കുമുണ്ടാകേണ്ടത്. ക്രിസ്തു തന്നെയാകണം നമ്മുടെ ലഹരി. അപ രന്റെ ജീവന് ഉതകി സ്വജീവിതം ത്യജിക്കുന്ന മാതൃക ക്രിസ്തുവിൽ നാം കണ്ടെത്തുന്നു.

**4) അമിതമായ ആഢംബരഭ്രമം**

ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ആഢംബരഭ്രമമാണ്. ആഢംബരവും ധൂർത്തും വേണ്ടെന്നു വയ്ക്കുവാൻ കഴിയാത്ത അവസ്ഥയിൽ നാം എത്തിയിരിക്കുന്നു. ആഗോളവൽക്കരണവും പുത്തൻ സാമ്പത്തികക്രമവുമൊക്കെ നമ്മെ കൂടുതൽ ഭോഗപ്രിയരാക്കുകയാണ്. മാധ്യമങ്ങൾ എല്ലാംതന്നെ ഈ സാമൂഹ്യതിന്മയെ മഹത്വവൽക്കരിക്കുകയാണ്. ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളെല്ലാം ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്ന പരസ്യക്കമ്പനികളായി മാറിക്കൊണ്ടിരിക്കുന്നു. ഒഴുക്കിന് എതിരെ നീന്തുവാൻ കെൽപുള്ളവർ സമൂഹത്തിൽ വളരെ പരിമിതമാണ്. മലയാളിയുടെ ദുരഭിമാനംമൂലം ദരിദ്രരും സമ്പന്നരെ അനുകരിക്കുവാനുള്ള തത്രപ്പാടിലാണ്. ഭാരതത്തിലെ യുവമനസ്സുകൾക്ക് ആകാശത്തോളമുയർന്ന് സ്വപ്നം കാണാൻ പ്രാപ്തി നൽകിയ ഭാരതത്തിന്റെ അഭിമാനഭാജനം ശ്രീ. എ. പി. ജെ. അബ്ദുൾ കലാം ലാളിത്യത്തിന്റെ ഉത്തമ മാതൃകയായിരു ന്നു. എങ്ങനെയും പണമുണ്ടാക്കുക, ജീവിതം അടിച്ചുപൊളിച്ച് ആഘോഷിക്കുക എന്നതാണ് യുവാക്ക ളുടെ ഒരു ആപ്തവാക്യം. ഗാന്ധിജിയോ, വിശുദ്ധ തെരേസ്സയോ, അഭി. ഒസ്താത്തിയോസ് തിരുമേനിയോ, ദയാഭായിയോ ഒന്നും അവർക്ക് പ്രിയമുള്ള മാതൃക അല്ലാതാവുകയാണ്. മഹാബലിയുടെ പ്രജാതാൽപര്യം സാക്ഷാത്കരിച്ച മധുരസ്മരണ ഉണർത്തുന്ന 'ഓണം' പോലും തിമിർത്താടേണ്ട ആഘോഷവേളയായി നമ്മുടെ പുതുതലമുറ കരുതുന്നു. ആഘോഷങ്ങൾക്കിടയിൽ എത്ര ജീവിതങ്ങളാണ് ഇന്ന് പൊലിയുന്നത്. ഭാരതത്തിന്റെ ആദ്ധ്യാത്മീയതയോ ക്രിസ്തീയ ആത്മീയതയോ എന്തെന്ന് അറിയുന്ന യുവാക്കൾ ആഢം ബരഭ്രമത്തിൽ മയങ്ങുകയില്ല. മനുഷ്യനെ നേർവഴിക്കു നയിക്കേണ്ട ആധ്യാത്മീക നായകന്മാർ പോലും സുഖലോലുപതയിൽ മുങ്ങിത്താഴുന്ന കാഴ്ച വേദനാജനകവും സമൂഹത്തെ തമസ്സിലേക്ക് തള്ളിവിടുന്നതുമാണ്. അതിജീവനം ഒരു പ്രതിസംസ്ക്കാരം സൃഷ്ടിക്കുവാൻ പ്രേരണ നൽകട്ടെ.



# കൊളുത്തുകൾ

അയാൾ ദയാലുവായിരുന്നു !
ചവച്ച് തുപ്പുമ്പോഴെല്ലാമവൾക്കായ്
ചവറ്റുകൊട്ടകളൊരുക്കിയിരുന്നവൻ.
അവളുടെ വിയർത്ത് ചൂരടിച്ച രാത്രികളെ
അത്തറുടുപ്പിച്ച് വൃത്തിയാക്കിയിരുന്നവൻ.
കറിയിൽ എടുത്ത്ചാടിയ ഉപ്പിനെയവളുടെ
കണ്ണിൽ മാടിവിളിച്ചിരുന്ന മായാജാലക്കാരൻ ;

അവൾ പോരായിരുന്നു !
കോണിലെ കട്ടയടിച്ച പൊടിയെ
കുത്തിനോവിക്കാത്ത ചൂലുള്ളവൾ.
അവന്റെ ചൂടുപിടിച്ച ചായകളിൽ
അടിയറിയാതെ നീന്തുന്ന മട്ടായിരുന്നവൾ.
വിരുന്നുകാർക്കും മുന്നേയീച്ചകളെ
വിളിച്ചുവരുത്തിയിരുന്ന സത്രക്കാരി ;

അയൽക്കാർ ശ്രദ്ധാലുക്കളായിരുന്നു !
അന്തിസൊറകളിൽ നിശബ്ദമായിരുന്ന
അവളുടെ പാത്രങ്ങളെയവർ ഉരച്ചുനോക്കി
ഒഴിഞ്ഞ് കിടന്നിരുന്ന കാതുകളിലെ
ഓട്ടകളിലീർക്കിലി തുണ്ടുകൾ വെച്ചുനോക്കി
മുറിവുകൾ കഴുകിയൂതി
മുളകുപൊടി തൂവുന്ന ന്യായാധിപർ ;


പ്രകൃതി നിസ്സഹായയായിരുന്നു !
ഉത്തരം കുള്ളനാണെന്ന് പറഞ്ഞവർ തറയെ
ഉമ്മവെയ്ക്കാനാകാഞ്ഞ പാദങ്ങളോട് മാപ്പിരന്നു.
തുണിവലിച്ച വിരലുകളെ തടവുന്നവനായ്
തിളച്ച വെള്ളമടുപ്പത്ത് പതം പറഞ്ഞിരുന്നു...

**ഡോ. ഐപ്പുരു ജോൺ**
(OCYM CALCUTTA DIOCESE SECRETARY
OCYM EYE CELL CENTRAL CONVENOR)



ഷിജിഅച്ചൻ, കാറ്റാനം
(Vice President OCYM)

**ജീവൻ വെടിഞ്ഞും ചങ്കോട് ചേർക്കുന്ന സ്നേഹമാണ് ഒരാളെ ഒന്നാമനാക്കുന്നത്. ക്രിസ്തു സദൃശ്യം ഒന്നാമൻ**



# എവിടെയും, എങ്ങനെയും ഒന്നാമനാകുക

മനുഷ്യന്റെ ഏറ്റവും വലിയ പ്രലോഭനം. മനുഷ്യന്റെ മാത്രമല്ല ഏതൊരു ജീവിയുടെയും സഹജമായ വാസന. എങ്ങനെയും ഒന്നാമനാകുക മറ്റുള്ളവരെ നശിപ്പിച്ചിട്ടാണെങ്കിൽപോലും എന്റെ വളർച്ചക്ക് തടസമാകുമെന്ന് ഞാൻ കരുതുന്നവരെ ഇല്ലാതാക്കുന്ന തന്ത്രം ലോകം മുഴുവൻ വ്യാപിക്കുകയാണ്. ഒരാളുടെ പരാജയത്തിന്റെ പ്ലാറ്റ്ഫോമിലാണ് മറ്റൊരാൾ നൃത്തം ചവിട്ടുന്നത്. പരസ്പരം അവഗണിക്കുകയോ അപമാനിക്കയോ ഏതെങ്കിലും തരത്തിൽ കീഴടക്കുകയോ ചെയ്യുമ്പോൾ ആരും ഒരിക്കലും ജയിക്കുകയോ വലിയവരാകുകയോ ചെയ്യുന്നില്ല. വെട്ടിപ്പിടിക്കലല്ല, പങ്കുവെയ്ക്കലാണ് കരുത്ത്. വിശാലഹൃദയവും മനഃസാക്ഷിയും  വിനയുമൊക്കെയാണ് മനുഷ്യനെ ഒന്നാമനാക്കുന്നത്. ചിലർക്ക് നിലനിൽക്കാൻ മറ്റുചിലരെ ഒഴിവാക്കുകയോ ഇല്ലാതാക്കുകയോ വേണമെന്നായിരിക്കുന്നു. അതിൽ വലിയ അപാകതയൊന്നും ആരും കാണുന്നില്ലെന്നുള്ളത് കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നത്. എന്തിന്റെ പേരിലായാലും നമ്മുടെ കാലം സങ്കൽപ്പിക്കാവുന്നതിലും ക്രൂരമായിട്ടാണ് പരസ്പരം ഇടപ്പെടുന്നതെന്ന് തർക്കമറ്റ സംഗതിയാണ്. യുദ്ധങ്ങളും, അരുംകൊലകളും, കുടിയിറക്കലുമൊക്കെ ഉണ്ടാവുന്നത്. "ഞാൻ മാത്രം മതിയെന്ന ചിന്തയാണ്. ആർക്ക് എന്ത് സംഭവിച്ചാലും അതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നമല്ല എന്ന് നിസ്സംഗരാകുന്നവരുടെ എണ്ണം പെരുകിവരുന്നു. ജനനവേറയിൽപ്പോലും മനുഷ്യൻ അങ്ങനെയാണന്ന് കണ്ടെത്തിയത്. വേദപുസ്തക താളുകളിൽ ഏശാവിന്റെ കുതികാൽ പിടിച്ചാണ് അനുജനായ യാക്കോബ് പുറത്ത് വന്നു. കായേൻ, ഹാബേൽ സഹോദരബന്ധത്തിൽ പോലും വിള്ളൽ... വീട്ടിലോ, വിദ്യാലയത്തിലോ, ജോലിസ്ഥലത്തോ എന്തിന് സമൂഹത്തിൽപ്പോലും 'ആരാണ് വലുത്' ഒന്നാമനാകുവാൻ വേണ്ടി മറ്റുള്ളവരെ സോഷ്യൽ മീഡിയായിൽ കൂടി അപമാനിച്ച് അതിൽ ആനന്ദം കണ്ടെത്തുന്നവരുടെ എണ്ണം പെരുകി വരികയാണ്. നമ്മൾ എത്തേണ്ടടുത്ത് ദൈവം നമ്മളെ എത്തിക്കുമെന്നുള്ള ബോധം നമ്മളെ ഭരിക്കണം. സഭയിലെ യുവജനങ്ങൾ ഒരു തിരുത്തൽ ശക്തിയായി വളരണം. മറ്റുള്ളവരുടെ വീഴ്ചകളെ വാഴ്ത്തിപ്പാടുകയല്ല, വീണുപോകുന്നവരുടെ കൂടെ നിൽക്കാനും അവർക്കു കാവലാളാകുവാനുമാണ് നമ്മുടെ വിളി. ജീവൻ വെടിഞ്ഞും ചങ്കോട് ചേർക്കുന്ന സ്നേഹമാണ് ഒരാളെ ഒന്നാമനാക്കുന്നത്. ക്രിസ്തു സദൃശ്യം ഒന്നാമൻ



# മിഷന്റെ ഭാവങ്ങൾ



**ഫാ ഫിലിപ്പ് തരകൻ**
(മാർത്ത് മറിയം വനിതാ സമാജം
കേന്ദ്ര വൈസ് പ്രസിഡന്റ്)

**'ഇക്കിഗായ്'** ജാപ്പനീസ് ഭാഷയിലുള്ള വാക്കാണ്. 'ഇക്കി' എന്നാൽ ജീവൻ അല്ലെങ്കിൽ ജീവിതം എന്നർത്ഥം. 'ഗായ്' എന്നാൽ മൂല്യം നൽകുന്നത്. അതിനാൽ ആ പദത്തെ മൂല്യമുള്ള ജീവിതം നൽകുന്നത് എന്ന് പരിഭാഷപ്പെടുത്താം. മൂല്യമുള്ള ഒരു ജീവിതം ഈ ലോകത്തിൽ നിർവ്വഹിക്കുക എന്നതാണ് ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിന് ഇഷ്ടം. ദൈവത്തിന് നമ്മെക്കുറിച്ചുള്ള ഇഷ്ടം നിർവ്വഹിക്കുന്നതിനെ നമുക്ക് 'മിഷൻ' എന്ന് വിളിക്കാം. Mittere എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് മിഷൻ എന്ന പദം ഉത്ഭവിച്ചത്. let go, send എന്നൊക്കെയാണ് അതിന് അർത്ഥം. മിഷൻ എപ്പോഴും ഒരു കാഴ്ചപ്പാടാണ്. കാഴ്ചയ്ക്കപ്പുറത്തെ കാഴ്ചയാണ് കാഴ്ചപ്പാട്. 'Church is the extension of Incarnation of Jesus Cirist' എന്നാണ് പറയുന്നത്.ക്രിസ്തുവിന്റെ മനുഷ്യാവതാര തുടർച്ചയാണ് ക്രൈസ്വ മിഷന്റെ അടിസ്ഥാനം.

## ക്രൈസ്തവ മിഷന്റെ വിവിധ ഭാവങ്ങൾ

ദൈവ- മനുഷ്യ-പ്രകൃതി ബന്ധത്തിലൂടെയുള്ള വികസ്വര കാഴ്ചപ്പാടാണത്. ദാർശി കനായ പ്ലേറ്റോ പറഞ്ഞു. 'അർത്ഥം തേടുന്ന ജീവിയാണ് മനുഷ്യൻ'.... ദൈവ-മനുഷ്യ-പ്രപഞ്ച താളാത്മകതയെ പ്രചോദിപ്പിക്കുമ്പോഴാണ് മനുഷ്യ ജീവിതം അർത്ഥവത്താകുന്നത്. സമഗ്ര അർത്ഥത്തിൽ 'മിഷൻ' നിരപ്പിന്റെ ശുശ്രൂഷയാണ് (Service of reconciliation). '2 കൊരിന്ത്യർ : 5 : 18,19* വേദ വാക്യങ്ങളിൽ പറയുന്നു 'അതിനൊക്കെയും ദൈവം കാരണ ഭൂതൻ. അവൻ നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു.

> **ദൈവ–മനുഷ്യ–പ്രപഞ്ച താളാത്മകതയെ പ്രചോദിപ്പിക്കുമ്പോഴാണ് മനുഷ്യ ജീവിതം അർത്ഥവത്താകുന്നത്.**

ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു പോന്നു.' ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭര മേൽപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ പാപവും ദുഷ്ടതയും പ്രപഞ്ചതാളാത്മകതയെ തകർക്കുന്ന താകയാൽ നിരപ്പിന്റെ ശുശ്രൂഷയായ മിഷന് എക്കാലവും പ്രസക്തിയുണ്ട്, തുടർച്ചയുണ്ട് എന്ന കാര്യം വിസ്മരിക്കാനാവുന്നതല്ല.

ദൈവകൃപയുടെ തണലിൽ വേണം മനുഷ്യന് ഈ ലോകത്തിൽ മിഷൻ നിർവ്വഹി ക്കേണ്ടത്. പൗരസ്ത്യ ദർശനം മുൻപോട്ടു വയ്ക്കുന്നത് പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ കൗദാശിക സമീപനമാണ്. ആർത്തിക്കും ധാർഷ്ട്യത്തിനും അവിടെ സ്ഥാനമില്ല. Lewis Mumford അദ്ദേഹത്തിന്റെ Myth of the Machine എന്ന ഗ്രന്ഥത്തിൽ പറയുന്നു. മനുഷ്യന്റെ സർഗ്ഗാത്മകവും ക്രിയാത്മകവുമായ എല്ലാ പ്രവർത്തനങ്ങളുടേയും അടിത്തറയായി വർത്തിക്കുന്ന മനുഷ്യ ചേതനയ്ക്ക് ലോകത്തിൽ മുന്തിയ സ്ഥാനമുണ്ട്. പക്ഷെ മനുഷ്യൻ ദൈവമല്ല. മനുഷ്യന്റെ

ആത്മീയ ഉണർവ്വം സ്വയം കണ്ടെത്തലും പ്രകൃതിയുടെ സർഗ്ഗവൈഭവത്തെ പരിവർത്തിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. നിങ്ങൾ ലോകത്തിന്റെ 'വെളിച്ചമാകുന്നു.' 'ഉപ്പാകുന്നു' എന്ന ആഹ്വാനം മിഷന്റെ സത്തയെ വെളിവാക്കുന്നതാണ്. ലോകത്തെ പ്രകാശിപ്പിക്കാനും രുചിപ്പെടുത്താനുമുള്ള ആഹ്വാനമാണത്. വിവിധ ഭാവങ്ങളിലൂടെയാണ് അത് നിർവ്വഹിക്കപ്പെടേണ്ടത്.

## (a) സുവിശേഷ പ്രബോധനം

**(to proclaim the good news of the kingdom)**

സുവിശേഷത്തിലൂടെ അനുഭവവേദ്യമാകുന്നത് ക്രിസ്തു സ്പർശമാണ്. ഒരിക്കൽ ഒരാൾ തന്റെ കുഞ്ഞിന്റെ ജന്മദിനത്തിൽ ഒരു സുപ്രധാന സമ്മാനം കൊടുക്കാനാഗ്രഹിച്ചു. പല കടകളിലും കയറി. കുഞ്ഞിനോടുള്ള തന്റെ വിശേഷാൽ സ്നേഹം പ്രകടിപ്പിക്കാൻ ഒരു സമ്മാനവും കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞില്ല. തിരികെ വീട്ടിലെത്തിയ അദ്ദേഹം ഇന്നോളം ആരും ചുംബിച്ചിട്ടില്ലാത്ത സ്നേഹത്തോടെ സർവ്വ സ്നേഹവും ചുണ്ടുകളിൽ നിറച്ച് അവന്റെ മൂർദ്ധാവിൽ സ്നേഹ പൂർവ്വം ചുംബിച്ചു. ഇന്നും അവൻ അവന്റെ പിതാവിനെ ഓർക്കുന്നത് അതിലൂടെയാണ്. മനുഷ്യന്റെ മൂർദ്ധാവിൽ വീണ ദൈവത്തിന്റെ സ്നേഹ ചുംബനമാണ് ക്രിസ്തു. ആ ക്രിസ്തുവിനെ സുവിശേഷത്തിലൂടെ ലോകത്തിന് അനുഭവ വേദ്യമാക്കുക എന്നത് മിഷന്റെ ലക്ഷ്യമാണ്. പ്രബോധനത്തിൽ ക്രിസ്തു നിറയുമ്പോഴാ ആണ് മിഷൻ ആത്മാവുള്ളതായി മാറുന്നത്. അല്ലെങ്കിൽ അത് കേവലം അധര വ്യായാമമായി ചുരുങ്ങും. ധൈര്യം, സ്നേഹം, ആത്മ നിയന്ത്രണം ഇവ പ്രാപിക്കുവാൻ സുവിശേഷ സ്വീകരണത്തിലൂടെ കഴിയും.

2 തിമൊഥെയോസ് 1:7 ൽ പറയയുന്നു 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിൻറെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്'. സുവിശേഷത്തിന് സമഗ്രഭാവമുണ്ട്. 'God writes the gospel not in the bible alone but also on trees and in the flowers and clouds and stars ..? കൃത കാഴ്ചപ്പാടാണ് മിഷന്റെ ഈ ഭാവത്തിലൂടെ രൂപപ്പെടുന്നത്.

## (b) കൗദാശിക ഭാവം

**(Sacramental Approach)**

കൗദാശിക അനുഭവം വിശുദ്ധീകരണത്തിലേക്കും ദൈവീകരണത്തിലേക്കും നയിക്കുന്നതാണ്.സാക്ഷ്യമുള്ള ജീവിതത്തിലൂടെ പ്രചോദിപ്പിക്കുക മാത്രമല്ല കൗദാശിക അനു ഭവത്തിലേക്ക് മനുഷ്യരെ കൂട്ടി വരുത്തുക എന്നതും മിഷന്റെ ലക്ഷ്യമാണ്. പെന്തക്കോസ്തി അനുഭവത്തിൽ സ്നാനമേറ്റ് സഭയോട് ചേർന്നവർ കൗദാശിക അനുഭവത്തിലൂടെ ജീവിതം നയിച്ചു. അപ്പോസ്തോല പ്രവൃത്തികൾ 2: 42 ൽ പറയുന്നു' അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. ധാരാളം പീഡനം അവർക്ക് നേരിടേണ്ടി വന്നു എങ്കിലും സുവിശേഷം അവർക്കു നൽകിയ ധൈര്യമാണ് അതിനെ നേരിടാൻ പര്യാപ്തമാക്കിയത്. പാപത്തിന്റെ മുറിവുകളെ കൗദാശിക അനുഭവങ്ങളിലൂടെയാണ് അതിജീവിച്ചത്. ക്രിസ്തുവിന്റെ മനുഷ്യാവതാരം ഏറ്റവും വലിയ കൂദാശയാണ്. തലമുറകളിലേക്ക് അതിനെ അനുഭവേദ്യമാക്കുന്നത് പരുശുദ്ധ സഭയിലെ കൂദാശ പങ്കാളിത്തത്തിലൂടെയാണ്. വി. അത്തനാസിയോസിന്റെ വാക്കുകൾ "Christ, because He is good and loves humanity, came to bring fire on to earth He wanted the repentance and conversion of the human being ratherthan is death. In this way, wvilness, all of it, will be burnt away from all human beings.

## (c) സേവന സമീപനം

**(to respond to human need by loving service)**

സ്നേഹം ആദർശത്തിൽ നിന്ന് പ്രവൃത്തിയാകുമ്പോഴാണ് സേവനമാകുന്നത്. ശമര്യാക്കാരന്റെ ഉപമ മുൻപോട്ടു വയ്ക്കുന്ന ആദർശ ജീവിതം അതാണ്.സേവനത്തി ലൂടെ ഓരോ വ്യക്തിയും സത്താപരമായി ദൈവിക ദൗത്യമാണ് നിർവ്വഹിക്കുന്നത്. സേവന തൽപരിൽ നിന്ന് ഒന്നും ചോർന്നു പോകുന്നില്ല എന്നു മാത്രമല്ല അത്തരം ജീവിതം കൂടു തൽ പ്രകാശിതമാകുന്നു. "A candle loses nothing by lighting candle" എന്ന

"A candle loses nothing by lighting candle" ന്റെ വാക്കുകൾ ശ്രദ്ധേയമാണ്. പങ്കു വയ്ക്കലിന്റെയും ചേർത്ത് പിടിക്കലിന്റെയും, കരുതലിന്റെയും സമ്പുഷ്ടതയാൽ ധന്യമാകുന്ന പ്രപഞ്ചജീവിതമാണ് മിഷൻ എന്ന വാക്കിനെ അർത്ഥവത്താക്കുന്ന മറ്റൊരു ഭാവം.

ഹൃദയത്തെ ഒരു എഴുത്തുകാരൻ വ്യാഖ്യാനിക്കുന്നത് ഹൃദയം- ഒരവസ്ഥയും മനോഭാവവുമാണ്. അതായത് ഒരാൾ തുടക്കം മുതൽ ഒടുക്കം വരെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മനോഭാവം, നോട്ടം, വാക്ക്, സ്പർശം, സാമിപ്യം, മരണം തുടങ്ങിയവയിൽ കാത്തു സൂക്ഷിക്കുന്ന സ്നേഹത്തിന്റെ മിടുപ്പുകളാണ് ഹൃദയം. അങ്ങനെയെങ്കിൽ മിഷന്റെ ഹൃദയം സേവനമാണ്. മരണാസന്നനായ ഒരു മനുഷ്യൻ മദർതെരേസയുടെ നേരെ മിഴിയുയർത്തി പറഞ്ഞു 'നിങ്ങളുടെ വിരലുകൾ ഒരിക്കൽ കൂടി എന്റെ കവിളുകളോട് ചേർത്ത് വയ്ക്കുമെങ്കിൽ ഒരു തവണകൂടി ദൈവത്തിന്റെ വിരലുകളെ ഞാൻ അറിയും'.... സേവന തൽപ്പരരുടെ വിരൽ തുമ്പിൽ പോലും ദൈവത്തിന്റെ സാന്നിധ്യം നിറയുന്നതാണ്.

### (d) പരിസ്ഥിതി സമീപനം (environmental approach)

ദൈവബോദ്ധ്യം നിലനിർത്തികൊണ്ടുള്ള മനുഷ്യ പ്രപഞ്ച സഹവർത്തിതമാണ് മിഷന്റെ മനോഭാവം. 'ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു.' (സങ്കീ : 24 : 1) എന്ന ചിന്ത പ്രപഞ്ചത്തോട് മനുഷ്യൻ പുലർത്തേണ്ട ആത്മീയ സമീപനത്തെ (Spiritual approach) ഓർമ്മപ്പെടുത്തുന്നതാണ് "Nature is the art of God" എന്നെഴുതിയത് Dante Alighieri ആണ്. മിഷൻ അതിൽ തന്നെ പരിസ്ഥിതി സൗഹാർദ്ദപരമാണ്. അമിത ഉപഭോഗം, ജനസംഖ്യാ വളർച്ച, വ്യാവസായിക സമീപനം, സാങ്കേതിക വിദ്യ എന്നിവയുടെ സമ്മർദ്ദങ്ങൾ പരിസ്ഥിതി നാശത്തിന്റെ ആക്കം കൂട്ടുന്നു. ഇത്തരം സമ്മർദ്ദങ്ങൾക്കു നടുവിൽ പരിസ്ഥിതി സൗഹാർദ്ദപരമായ ബദൽ സംസ്ക്കാരം രൂപപ്പെടുത്തുക എന്നതാണ് മിഷന്റെ ആത്യന്തിക ലക്ഷ്യം. മിഷൻ പ്രവർത്തനങ്ങൾ എന്ന പേരിൽ നിർവ്വഹിക്കപ്പെടുന്ന പരിസ്ഥിതി അധിനി വേശം ചെറുക്കപ്പെടണം. മിഷൻ എന്ന ആശയത്തെ തെറ്റായി വ്യാഖ്യാനിക്കുകയും അത് നടപ്പാക്കുകയും ചെയ്യുമ്പോൾ അത് ചൂഷണത്തിന്റെ പുതിയ മുഖമായി മാറുന്നു. പരി സ്ഥിതിയെ ചൂഷണം ചെയ്യാനുള്ളതു മുഖംമൂടിയായി അത് അധഃപതിക്കുന്നു. പരിസ്ഥിതി സുസ്ഥിരത എന്ന ആശയത്തിന് ആത്മീയതയിൽ വലിയ സ്ഥാനമാണുള്ളത്. പ്രകൃതി വിഭവങ്ങൾക്കും പ്രകൃതിയുടെ സംതുലനാവസ്ഥയും സംരക്ഷിക്കുന്നതിനും ആഗോള ആവാസ വ്യവസ്ഥയെ കരുതുന്നതിനും സഹായിക്കുന്നതിനുമുള്ള ഉത്തരവാദിത്തമാണത്. മിഷനു വേണ്ടി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും പരിസ്ഥിതി സൗഹാർദ്ദ സമീപനത്തിലധിഷ്ഠിതമായി പ്രവർത്തിക്കണം. The major problems in the world are the result of the difference between how nature works and the way people think എന്ന ചിന്ത വളരെ ശ്രദ്ധേയമാണ്.

മിഷൻ പ്രപഞ്ചതാളാത്മകതയ്ക്ക് പൂരകമായി (complimentory) ആയി പ്രവർത്തിക്കണം. പരിസ്ഥിതിയ്ക്ക് വൈരുദ്ധ്യമായിട്ടുള്ള (contradictory) ഒന്നും മിഷൻ അല്ല. " my mission is to create a world where we can live in harmony with nature" നര വംശ ശാസ്ത്രജ്ഞനായ അർനോൾഡ് എച്ച് ഗ്ലാസ്ഗോ (Amold. H. Glasgow) വിന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്. നിലവിലുള്ള മിഷൻ പ്രവർത്തനങ്ങളും വരുന്ന കാലത്തേക്ക് ആസൂത്രണം ചെയ്യുന്നവയുമായ കാര്യങ്ങളും പരിസ്ഥിതി സൗഹാർദ്ദപരമായി ക്രമീകരിക്കപ്പെടണം. സർവ്വ സൃഷ്ടിയെയും ദൈവ ഹിതാനുസരണം പുതുക്കുക എന്ന യുഗാന്ത്യ ദർശനങ്ങളും (Eschatolgical ) മിഷന്റെ സത്താ പരമായ ലക്ഷ്യമാണ്. അതിനായി പ്രവർത്തിക്കാം..... ഒരുങ്ങാം.......

'If you do not find chirst in the beggar at the church door, neither will you find him in the cholice"
(St. John Chrisostem)

# അൽവാറീസ് മാർ യൂലിയോസ്: കരുണയുടെ അപ്പോസ്തോലൻ



**ഫീലിപ്പോസ് റമ്പാൻ**
(ജ്യോതിസ് ആശ്രമം, രാജസ്ഥാൻ)

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം വി. ശ്ലീഹന്മാർ കർത്താവിന്റെ നിർദ്ദേശപ്രകാരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനായി പോകുന്നു. അവർ എത്തി ച്ചേർന്ന സ്ഥലങ്ങളിലെല്ലാം ജീവന്റെ സുവിശേഷം അറിയുക്കുകയും ആ സുവിശേഷത്തിൽ വിശ്വസിച്ച വരെ ചേർത്ത് അതതു സ്ഥലങ്ങളിൽ സഭ സ്ഥാപിക്കുകയും ചെയ്തു. ക്രിസ്തീയ സഭകളിലേക്ക് അനേക വിശ്വാസികൾ കടന്നു വന്നു എന്നു കണ്ട ഭരണാധികാരികൾ ക്രിസ്തീയ സഭയെ പീഡിപ്പിക്കുവാൻ ആരംഭിച്ചു. തന്മൂലം ആദിമനൂറ്റാണ്ടിൽ ക്രിസ്തീയ സഭയിൽ



ധാരാളം രക്തസാക്ഷികൾ ഉണ്ടായിരുന്നു എങ്കിലും സഭ വളരെ ശക്തമായി പുരോഗമിക്കുകയും ചെയ്തു കൊണ്ടേയിരുന്നു. ഇന്ത്യയിൽ ഏ. ഡി 52-ൽ ക്രിസ്തുമതം ജനനം കൊണ്ടെങ്കിലും എല്ലായിടത്തും പ്രചരിക്കപ്പെട്ടി ട്ടില്ലായിരുന്നു. രക്തസാക്ഷി കൾ ഇല്ലാതെ പോയതാണ് അതിനു കാരണം എന്ന് ചിലർ പറയുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിൽ മല ങ്കര സഭയിൽ ഒരു രക്തസാക്ഷി ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തെ ആർക്കും അറിഞ്ഞുകൂടാ എന്നുള്ളതാണ് വാസ്തതവം. ആ സ്മരണീയപുരുഷൻ മലങ്കര സഭയിലെ ആദ്യ ബാഹ്യകേരള മെത്രാപ്പോലീ ത്തായായിരുന്ന അൽവാറീസ് മാർ യൂലിയോസ് തിരുമേനി യായിരുന്നു. മലങ്കരസഭയുടെ ആദ്യ ബാഹ്യ കേരള മെത്രാപ്പോലീത്തായായി 1889 മുതൽ 1923 വരെ ഗോവയിലും, ബ്രഹ്മവാറിലും, സിലോണിലു മൊക്കെ അക്ഷീണം പരിശ്രമിച്ച അൽവാറീസ് മാർ യൂലിയോസ് ഇന്നത്തെ മലങ്കര സഭയിൽ അത്ര പരി ചിതനല്ലായിരുന്നു. എന്നാൽ ക്ലേശപൂരിതവും ത്യാഗോജ്ജ്വലവുമായജീവിതം നയിച്ച ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന വിശ്വാസികൾ അനവധിയാണ്. ഈ പിതാവ് ഒരു ശ്രേഷ്ഠ അദ്ധ്യാ പകൻ, ഭക്തനായ മഹാപുരോഹിതൻ, കരുണയുടെ അപ്പോസ്തോലൻ, ഉന്നതനായ വിദ്യാഭ്യാസ പ്രവർത്ത കൻ, അഗ്രഗണ്യനായ സ്വാതന്ത്ര്യ സമരസേനാനി, ധീരോധാത്തനായ പത്രവർത്തകൻ, വലിയ സാമുഹ്യ പരിഷ്കർത്താവ്, യഥാർത്ഥ മിഷ്യനറി മലങ്കരസഭയിലെ ആദ്യ രക്തസാക്ഷി തുടങ്ങിയ വിവിധ രീതി യിൽ അറിയപ്പെടുന്നു.

ഗോവയിൽ സാൽസെറ്റ് താലൂക്കിലുള്ള വെർണ എന്ന ഗ്രാമത്തിൽ ഒരു കുലീന കത്തോലിക്ക കുടുംബത്തിൽ ജോസ് ബാപ്റ്റിസ്റ്റാ അൽവാരീസിന്റെയും മരിയാനാ എക്സ്പറ്റാസൊ ലോറൻസൊയുടെയും മകനായി 1836 ഏപ്രിൽ 29-ന് അന്റോണിയോ ഫ്രാൻസിസ്കോ സേവിയർ അൽവാരീസ് ഭൂജാതനായി. അൽവാരീസിന് രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരും ഉണ്ടായിരുന്നു. ഒരു സഹോദരൻ വൈദി കനായിരുന്നു. ഈ പിതാവ് ജനിച്ചതിന്റെ എട്ടാം ദിവസം ഭവനത്തിനടുത്തുള്ള ഇടവകപള്ളിയായ ഹോളി ക്രോസ് ദേവാലയത്തിൽ വെച്ച് വി. മാമോദീസാ സ്വീകരിച്ചു. അൽവാരീസ് സ്വവസതിയുടെ തൊട്ടടു ത്തുള്ള പള്ളിവക പ്രൈമറി സ്കൂളിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിച്ചു. തുടർന്ന് സെക്കന്ററി വിദ്യാഭ്യാസവും, കോളജ് വിദ്യാഭ്യാസവും പൂർത്തീകരിച്ചതിനുശേഷം 1853-ൽഗോവയിൽ സാൽവെറ്റ് താലൂക്കിലുള്ള റഷോർ സെമിനാരിയിൽ ചേർന്നു. 1859-ൽ തന്റെ 23-ാം വയസ്സിൽ അൽവാരീസ് റഷോർ സെമിനാരിയിലെ കോഴ്സ് ഉന്നതനിലയിൽ പൂർത്തിയാക്കി. ഈ സമയം കത്തോലിക്കാ സഭയിൽ ചില ആഭ്യന്തര സംഘർഷങ്ങൾ നടക്കുന്നുണ്ടായിരുന്നു. തൽഫലമായി ഗോവയിൽ കുറെക്കാലത്തേക്ക് മേൽപ്പട്ടക്കാർ ഇല്ലായിരുന്നു. അൽവാരീസിന് പട്ടം കൊടുക്കാൻ മെത്രാൻ ഇല്ലാത്ത അവസ്ഥയായി. ഗോവ യിൽ ജീവിതം തുടർന്നാൽ തന്റെ മുഖ്യലക്ഷ്യം എന്നു സാധിക്കുമെന്ന് ഒരു ഉറപ്പില്ലാതായപ്പോൾ 1859-ൽ അദ്ദേഹം ബ്രിട്ടീഷ് ഇന്ത്യയുടെ പടിഞ്ഞാറേ തീരപ്രദേശത്തിന്റെ സിരാകേന്ദ്രമായിരുന്ന ബോംബെയി ലേക്കു പോയി.

അൽവാരീസ് ബോംബെയിൽ എത്തി അധികം താമസിക്കാതെ കോളേജിയോ ദി. ജെസ്യൂട്ട് എന്ന സ്ഥാപനത്തിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ഈ സ്കൂൾ 1856-ൽ മസഗാമിൽ ബിഷപ്പ് അനസ്താസിയൂസ് ഹാർട്ടമോന്റെ ആശീർവാദത്തോടെ ജെസ്യൂട്ട് മിഷനറിമാർ തുടങ്ങിയ ഒരു സ്ഥാപനമാണ്. അൽവാരീസ് ഈ സ്ഥാപനത്തിൽ അദ്ധ്യാപകനായതിന്റെ പ്രധാന കാരണം തന്റെ ചിരകാലാഭിലാഷമായ വൈദീക പദവി ബിഷപ്പ് ഹാർട്ടുമാനിൽ നിന്ന് വൈദിക പദവി സ്വീകരിക്കാം എന്നു കരുതി എങ്കിലും 1862 ആയപ്പോഴേക്കും ബിഷപ്പ് ഹാർട്ടുമാനു പകരം ബിഷപ്പ് വാർട്ടർ എസ്റ്റിൻ ബോംബെ രൂപ തയുടെ ബിഷപ്പായി. അൽവാരീസ് പുതിയ ബിഷപ്പിനെ സമീപിച്ചു. വൈദിക വിദ്യാഭ്യാസം കഴിഞ്ഞുനിൽക്കുന്ന അൽവാരീസിനെ അദ്ദേഹത്തിനു ഇഷ്ടാമായി. നല്ല ഊർജ്ജസ്വലതയുള്ള ഒരു വൈദികനാ ാനുള്ള കഴിവിനെ അദ്ദേഹം അൽവാരീസിൽ കണ്ടു. അങ്ങനെ 1862 നവംബർ മാസം 11-ാം തീയതി ബിഷപ്പ് വാർട്ടർ എസ്റ്റിൻ അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാരീസിനെ കത്തോലിക്കാ സഭയിലെ ഒരു വൈദികനാക്കി. തുടർന്ന് അഞ്ചു വർഷക്കാലം അൽവാരീസ് അച്ചൻ ബോംബെയിൽ പ്ര വർത്തിച്ചു. വൈദികവൃത്തിയിലേക്കു വരാനും അതിൽ ജീവിക്കുവാനും ബോംബെ ജീവിതം സഹായിച്ചു.

ബോംബെയിലെ ജീവിതം അൽവാരീസ് അച്ചനെ ഒരു നല്ല വ്യക്തിയാക്കിതീർത്തു. എന്നാൽ തന്റെ കർമ്മഭൂമി ഗോവയാണ് എന്നു തിരിച്ചറിഞ്ഞിരുന്ന ഈ യുവവൈദികൻ തന്റെ ജന്മസ്ഥലത്തേക്ക് 1867-ൽ തിരിച്ചെത്തി. അൽവാരീസ് അച്ചൻ കത്തോലിക്കാ സഭയിലെ ഒരു വൈദികൻ ആയിരിക്കുമ്പോൾ തന്നെ ഒരു സത്യവിശ്വാസാന്വേഷകൻ ആയിരുന്നു. ലോകത്തു വിവിധ സഭകൾ ഉണ്ടെങ്കിലും വേദപുസ്തകപരമായും അപ്പോസ്തോലികമായും ഉള്ള സഭ ഏതെന്നു കണ്ടെത്തുവാൻ പരിശ്രമം തുടങ്ങി. വിശ്വാസപരമായി കത്തോലിക്കാ സഭയുമായി ചില കാര്യങ്ങളിൽ വിയോജിപ്പ് ഉണ്ടായിരുന്നു. പോപ്പിന്റെ അപ്രമാദിത്വം, കന്യകമറിയാമിനെക്കുറിച്ചുള്ള അമലോത്ഭവ വിശ്വാസം എന്നിവയിൽ എതിർപ്പുണ്ടായിരുന്നു. കൂടാതെ ആ കാലഘട്ടത്തിലെ ദുഷ്പ്രവണതയെ അവലപിക്കുകയും വിമർശിക്കുകയും ചെയ്തു. സഭയിൽ ഗവണ്മെന്റിന്റെ അതിരുകടന്ന കൈകടത്തലുകളെയും അദ്ദേഹം ശക്തിയുക്തം എതിർത്തു. ഫാ.അൽവാ രീസ് തന്റെ ആശയങ്ങളെ ജനങ്ങളിൽ പ്രചരിപ്പിക്കുവാൻ പത്രമാധ്യമം ഉപയോഗപ്പെടുത്തി കത്തോലിക്കാ സഭയേയും ഗവണ്മെന്റിനെയും ഒരുപോലെ വിമർശിച്ചു. അതിനാൽ രണ്ടുവശത്തുനിന്നും അദ്ദേ ഹത്തിനു പീഡനങ്ങൾ ഉണ്ടായി. 1882-ൽ ഫാ. അൽവാരീസ് പത്രാധിപരായിരുന്ന ക്രൂസ് എന്ന വീക്കിലി നിരോധിക്കുകയും അദ്ദേഹത്തെ മുടക്കുകയും ചെയ്തു. ഈ സമയം ഫാ.അൽവാരീസ് ഒരു

സ്വതന്ത്ര കത്തോലിക്കാ മിഷൻ രൂപീകരിച്ചു. അദ്ദേഹത്തോടൊപ്പം ഫാ. എൽ. എം. സുവാരീസും 5000-ൽ അധികം ആളുകളും ഉണ്ടായിരുന്നു. അവർക്ക് അവരുടേതായ ഒരു ബിഷപ്പ് വേണമെന്നും അത് ഫാ. അൽവാ രീസ് ആയിരിക്കണമെന്നും അവർ ആഗ്രഹിച്ചു.

പാശ്ചാത്യ പൗരസ്ത്യ സഭകളുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും നല്ലവണ്ണം മനസ്സിലാക്കിയ അൽവാരീസ് അച്ചൻ 1887 കാലയളവിൽ മലങ്കര സഭയെ സമീപിച്ചു. അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയിലെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനെ സന്ദർശിക്കുന്നു. തിരുമേനിയുടെ വ്യക്തിപ്രഭാവവും ആത്മജ്യോതിയും മറ്റും അൽവാരീസ് അച്ചനെ ആകർഷിച്ചു. തന്മൂലം അദ്ദേഹം ഓർത്ത ഡോക്സ് സഭയിലേക്കു ചേരുന്നു. ഈ സമയം അദ്ദേഹത്തോടൊപ്പം ആരും ഓർത്തഡോക്സ് സഭയിൽ ചേർന്നില്ല. അനുയായികൾ ധാരാളം ഉണ്ടായിരുന്നിട്ടും ഗവണ്മെന്റിൽ നിന്നും കത്തോലിക്കാ സഭയിൽ നിന്നും പീഡനങ്ങൾ ഉണ്ടാകും. അതു സഹിക്കാൻ കഴിയാത്തതിനാൽ ആരും പരസ്യമായി അൽവാ രീസച്ചന്റെ കൂടെ കൂടിയില്ല. ഓർത്തഡോക്സ് സഭയിൽ ചേർന്നതിനു ശേഷം, ആരും തുണയില്ലാതെ, സാമ്പത്തികമായി വളരെ കഷ്ടപ്പെടേണ്ടതായി വന്നു. എന്തിന് താൻ മരണശയ്യയിലായിരുന്നപ്പോൾ കത്തോലിക്കാ സഭയിലേക്ക് തിരിച്ചു ചേരുവാൻ പ്രേരിപ്പിച്ചവരോടൊക്കെ വളരെ ശക്തമായി ഇല്ലാ എന്നു പറഞ്ഞ അൽവാരീസ് തിരുമേനി ഓർത്തഡോക്സ് സഭയാണ് ഏറ്റവും നല്ല സഭയെന്ന് വിശ്വസി ച്ചു. അതോടൊപ്പംതന്നെ ഇന്ത്യൻ ആചാരങ്ങൾ പലതും നല്ലതാണെന്നും മലങ്കരസഭ അതിനു മുൻതൂക്കം കൊടുക്കുന്നുണ്ട് എന്നു മനസ്സിലാക്കിയ തിരുമേനി മലങ്കര സഭയെ തന്റെ മാറോടു ചേർത്തു പിടിച്ചു.

ഓർത്തഡോക്സ് സഭയിലേക്കുള്ള വരവ് അൽവാരീസ് അച്ചനെ സംബന്ധിച്ചിടത്തോളം വർഷങ്ങ ളോളം താൻ അനുഭവിച്ച വീർപ്പുമുട്ടലിൽ നിന്നും ഒരു വിടുതൽ ആയിരുന്നു. മലങ്കര സഭയെ സംബ ന്ധിച്ച് ഇത് ഒരു അനുഗ്രഹവും ആയിരുന്നു. കേരളത്തിന്റെ അതിർത്തികളിൽ ഒതുങ്ങിക്കൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ സഭ സുവിശേഷ പ്രവർത്തനങ്ങൾ കേരളത്തിനു പുറത്തു വ്യാപിപ്പിക്കുന്നതിനു ആവശ്യമായ നേതൃത്വം നൽകുന്നതിന് അൽവാരീസ് അച്ചനെക്കൊണ്ടു സാധിക്കും എന്ന് മനസ്സിലാക്കിയ പുലിക്കോട്ടിൽ തിരുമേനി അദ്ദേഹത്തെ മലങ്കര സഭയിലേക്ക് സ്വീകരിക്കുകയായിരുന്നു.അദ്ദേഹത്തിന്റെ കഴിവിന്റെയും ത്യാഗോജ്ജ്വലമായ പുണ്യജീവിതത്തിന്റെയും അംഗീകാരമെന്ന നിലയിൽ അൽവാരീസ് അച്ചനെ മേൽപ്പട്ടക്കാരനാക്കാൻ തീരുമാനിക്കുകയും ചെയ്തു. 1889-ൽ ബ്രഹ്മവാർ മിഷന്റെ ചുമതല നറോണ അച്ചനെ ഏല്പിച്ചശേഷം അൽവാരീസ് അച്ചൻ കേരളത്തിൽ എത്തി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തിരുമേനിയെ കണ്ടതിനുശേഷം സത്യവിശ്വാസത്തെക്കുറിച്ച് കൂടുതൽ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുവാനായി തിരുവിതാംകൂറിൽ വന്ന് പഴയസെമിനാരിയിലും പരുമലയിലും താമസിച്ചു. പരി. പരുമല തിരുമേനിയുടെ ദൈവഭക്തിയും വിശുദ്ധ ജീവിതവും, പാണ്ഡിത്യവും ഒക്കെ അൽവാരീസ് അച്ചനെ സ്വാധീനിച്ചു. പരുമല തിരുമേനി അൽവാരീസ് അച്ചനെ റമ്പാനാക്കി. 1889, ജൂലൈ 29-ന് അൽവാരീസ് റമ്പാച്ചനെ ആദ്യത്തെ ബാഹ്യകേരള മെത്രാപ്പോലീത്തായായി (സിലോൺ ഉൾപ്പെടെ) പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ മുഖ്യകാർമ്മികത്വ ത്തിലും പരുമല മാർ ഗ്രീഗോറിയോസിന്റെയും, കടവിൽ മാർ അത്താനാസിയോസിന്റെയും സഹകാർമ്മികത്വത്തിൽ വാഴിച്ചു.

പോർട്ടുഗീസ് ഭരണകൂടം അൽവാരീസ് തിരുമേനിയെ ഒരു രാജ്യദ്രോഹിയായി മുദ്രകുത്തിയിരുന്നു. കത്തോലിക്കാ സഭ അദ്ദേഹത്തെ മുടക്കി. എന്നാൽ ഗോവയിലും പരിസരപ്രദേശങ്ങളിലുമുള്ള സാധാരണ ജനങ്ങൾ അദ്ദേഹത്തെ ഒരു ആദർശപുരുഷനായി കണക്കാക്കിയിരുന്നു. 1912-ൽ അവസാനത്തോടുകൂടി അൽവാരീസ് തിരുമേനി ഗോവയിൽ തിരിച്ചെത്തി. തന്റെ മരണംവരെയും ആതുരസേവനത്തിൽ നിർവൃതി നേടുകയും ചെയ്തു. 1913 സെപ്റ്റംബർ ആദ്യ ആഴ്ചയിൽ അദ്ദേഹം രോഗബാധിതനായി. വാർദ്ധക്യവും ശരീരക്ഷീണവും കൂടിയായപ്പോൾ അസുഖം കൂടുതൽ മൂർച്ഛിച്ചു. തന്റെ സുഹൃത്തുക്കൾ അദ്ദേഹത്തെ റിബാന്തർ

ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജീവനോടു മല്ലടിച്ച് കിടക്കയിൽ കിടന്നിരുന്ന ഈ പിതാവ് അസുഖം വർദ്ധിച്ചതോടുകൂടി 1923 സെപ്റ്റംബർ 23 പ്രഭാതത്തിൽ താൻ ലക്ഷ്യം വച്ചിരുന്ന തന്റെ നാഥന്റെ അടുക്കലേക്ക് യാത്രയായി. അങ്ങനെ മലങ്കര സഭയ്ക്ക് കേരളത്തിനു വെളിയിൽ ഉദിച്ചുയർന്ന ആ പൊൻതാരം പൊലിഞ്ഞടങ്ങി. അൽവാരീസ് തിരുമേനിയുടെ ഭൗതികശരീരം പൊതുദർശനത്തിന് പഞ്ചിം മുനിസിപ്പൽ ഹാളിൽ വെച്ചതിനുശേഷം സെപ്റ്റംബർ 24-ന് വൈകിട്ട് നാനാജാതിമത സ്ഥരായ ആയിരക്കണക്കിനാളുകളുടെ അശ്രുപൂജയോടെ ആ ഭൗതികശരീരം പൊതു ശ്മശാനത്തിൽ അടക്കം ചെയ്തു.

1967-ൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (പി ന്നീട് മാത്യൂസ് പ്രഥമൻ ബാവാ) ഗോവ സന്ദർശിച്ചപ്പോൾ 17-1-1967-ൽ സാന്തനീസ് ദേവാലയത്തിൽ ബലിയർപ്പിച്ചിരുന്നു. ഈ സമയത്താണ് ഇവിടുത്തെ സെമിത്തേരിയിൽ കാടുകയറി കിടന്നിരുന്ന അൽവാ രീസ് തിരുമേനിയുടെ കബർ കണ്ടുപിടിച്ചത്. തുടർന്ന് അവിടെയുണ്ടായിരുന്ന മലങ്കര സഭാംഗങ്ങളുടെ ഒരു യോഗം കൂടി. ഗോവയിൽ മലങ്കര സഭയ്ക്ക് ഒരു ദേവാലയം നിർമ്മിക്കണമെന്നും അതിൽ അൽവാ രീസ് തിരുമേനിയുടെ തിരുശേഷിപ്പ് മാറ്റി സ്ഥാപിക്കണമെന്നും തീരുമാനിച്ചു. പിന്നീട് അധികം താമസി ക്കാതെ തന്നെ പരി. ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവയുടെ കല്പനപ്രകാരം അൽവാരീസ് തിരുമേനിയുടെ തിരുശേഷിപ്പുകൾ സാന്തനീസ് സെമിത്തേരിയിലെ കബറിൽ നിന്നു എടുത്ത് റിബാന്ത റിൽ പണികഴിപ്പിച്ച സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിലേക്ക് മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ എടുക്കുക യുണ്ടായി. അതിൻപ്രകാരം ബോംബെ ഭദ്രാസന മെത്രാപ്പോലീത്തായായി രുന്ന ഭാഗ്യസ്മരണാർഹനായ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി 1979 ഒക്ടോബർമാസം 7-ാംതീയതി ഞായറാഴ്ച അൽവാരീസ് തിരുമേനിയുടെ തിരുശേഷിപ്പ് റിബാന്തർ സെന്റ് മേരീസ് ഓർത്ത ഡോക്സ് ദേവാല

**അൽവാരീസ് തിരുമേനി സഭയ്ക്കുവേണ്ടി വളരെയധികം പീഡനങ്ങൾ സഹിച്ച ഒരു ശ്രേഷ്ഠാചാര്യനാണ്. ഈ പിതാവ് ആദിമസഭയുടെ രക്തസാക്ഷികളായ പിതാക്കന്മാരെപ്പോലെ കഷ്ടതകൾ സഹിച്ചു.**

യത്തിൽ നിർമ്മിച്ച കബറിൽ സ്ഥാപിച്ചു. ഈ ദേവാലയത്തിൽ എല്ലാവർഷവും സെപ്റ്റം ബർ 23-ന് അൽവാരീസ് മാർ യൂലിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നു. ബാഹ്യ കേരളത്തിൽ നിന്നും നമുക്ക് ലഭിച്ച ഭാഗ്യരത്നമാണ് അൽവാരീസ് മാർ യൂലിയോസ് തിരുമേനി.

അൽവാരീസ് തിരുമേനി സഭയ്ക്കുവേണ്ടി വളരെയധികം പീഡനങ്ങൾ സഹിച്ച ഒരു ശ്രേഷ്ഠാചാര്യനാണ്. ജീവിതാവസാനം വരെ ഒരു കാവിവസ്ത്രവുമായി കഴിയേണ്ടിവന്ന ഈ പിതാവ് ആദിമസഭയുടെ രക്തസാക്ഷികളായ പിതാക്കന്മാരെപ്പോലെ കഷ്ടതകൾ സഹിച്ചു. തന്റെ അവസാനശ്വാസം വരെ മലങ്കരസഭയെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിൽ താൻ പ്രതിജ്ഞാബദ്ധനായിരുന്നു. സത്യത്തിനും, നീതിക്കും, ന്യായത്തിനും വേണ്ടി തന്റെ ജീവിതകാലം മുഴുവൻ ചെലവഴിച്ചു. കേരള ത്തിനു പുറത്തു പലയിടത്തും മിഷനറി പ്രവർത്തനങ്ങൾ നടത്തി. മംഗലാപുരം മുതൽ ബോംബെ വരെയും സിലോണും ഇംഗ്ലണ്ടും അമേരിക്കയുമൊക്കെ അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളായി. ആതുരസേവനം ഏറ്റവും പ്രധാനമായി തന്റെ ജീവനുതുല്യമായി കരുതിയിരുന്ന ഒരു മഹൽ വ്യക്തി യാണ് അൽവാരീസ് തിരുമേനി. ആതുരസ്ഥാപനങ്ങൾ നിർമ്മിച്ച്, കുഷ്ഠരോഗികൾ, ക്ഷയരോഗികൾ, പ്ലേഗ് ബാധിച്ചവർ, എന്നുവേണ്ട ദുഃഖിതരും അടിച്ചമർത്തപ്പെട്ടവരും, ആലംബഹീനരുടെയൊക്കെ അത്താ ണിയായി പ്രവർത്തിച്ച മഹൽവ്യക്തിത്വം ഇവരെയൊക്കെ സംരക്ഷിക്കുവാൻ കൈയിൽ ഭിക്ഷാപാത്രവു മായി ഗോവയിലെ തെരുവുകളിൽ യാചകനെപ്പോലെ സഹായം തേടിയ കരുണയുടെ അപ്പോസ്തലൻ ആയിരുന്നു അൽവാരീസ് മാർ യൂലിയോസ് തിരുമേനി. തിരുമേനിയെപ്പോലെ കരുണയുടെ പ്രവാചകരായി നാം ആയിരിക്കുന്ന മേഖലകളിൽ പ്രവർത്തിച്ച് സാക്ഷ്യമുള്ളവരായി തീരുവാൻ നമുക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വിശ്വസ്തതയ്ക്ക് മറ്റൊരു
അദ്ധ്യായം കൂടി തുറക്കുകയാണ്
2022 ആഗസ്റ്റ് 21 ഞായറാഴ്ച
രാവിലെ 10 മണിക്ക് പ്രവർത്തനം
ആരംഭിക്കുന്നു....

# NEW LAND

BAKERS, RESTAURANT
MINI CONFERENCE HALL

City One Tower, Court Jn, Haripad
0479-2404647, 9562726668,
9562726669 | newlandbakers@gmail.com



**HOME DELIVERY**
11:00 am - 11:00 pm

**NEWLAND SPECIAL KUZHIMANTHI**

**ARABIC | CHINESE**
**NORTH INDIAN**
**BROASTED CHICKEN | SHAWAI**
**SHAWARMA | ALFAHAM**

**LIVE CAKE, LIVE BURGER, LIVE SANDWITCH, LIVE PIZZA**

നിങ്ങളുടെ സംതൃപ്തി
ഞങ്ങളുടെ പരിപൂർണ്ണത

സഹോദരസ്ഥാപനങ്ങൾ :

## NEW LAND
BAKERY

Kacheri Jn:, Haripad
0479 2404747
9995115018
Payipad
0479-2318687

## NEW LAND
hot'n cool

Kacheri Jn:, Haripad
0479 2404747, 9995115018

**KARIKIN SHAKE**
**NEWLAND FALOODA**
**MOJITO SPECIAL, FRUIT SALAD**
**SPECIAL LIME, DRY FRUITS SHAKE**

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം ത്രൈമാസിക



# സഹജീവന സ്നേഹം



ബിനു പാപ്പച്ചൻ പുത്തൂർ
('യുവജനം' പബ്ലിഷർ)

'ഞാൻ എന്റെ അനുജന്റെ കാവൽക്കാരനൊ?" (ഉല്പത്തി 4: 9). യഹോവ ഹാബേലിലും അവൻറെ വഴിപാടിലും പ്രസാദിച്ചു. കയീനിലും കയീനിൻറെ വഴിപാടിലും പ്രസാദിച്ചില്ല. അതിൻറെ ഫലമായി കയീൻ വയലിൽ വച്ചു തൻറെ സഹോദരനായ ഹാബേലിനെ കൊന്നു. പിന്നെ യഹോവ കയീനോടു: നിൻറെ അനുജനായ ഹാബേൽ എവിടെ എന്ന് ചോദിക്കുമ്പോൾ അവൻ പറയുന്ന മറുപടിയാണ് ഈ വേദ ഭാഗം. മനുഷ്യരാശിയുടെ ആദ്യകാല ചരിത്രത്തിൽ നിന്നും ശക്തമായ ഒരു സന്ദേശം നൽകുന്നു. കയീൻറെ ചിന്താ വിവേചനം, മനസ്സിലുള്ള ദോഷം, സഹോദരനോടുള്ള അസൂയ എന്നിവ അവനെ കൊല്ലുന്നതിലേക്ക് നയിച്ചു. യഹോവ കയീനോട് ചോദിച്ചതിലെ ഗൗരവം മനുഷ്യരെ സ്വയം ആലോചിക്കാൻ നിർബന്ധിതരാക്കുന്നു. ' നീ നിൻറെ അനുജൻറെ കാവൽക്കാരനാണൊ?' ഇതിൽ നിന്നും കുറച്ച് ആശയങ്ങൾ പങ്കു വയ്ക്കുന്നു.

## 1) അനുജനോടുള്ള ഉത്തരവാദിത്തം

യഹോവയുടെ ഈ ചോദ്യം മനുഷ്യൻറെ പങ്കാളിത്തം, സഹജീവന ബോധം, ജീവിത മൂല്യങ്ങൾ എന്നിവയെക്കുറിച്ച് ഗൗരവമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. മനുഷ്യർ പരസ്പരം ബന്ധപ്പെടുന്നതിൽ കാരുണ്യവും, ഉത്തരവാദിത്തവും എത്ര മാത്രം ആവശ്യമാണെന്ന് വ്യക്തമാക്കുന്നു.

## 2) സഹജീവന ബോധത്തിൻറെ പ്രാധാന്യം

മനുഷ്യൻ മറ്റൊരാളുടെ ജീവനെ സംരക്ഷിക്കാൻ കടമപ്പെട്ടവനാണ്. അനുജൻറെ കാവൽക്കാരൻ എന്ന ചിന്തയിലൂടെ ദൈവം നമ്മെ നന്മയിലേക്ക് ക്ഷണിക്കുന്നു. പരസ്പരം സ്നേഹിക്കുകയും , സഹായിക്കുകയും, സംരക്ഷിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ദൈവം നമുക്ക് നൽകി.

## 3) അസൂയയുടെ അപകടം

കായീന്റെ ഹൃദയ ത്തിലുണ്ടായിരുന്ന അസൂയ അവനെ അതീവ ഗൗരവതരമായ പാപത്തിലേക്ക് നയിച്ചു. ഇത് നമ്മെ പഠിപ്പിക്കുന്നത് ഏത് ബന്ധത്തിനും സർവ്വ പ്രധാനമായത് വിശ്വാസവും കരുണയും ആണെന്നത്. അസൂയ നമ്മുടെ ആത്മാവിനെ വിഷമയമാക്കുന്നു. അത് നമ്മെ തിന്മയിലേക്ക് നയിക്കുന്നു.

## 4) യഹോവയുടെ ചോദ്യത്തിലെ തീവ്രത

കായീൻറെ മറുപടിയിൽ കാണുന്നതാണ് മനുഷ്യൻറെ സ്വഭാവത്തിലെ അവഗണന. പാപം ചെയ്ത ശേഷം അതിൻറെ ഉത്തരവാദിത്തം തള്ളാൻ മനുഷ്യർ എന്തൊക്കെയൊ ശ്രമിക്കുന്നു. എന്നാൽ ദൈവത്തിൻറെ ചോദ്യത്തിലൂടെ നീതിയുടെയും പവിത്രതയുടെയും അടിവരയിടലാണ് ഉണ്ടാകുന്നത്..

**ഇതിലൂടെ വ്യക്തമാകുന്ന സന്ദേശങ്ങൾ :–**

❖ **പരസ്പര ഉത്തരവാദിത്തം.** വി. മത്തായി 22:39. പാപത്തിൻറെ ദോഷഫലം:– " പാപം നിൻറെ വാതിൽക്കൽ കിടക്കുന്നു. അതിൻറെ സ്വാധീനം നിൻറെ മേൽ കൂടിയിരിക്കുന്നു. പക്ഷെ... നീ അതിനെ അനുസരിക്കരുത്". എന്നാണ് ദൈവത്തിന്റെ ഉപദേശം.

❖ **ദൈവത്തിൻറെ വിജ്ഞാനവും നീതിയും:–**
കയീൻ തൻറെ തെറ്റുകൾ മറച്ചു വച്ചെങ്കിലും ദൈവത്തിൻറെ ദൃഷ്ടിയിൽ അത് വെളിപ്പെട്ടു. ദൈവം സർവ്വവ്യാപിയാണ്. സർവ്വജ്ഞനും. എബ്രാ: 4:13 അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല.

❖ **സ്നേഹം മാത്രമാണ് വിജയത്തിലേക്കുള്ള മാർഗ്ഗം:–**
ഈ ഭാഗത്തിൽ നിന്നും ലഭിക്കുന്ന ശ്രദ്ധേയമായ പാഠം ഇതാണ് 'സഹോദര സ്നേഹം' സകലത്തിലും മേലെയാണ്. 1 യോഹ: 3:11–12 ൽ പറയുന്നതു പോലെ... "നിങ്ങൾ പരസ്പരം സ്നേഹിക്കണം'. കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നതു പോലെയല്ല. കാരണം എന്താണ്? തന്റെ പ്രവൃത്തി ദോഷവും, സഹോദരൻറെത് നീതിയുള്ളതാക കൊണ്ടത്രെ. സാഹോദര്യ ബന്ധത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ജീവിതത്തിൽ കയീൻറെ ചിന്താഗതികൾ ഉയരാൻ അനുവദിക്കാതെ ആത്മീയമായും ധാർമ്മികമായും ദൈവത്തിനു സമർപ്പണവുമുള്ള ജീവിതം നയിക്കുക. അതിനു ദൈവം നമ്മെ അനുഗ്രഹിക്കട്ടെ..

# JB FINANCE

**ഒരു കേരള സർക്കാർ അംഗീകൃത സ്ഥാപനം**

Kariyadil Building,
Opp. St. Stephen's Orthodox Church Parish Hall, Kattanam

+919633 805 404, 9947 710 736 ,80891050079 (Office)

- പണയം വെക്കുന്ന ദിവസത്തേക്കു മാത്രം പലിശ ഈടാക്കുന്ന ഏക സ്ഥാപനം
- ദിവസം, ആഴ്ച, മാസം എന്നിങ്ങനെ പലിശ അടക്കുവാനുള്ള സൗകര്യം
- പണയം വെക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ
- മറ്റൊരിടത്തിരിക്കുന്ന പണയം Take Over ചെയ്യാൻ ഞങ്ങൾ സഹായിക്കുന്നു.

**പലിശ 89 പൈസ മാത്രം**



- FASTEST LOAN DISBURSAL
- MAXIMUM LOAN AMOUNT
- TAKEOVER FACILITY AVAILABLE
- ATTRACTIVE INTEREST SCHEMES
- EASY AND ONLINE REPAYMENT OPTIONS
- WEEKLY MONTHLY PLANS
- MINIMAL DOCUMENTATION
- NO HIDDEN CHARGES

**കൂടുതൽ വായ്പ**
**കുറഞ്ഞ പലിശ**



നിങ്ങളുടെ ആവശ്യങ്ങൾ ഇനി
എന്തിനു മാറ്റിവയ്ക്കണം...!
ജെ.ബി ഫിനാൻസിൽ വരൂ...!!
നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കൂ..!!!

# ഓർത്തഡോക്സ് യുവജനം



റ്റിബിൻ ചാക്കോ തേവർവേലിൽ
('യുവജനം' പത്രാധിപസമിതി അംഗം)

ആരാധനാ, പഠനം, സേവനം എന്ന ആപ്തവാക്യം മുൻനിർത്തി ഇടവകകൾ തോറും പ്രവർത്തിക്കുന്ന യുവജന കൂട്ടായ്മയാണ് യുവജനപ്രസ്ഥാനം. തുമ്പമൺ ഭദ്രാസനത്തിലെ ഇടവകളിൽ ആരംഭിച്ച യുവജനപ്രസ്ഥാനം, 1937 ൽ മലങ്കരസഭയുടെ ഔദ്യോഗിക യുവജന സംഘടനയായി രൂപപ്പെട്ടു. പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനി പ്രഥമ പ്രസിഡന്റായും പി ഇ ദാനിയേൽ ക്ലേറി പ്രഥമ ജനറൽ സെക്രട്ടറിയായും പ്രവർത്തനം ആരംഭിച്ചു. 1958 ൽ പുതുപ്പള്ളിയിൽ വെച്ച് നടന്ന വാർഷിക സമ്മേളനത്തിൽ വെച്ച് 'ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ്' (OCYM) എന്ന പേര് ഔദ്യോഗികമായി സ്വീകരിച്ചു. 1967 ൽ പ സുന്നഹദോസ് അംഗീകരിച്ച ഒരു ഭരണഘടനയും പ്രസ്ഥാനത്തിന് ഉണ്ടായി.

1958 ൽ ആണ് മലങ്കരസഭയിലെ യുവജന സംഘടനക്ക് ഒരു മുഖപത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നത്. ഓർത്തഡോക്സ് യുവജന - വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ ഒരുമിച്ചുള്ള പ്രസിദ്ധീകരണമായാണ് 'ഓർത്തഡോക്സ് യൂത്ത്' മാസിക പ്രവർത്തനം ആരംഭിക്കുന്നത്. ഡോ സാമുവേൽ ചന്ദനപ്പള്ളി, ഡോ. കെ.എം. തരകൻ ഉൾപ്പെടെയുള്ള പ്രമുഖർ ഇതിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ഫാ കെ വി ശാമുവേൽ ദീർഘകാലം പബ്ലിഷർ ആയി പ്രവർത്തിച്ചിരുന്നു. മാസികയുടെ പ്രസിദ്ധീകരണം മുടങ്ങാതെ നിലനിർത്തുന്നതിൽ അദ്ദേഹത്തിന്റെ സേവനം പ്രശംസനീയമായിരുന്നു.

1958 മുതൽ പ്രസിദ്ധീകരിച്ച മാസികയുടെ പ്രവർത്തനം 1996 ൽ നിലച്ചു. അതിനു ശേഷം ഏകദേശം 10 വർഷത്തോളം യുവജന പ്രസ്ഥാനത്തിന് സ്വന്തമായ പ്രസിദ്ധീകരണം ഇല്ലായിരുന്നു. ഇതിന് മാറ്റം വരുന്നത് 2002 ൽ അഭി ഡോ യൂഹാനോൻ മോർ മിലിത്തോസ് തിരുമേനി പ്രസ്ഥാനത്തിന്റെ ചുമതല ഏറ്റെടുക്കുമ്പോഴാണ്. യുവജനപ്രസ്ഥാനത്തിന്റെ ഓഫീസ് ചെങ്ങന്നൂരിൽ നിന്ന് മാറ്റി കോട്ടയത്ത് പുതിയ ഓഫീസിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ശേഷം അടുത്ത ലക്ഷ്യം പ്രസ്ഥാനത്തിന്റെ മുഖപത്രം ആരംഭിക്കുക എന്നതായിരുന്നു. പഴയ പേരിൽ തന്നെ റജിസ്ട്രർ ചെയ്യുവാൻ ശ്രമിച്ചുവെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളാൽ അത് സാധിച്ചില്ല. തുടർന്ന് 2003-2004 കാലഘട്ടത്തിൽ 'ഓർത്തഡോക്സ് യുവജനം' എന്ന പേരിൽ പുതിയ രജിസ്ട്രേഷനോടെയാണ് മാഗസിന്റെ പ്രസിദ്ധീകരണം ആരംഭിക്കുന്നത്. ഡൽഹിയിൽ രജിസ്ട്രേഷന് ആവശ്യമായ എല്ലാ സഹായം ചെയ്ത് തന്നത് ഡൽഹി യുവജന പ്രസ്ഥാനമായിരുന്നു. മാഗസീനിന്റെ തുടക്കകാലത്ത് നേതൃത്വം കൊടുത്ത ഭാരവാഹികൾ ഫാ നൈനാൻ കുര്യക്കോസ്, ഫാ. കെ.വൈ. വിൽസൺ, ബിജു വി പന്തപ്ലാവ്, ഡോ ജേക്കബ് ജോർജ് തുടങ്ങിയർ ആയിരുന്നു. ഫാ എബി ഫിലിപ്പ് മാവേലിക്കര ആദ്യകാല ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. അക്കാലത്ത് സെമിനാരി വിദ്യാർത്ഥി ആയിരുന്ന ഇപ്പോഴത്തെ സഖറിയാസ് മാർ സേവേറിയോസ് തിരുമേനി മാഗസീനിന്റെ ഡിസൈനിംഗിനും മറ്റും സഹായിച്ചിരുന്നതും യുവജനം മാഗസീനിന്റെ ചരിത്രത്തിന്റെ ഭാഗമാണ്.

ആദ്യകാലത്ത് ന്യൂസ് ബുള്ളറ്റിനായും തുടർന്ന് ത്രൈമാസികയായും, മാസികയായും പ്രസിദ്ധീകരണം നടന്നുവന്നിരുന്ന 'ഓർത്തഡോക്സ് യുവജനം' ഇപ്പോൾ ത്രൈമാസികയായി പ്രസിദ്ധീകരണം തുടരുന്നു.

## ഇതുവരെയുള്ള യുവജനം മാഗസീൻ ഭാരവാഹികൾ

### 2022-2025
പ്രസിഡന്റ് : **ഡോ ഗീവർഗീസ് മാർ യൂലിയോസ്**
വൈസ് പ്രസിഡന്റ് : **ഫാ ഗീവർഗീസ് കോശി കറ്റാനം**
ജനറൽ സെക്രട്ടറി : **ഫാ വിജു ഏലിയാസ്**
ട്രഷറാർ : **പേൾ കണ്ണേത്ത്**

ചീഫ് എഡിറ്റർ : **ഫാ ലൂക്ക് ബാബു.**
പബ്ലീഷർ : **ബിനു പാപ്പച്ചൻ പുത്തൂർ**
ബോർഡ് അംഗങ്ങൾ :**ബിബിൻ ബാബു കരുവാറ്റാ**
**റ്റിബിൻ ചാക്കോ തേവർവേലിൽ**

---

### 2018-2022
പ്രസിഡന്റ് : **ഡോ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**
വൈസ് പ്രസിഡന്റ് : **ഫാ വർഗീസ് വർഗീസ്**
ജനറൽ സെക്രട്ടറി : **ഫാ അജി കെ തോമസ്**
ട്രഷറാർ : **ജോജി പി തോമസ്**

ചീഫ് എഡിറ്റർ : **ഫാ തോമസ് രാജു, കരുവാറ്റാ**
പബ്ലീഷർ : **ഫാ ജോൺ ടി ശാമുവേൽ**
ബോർഡ് അംഗങ്ങൾ : **ലെനി ജോൺ പോരുവഴി**
**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**

---

### 2015-2018
പ്രസിഡന്റ് : **ഡോ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**
വൈസ് പ്രസിഡന്റ് : **ഫാ ഫിലിപ്പ് തരകൻ**
ജനറൽ സെക്രട്ടറി : **ഫാ അജി കെ തോമസ്**
ട്രഷറാർ : **ജോജി പി തോമസ്**

ചീഫ് എഡിറ്റർ : **ഫാ എൽദോ കുര്യാക്കോസ്**
മാനേജിംഗ് എഡിറ്റർ : **ഫാ തോമസ് ജോർജ്**
ബോർഡ് അംഗങ്ങൾ :
**എബി എബ്രഹാം കോശി കാർത്തികപ്പള്ളി**
**അനീഷ് കോശി മാരാമൺ**

---

### 2012-2015
പ്രസിഡന്റ് : **യൂഹാനോൻ മാർ പോളികാർപ്പോസ്**
വൈസ് പ്രസിഡന്റ് : **ഫാ മാത്യൂസ് റ്റി ജോൺ കൂടൽ**
ജനറൽ സെക്രട്ടറി : **ഫാ പി.വൈ. ജസൻ**
ട്രഷറാർ : **പ്രിനു റ്റി മാത്യു മൈലപ്ര**

ചീഫ് എഡിറ്റർ : **ജോജി പി തോമസ്**
മാനേജിംഗ് എഡിറ്റർ : **ഫാ തോമസ് ജോർജ്**
ബിസിനസ് മാനേജർ : **സോണി റ്റി ജോബ്**
ബോർഡ് അംഗങ്ങൾ : **പ്രസാദ് ഏബ്രഹാം വർഗീസ്**
**ജെറിൻ ജേക്കബ് കോശി**

### 2009-2012
പ്രസിഡന്റ് : **യൂഹാനോൻ മാർ പോളികാർപ്പോസ്**
വൈസ് പ്രസിഡന്റ് : **ഫാ ജേക്കബ് മാത്യു ചന്ദ്രത്തിൽ**
ജനറൽ സെക്രട്ടറി : **ഫാ സ്റ്റീഫൻ വർഗീസ്**
ട്രഷറാർ : **ഉമ്മൻ ജോൺ**

ചീഫ് എഡിറ്റർ : **രാജ് ഫിലിപ്പ്**
മാനേജിംഗ് എഡിറ്റർ : **ഫാ അജി കെ തോമസ്**
ബിസിനസ് മാനേജർ : **സോണി റ്റി ജോബ്**
ബോർഡ് അംഗങ്ങൾ :
**അനിൽ ഇറ്റിസി, രെഞ്ചു കെ മാത്യു**

---

### 2006-2009
പ്രസിഡന്റ് : **ഡോ യൂഹാനോൻ മാർ മിലിത്തോസ്**
വൈസ് പ്രസിഡന്റ് : **ഫാ കോശി ജോൺ**
ജനറൽ സെക്രട്ടറി : **ഫാ സ്പെൻസർ കോശി**
ട്രഷറാർ : **ഉമ്മൻ ജോൺ**

ചീഫ് എഡിറ്റർ : **ബിജു വി പന്തപ്ലാവ്**
മാനേജിംഗ് എഡിറ്റർ : **ഫാ ടൈറ്റസ് ജോൺ**
ബിസിനസ് മാനേജർ : **ഉമ്മൻ ജോൺ**
അസോസിയേറ്റ് എഡിറ്റേഴ്സ്
**ഡോ ജേക്കബ് മണ്ണുംമൂട്, എ കെ ജോസഫ്**
**ജി സാംകുട്ടി, ജോൺസൺ ഏബ്രഹാം**

---

### 2005-2006
പ്രസിഡന്റ് : **ഡോ യൂഹാനോൻ മാർ മിലിത്തോസ്**
വൈസ് പ്രസിഡന്റ് : **ഫാ നൈനാൻ കുര്യാക്കോസ്**
ജനറൽ സെക്രട്ടറി : **ഫാ വർഗീസ് വർഗീസ്**
ട്രഷറാർ : **ബിജു വി പന്തപ്ലാവ്**

ചീഫ് എഡിറ്റർ : **ഡോ കെ ജെ മാത്യു**
മാനേജിംഗ് എഡിറ്റർ : **ഫാ ജോജി കുര്യൻ തോമസ്**
ബിസിനസ് മാനേജർ : **ഉമ്മൻ ജോൺ**

അസോസിയേറ്റ് എഡിറ്റേഴ്സ് : **ഫാ കോശി ജോൺ**
**ഫാ എബി ഫിലിപ്പ്, ഡോ ജേക്കബ് മണ്ണുംമൂട്**
**എ കെ ജോസഫ്, ജി സാംകുട്ടി, ജോൺസൺ ഏബ്രഹാം**

---

### 2003-2004
പ്രസിഡന്റ് : **ഡോ യൂഹാനോൻ മാർ മിലിത്തോസ്**
വൈസ് പ്രസിഡന്റ് : **ഫാ നൈനാൻ കുര്യാക്കോസ്**
ജനറൽ സെക്രട്ടറി : **ഫാ കെ വൈ വിൽസൺ മണലേത്ത്**
ട്രഷറാർ : **ബിജു വി പന്തപ്ലാവ്**

ചീഫ് എഡിറ്റർ : **ഫാ എബി ഫിലിപ്പ് മാവേലിക്കര**

**(ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

# വാർദ്ധക്യമേറുന്ന കേരളത്തിലെ ക്രൈസ്തവ സഭകൾ



**ഫാ. തോമസ് ചാണ്ടി**
**OCYM -** വൈസ് പ്രസിഡന്റ്
കുന്നംകുളം ഭദ്രാസനം

ഇന്ന് കേരളത്തിലെ ക്രൈസ്തവ സമൂഹം മാത്രമല്ല, ഇവിടുത്തെ യുവതലമുറ ഒരു കുടിയേറ്റത്തിന്റെ സന്തോഷങ്ങളിലാണ്. വിദേശ രാജ്യങ്ങളിലെ ഉയർന്ന ശമ്പളവും, ജീവിത നിലവാരവും, നാട്ടിലെ തൊഴിലില്ലായ്മയും, പഠനത്തിനനുസരിച്ച് ജോലിക്കുള്ള ലഭ്യതക്കുറവും അങ്ങനെ പല കാരണങ്ങൾ ഈയൊരു കൊഴിഞ്ഞു പോക്കിന് ആധാരമാണ്. അങ്ങനെ വാർദ്ധക്യങ്ങൾ മാത്രമായി നമ്മുടെ ആരാധനാലയങ്ങൾ മാറ്റപ്പെടുന്നില്ലേ എന്നത് നാം ചിന്തിക്കണം.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ഒരു എളിയ ചുമതലക്കാരനെന്ന നിലയിലും കൂടി ഈ വിഷയത്തെ സമീപിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ നാട്ടിൽ പിടിച്ചു നിർത്തുവാൻ നമുക്ക് എന്ത് കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും എന്നത് നാം ഏവരും ചിന്തിക്കേണ്ടുന്ന ഒരു വലിയ കാര്യമാണ്.

ഇന്നത്തെ യുവതലമുറ ചോദിക്കുന്ന വലിയ ഒരു ചോദ്യമാണ് "നാട്ടിൽ നിന്നിട്ട് എന്ത് കിട്ടാനാ?". അതിന് വ്യക്തമായ ഒരു മറുപടി നൽകുവാൻ നമുക്ക് സാധിക്കുന്നെങ്കിൽ മാത്രമേ ഈയൊരു കൊഴിഞ്ഞു പോക്ക് നിർത്തുവാൻ സാധിക്കുകയുള്ളൂ.

"കോവിഡാനന്തരം"എന്നൊരു പ്രയോഗം നാമിപ്പോൾ വളരെ ഉപയോഗിക്കുന്നുണ്ട്. കോവിഡ് ഏറ്റവും കൂടുതൽ ബാധിച്ച ഒരു മേഖല നമ്മുടെ ആരാധനാലയങ്ങളാണ്. കോവിഡാനന്തരം, നമ്മുടെ വിശ്വാസികളുടെ ദേവാലയത്തിലേക്കുള്ള വരവ് അൽപമെങ്കിലും കുറഞ്ഞു എന്നത് നാം സമ്മതിക്കേണ്ടുന്ന ഒരു വസ്തുതയാണ്.

Online വിശുദ്ധ കുർബ്ബാനയും, സോഷ്യൽ മീഡിയായുടെ അതിപ്രസരവും അതിൽ വഹിച്ച പങ്ക് വളരെ വലുതാണ് എന്ന് നാം മനസ്സിലാക്കണം.

യുവതലമുറയെ ആകർഷിക്കത്തക്കവിധം നമ്മുടെ സഭാ സംവിധാനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അവ ഉപയോഗപ്പെടുത്തണം. ഓർത്തഡോക്സ് ആരാധനയുടെ മാധുര്യവും മഹത്വവും നഷ്ടപ്പെടുത്താതെ തന്നെ, അവയിൽ നമ്മുടെ യുവജനങ്ങളെയും സജീവമായി പങ്കാളികളാക്കുവാൻ പറ്റുന്ന കർമ്മപദ്ധതികൾ നമുക്ക് നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്."എന്റെ സഭ, എന്റെ ദേവാലയം, എന്റെ പ്രസ്ഥാനം" എന്ന് അവർക്കും തോന്നുന്ന ഒരു രീതിയിലേക്ക് കാര്യങ്ങളെ നമുക്ക് ക്രമീകരിക്കുവാൻ സാധിക്കണം.

പരിശുദ്ധ സഭയുടെ വി.കുർബ്ബാന, കൂദാശ, നോമ്പ്, കുമ്പിടിൽ, ഉപവാസം ഇത്യാദി മഹത്തായ വിശ്വാസപ്രതീകങ്ങൾ നമ്മുടെ യുവതലമുറയിലേക്കും, കുഞ്ഞുങ്ങളിലേക്കും കൂടുതലായി പകർന്നു നൽകത്തക്കവിധം നമ്മുടെ സംവിധാനങ്ങൾ ക്രമപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. ആരാധനയിലെ സജീവ പങ്കാളിത്തത്തിന്റെ ആവശ്യകത യുവതലമുറക്ക് മനസ്സിലാക്കി നൽകുവാൻ നമുക്ക് സാധിക്കണം.



ഇന്നിന്റെ സാമൂഹിക വിപത്തുകളിലേക്ക് അറിയാതെയെങ്കിലും വീണുപോകുന്ന നമ്മുടെ ഭവനങ്ങളെ, ചേർത്തു നിർത്തുന്ന ഒരു നല്ല മാതൃക നമുക്ക് ഒരുക്കിയെടുക്കുവാൻ സാധിക്കണം. ഇന്ന് പലപ്പോഴും കണ്ടുവരുന്ന ഒരു പ്രവണത, അറിയാതെയെങ്കിലും തെറ്റിൽ പെടുന്ന ഒരുവനെ, ഒറ്റപ്പെടുത്തി, സഭയ്ക്കും സമൂഹത്തിനും കൊള്ളരുതാത്തവരായി ചിത്രീകരിക്കുവാൻ ഉത്സാഹിക്കുന്ന ഒരു രീതിയാണ്. ക്രിസ്തു കാട്ടിതന്ന വലിയൊരു മാതൃക നമുക്ക് പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ സാധിക്കണം. "നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ....." എന്ന ഒറ്റ വചനത്താൽ ക്രിസ്തു നേടിയെടുത്തത് ഒരു പാപിനി സ്ത്രീയുടെ ജീവൻ മാത്രമല്ല, മറിച്ച് അവളിൽ ഒരു ആന്തരിക പരിണാമം ഉണ്ടാക്കുവാൻ ക്രിസ്തുവിന് സാധിച്ചു. മുറിവിൽ ഉപ്പ് തേക്കുവാനല്ല, മറിച്ച് മുറിവിൽ മരുന്ന് പുരട്ടി അതിന് സൗഖ്യം നൽകുകയെന്നതാണ് നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം എന്ന് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കണം.

2017 ജൂലൈ 3-ാം തിയതി, പരിശുദ്ധ സഭയ്ക്ക് അനുകൂലമായി പതിറ്റാണ്ടുകൾ നീണ്ടുനിന്ന വ്യവഹാരങ്ങൾക്ക് പരിസമാപ്തിക്കുറിച്ചുകൊണ്ട് വന്ന കോടതി വിധി, നമുക്കേവർക്കും സന്തോഷം പകർന്ന ഒന്നാണ്. എന്നാൽ ആ കോടതിവിധിയുടെ അന്തസത്ത എന്താണെന്നും, പരിശുദ്ധ സഭ കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ച വേദനകൾ എന്തായിരുന്നു എന്നും എന്താണ് യഥാർത്ഥ സത്യമെന്നും നമ്മുടെ യുവതലമുറക്കെങ്കിലും പൂർണ്ണമായി മനസ്സിലാക്കി നൽകുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്നത് നാം ചിന്തിക്കേണ്ടുന്ന വലിയ വസ്തുതയാണ്. അതുകൊണ്ടാണല്ലോ ഇത്രയൊക്കെ അനുകൂല ഘടകങ്ങളും സത്യവും നമ്മോടൊപ്പം ഉണ്ടായിട്ടും വീണ്ടും നാം ക്രൂശിക്കപ്പെടുന്നത്.

**ഇന്നിന്റെ സാമൂഹിക വിപത്തുകളിലേക്ക് അറിയാതെയെങ്കിലും വീണുപോകുന്ന നമ്മുടെ ഭവനങ്ങളെ, ചേർത്തു നിർത്തുന്ന ഒരു നല്ല മാതൃക നമുക്ക് ഒരുക്കിയെടുക്കുവാൻ സാധിക്കണം.**

വിദേശങ്ങളിൽ ചേക്കേറുന്ന നമ്മുടെ യുവതലമുറക്ക് വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്തു നൽകുവാൻ നമ്മുടെ അതാതു സ്ഥലങ്ങളിലെ ഭദ്രാസന നേതൃത്വങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വളരെ പ്രശംസനീയമാണ്. എവിടെയിരുന്നാലും പരിശുദ്ധ സഭയുടെ ഉത്തമ സന്താനങ്ങൾ ആകുവാൻ ഏവർക്കും കഴിയണം.

പരിശുദ്ധ സഭയെ ബലപ്പെടുത്തുവാൻ നമ്മുടെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ യുവജന പ്രസ്ഥാനത്തിനും വലിയ ഉത്തരവാദിത്വമുണ്ട്. നമ്മുടെ യുവജനങ്ങളെ ഒത്തുചേർത്ത്, മുന്നോട്ടു കൊണ്ടുപോകുവാൻ, പരിശുദ്ധ സഭയുടെ കെട്ടുപണിയിൽ പങ്കാളികളാകുവാൻ, നാളത്തെ സഭയുടെ അടിത്തറ ശക്തമാക്കുവാൻ നമ്മുടെ യുവജനങ്ങൾ ഏക മനസ്സോടെ മുന്നിട്ടിറങ്ങണം. അതിന് അവരെ ചേർത്തു നിർത്തി, അതുവഴി പരിശുദ്ധ സഭയുടെ ഭിത്തിയെ ബലവത്താക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.



ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര കലാമേള ജ്വാല - 2025 മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു.



**രെഞ്ചു എം.ജെ**
(മുൻ ഭദ്രാസന ജനറൽ സെക്രട്ടറി &
കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം
തുമ്പമൺ ഭദ്രാസനം)

# വ്യവസ്ഥകളില്ലാതെ ക്രിസ്തുവിനോടൊപ്പം ആകട്ടെ നമ്മുടെ ഇടം

'പൗലോ കൊയ്‌ലോയുടെ, 'The Devil and Miss Prym' എന്ന പുസ്തകത്തിലെ ഒരു കഥ ഇപ്രകാരമാണ്. ഒരു ഗ്രാമത്തിൽ വർഷത്തിലൊരിക്കൽ പാപപരിഹാര ദിനമായി ആചരിച്ചു പോന്നിരുന്നു. അന്നേദിവസം ഗ്രാമവാസികൾ തങ്ങളുടെ ഭവനത്തിനുള്ളിൽ ഇരുന്ന് രണ്ട് ലിസ്റ്റുകൾ തയ്യാറാക്കിയിരുന്നു. അതിനുശേഷം അവർ ഗ്രാമത്തിലെ വലിയ മലയ്ക്ക് അഭിമുഖമായി നിന്ന് ആദ്യത്തേ ലിസ്റ്റ് വായിക്കുമായിരുന്നു. 'കർത്താവേ, ഇതാ അങ്ങേക്കെതിരായി ഞാൻ ചെയ്ത തെറ്റുകളുടെ കണക്കുകൾ. അന്യായം കാണിച്ചു, വഞ്ചിച്ചു, വ്യഭിചാരം ചെയ്തു...' തെറ്റുകളുടെ പട്ടിക നീണ്ടു പോയി. തങ്ങളുടെ തെറ്റുകൾക്കെല്ലാം മാപ്പു ചോദിച്ചുകൊണ്ട് ലിസ്റ്റ് വായിച്ചുതീർത്തു. പിന്നീട് മലയ്ക്ക് അഭിമുഖമായി നിന്നുകൊണ്ട് അവർ രണ്ടാമത്തെ ലിസ്റ്റ് വായിച്ചു തുടങ്ങി. 'കർത്താവേ ഇതാ നീ ഞങ്ങൾക്കെതിരായി ചെയ്ത തെറ്റുകളുടെ കണക്കുകൾ. നീ ഞങ്ങളുടെ പ്രാർത്ഥനകൾ പലതും കേട്ടില്ല. ഞങ്ങൾക്ക് ദുരിതങ്ങൾ നൽകി. രോഗങ്ങളിൽ നിന്ന് സൗഖ്യം നൽകിയില്ല... അങ്ങനെ കർത്താവ് കാണിച്ച തെറ്റുകളുടെ പട്ടികയും നീണ്ടുപോയി. ഏറ്റവും ഒടുവിൽ അവർ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു:

'കർത്താവേ, നിനക്കെതിരായി ഞങ്ങൾ തെറ്റുകൾ ചെയ്തു. അതുപോലെ ഞങ്ങൾക്കെതിരായി നീയും. നമുക്കൊരു ഒത്തുതീർപ്പിലെത്താം. നീ ഞങ്ങളുടെ പാപം ക്ഷമിക്കുക ; നിന്റെ പാപങ്ങൾ ഞങ്ങളും ക്ഷമിക്കാം.'

അനേകം വ്യവസ്ഥകളോ നിബന്ധനകളോ നിറഞ്ഞുനിൽക്കുന്ന ജീവിത ഇടപെടലുകളാണ് നമ്മുടെ ഓരോ ദിനവും. വ്യവസ്ഥകൾ നിറഞ്ഞ സാമ്പത്തിക ഇടപാടുകൾ,കച്ചവടങ്ങൾ, തൊഴിലുകൾ. കുറച്ചുകൂടി ആഴത്തിൽ ചിന്തിക്കുമ്പോൾ ഇത്തരം വ്യവസ്ഥകൾ ബന്ധങ്ങളുടെ കാര്യത്തിലും തെളിഞ്ഞു വരുന്നതായി കാണുന്നുണ്ട്. വ്യവസ്ഥകൾ നിറഞ്ഞ സ്നേഹം, വ്യവസ്ഥകൾ നിറഞ്ഞ ബന്ധങ്ങൾ, സൗഹൃദങ്ങൾ, സാന്നിധ്യങ്ങൾ. ഇവയെല്ലാം ഇന്നത്തെ ബന്ധങ്ങളുടെ വിവിധ മുഖങ്ങളാണ്. എന്നാൽ ക്രിസ്തുവുമായുള്ള ബന്ധത്തിൽ വ്യവസ്ഥകൾ ഉണ്ടാവരുതെന്ന് സുവിശേഷം ഓർമ്മിപ്പിക്കുന്നു.



ക്രിസ്തുവിനെ അനുഗമിക്കുവാൻ തയ്യാറാവുന്ന മൂന്ന് വ്യക്തികളെ സുവിശേഷത്തിൽ കാണുന്നുണ്ട്. ഒന്നാമത്തെ ആൾ ക്രിസ്തുവിനെ അനുഗമിക്കുവാൻ സ്വയം മുന്നോട്ടു വരുമ്പോൾ രണ്ടാമനെയും മൂന്നാമനെയും തന്നെ അനുഗമിക്കുവാൻ ക്രിസ്തു ക്ഷണിക്കുകയാണ്. മൂന്നുപേരും പ്രത്യക്ഷത്തിൽ ക്രിസ്തുവിനെ അനുഗമിക്കാൻ യോഗ്യരല്ല എന്നുവേണം കരുതുവാൻ. ഒന്നാമൻ, ക്രിസ്തുവിനോടൊപ്പം സഞ്ചരിക്കാൻ മുന്നിട്ടിറങ്ങി വന്നുവെങ്കിലും, അവൻ എന്താണ് ചെയ്യുന്നത് എന്ന് പൂർണമായ അറിവ്

**ക്രിസ്തുവിനെ അനുഗമിക്കുവാൻ എല്ലാവരും സന്നദ്ധരാണ്. പക്ഷേ, ആ തീരുമാനത്തിലും നമ്മുടേതായ ഒരിടം നാം മാറ്റിവെച്ചിരിക്കും. പൂർണ്ണമായി നമ്മെ വിട്ടുകൊടുക്കാനുള്ള വിശ്വാസത്തിലേക്ക് നാം വളരുന്നില്ല.**



അവന് ഉണ്ടായിരുന്നില്ല. ഒരു ക്രിസ്തു അനുയായി നേരിടേണ്ടിവരുന്ന സഹനമോ ത്യാഗത്തിന്റെ ആഴമോ, സ്വയം നഷ്ടപ്പെടുന്നതിന്റെ നൊമ്പരമോ അവന് അറിയുമായിരുന്നില്ല. രണ്ടാമനും മൂന്നാമനും ക്രിസ്തുവിനെ അനുഗമിക്കാമെന്ന് പറയുന്നുണ്ടെങ്കിലും അനുദിന ജീവിതത്തിലെ കടപ്പാടുകളും ഉത്തരവാദിത്വങ്ങളും അവരെ വേട്ടയാടുന്നു. അതുകൊണ്ടുതന്നെ വ്യവസ്ഥകൾ നിറഞ്ഞ ക്രിസ്തു - ബന്ധത്തെ കുറിച്ചാണ് അവർ സംസാരിക്കുന്നത്. എല്ലാ കർമ്മങ്ങൾക്കും ഒടുവിൽ ഈശ്വരചിന്തയാകാമെന്ന മനോഭാവം ഇന്നേറി വരുന്നുണ്ട്. ക്രിസ്തു ഒരിക്കലും ദൈനംദിന ഉത്തരവാദിത്വങ്ങളെയോ കടപ്പാടുകളെയോ തള്ളിപ്പറയുന്നില്ല. തള്ളിപ്പറയുന്നതും തിരുത്തുന്നതും മനുഷ്യന്റെ മനോഭാവത്തെയാണ്. ആദ്യം ചെയ്യേണ്ടതും ആദ്യം ചിന്തിക്കേണ്ടതും ഈശ്വരനുവേണ്ടിയും ഈശ്വരനെക്കുറിച്ചും ആണെന്ന് മനുഷ്യൻ മറക്കുന്നു. ആദ്യ ഫലം ദൈവത്തിന് നൽകിയിരുന്ന പൂർവികരുടെ ചിന്തയിൽ നിന്നും മിച്ചം വരുന്നവ - അത് സമയമായാലും അധ്വാനമായാലും ദൈവത്തിന് നൽകുന്ന ചിന്തയിലേക്ക് മനുഷ്യൻ വഴിമാറിതുടങ്ങിയിരിക്കുന്നു.

വ്യവസ്ഥകൾ ഇല്ലാതെ ക്രിസ്തുവിനോടൊപ്പം സഞ്ചരിക്കുവാനാണ് നാമൊക്കെ ക്ഷണിക്കപ്പെട്ടിരിക്കുന്നത്. തന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നവൻ തന്റെ കുരിശുമെടുത്ത പിന്നാലെ വരട്ടെ എന്ന് പറഞ്ഞ ക്രിസ്തുവിന്റെ മുൻപിൽ വ്യവസ്ഥകൾക്ക് സ്ഥാനമില്ല. വല വീശിക്കൊണ്ടിരുന്ന പത്രോസും അന്ത്രയോസും യാതൊരു വ്യവസ്ഥകളും ഇല്ലാതെ വലകൾ ഉപേക്ഷിച്ച് ക്രിസ്തുവിനോടൊപ്പം നടന്നു. വല നന്നാക്കി കൊണ്ടിരുന്ന യാക്കോബും യോഹന്നാനും ക്രിസ്തുവിനെ പിന്തുടർന്നത് യാതൊരു നിബന്ധനകളും ഇല്ലാതെയാണ്. അതുവരെയുണ്ടായിരുന്ന എല്ലാ വേവലാതികളും സമ്പത്തും ഉപേക്ഷിച്ചുകൊണ്ട് പരിഭവങ്ങൾ ഒന്നുമില്ലാതെയാണ് മത്തായി ചുങ്കസ്ഥലത്ത് നിന്ന് ക്രിസ്തുവിന്റെ പിന്നാലെ നടന്നത്. എന്നിരുന്നാലും ഇടതും വലതും ഇരിക്കുവാനുള്ള വരം അന്വേഷിക്കുന്നവരും തങ്ങളിൽ വലിയവൻ ആരാണെന്ന് തീർപ്പ് കൽപ്പിക്കാൻ വെമ്പൽ കൊള്ളുന്നവരും ക്രിസ്തു അനുയായികളായി ഉണ്ടായിരുന്നു.

ഒത്തിരിയേറെ അദ്ധ്വാനിച്ചിട്ടും, സമ്പാദിച്ചിട്ടും കൃത്യമായി സമയം ചെലവഴിച്ചിട്ടും ഒരു ശൂന്യത ജീവിതത്തിൽ അനുഭവിക്കുന്നവരാണ് ക്രിസ്തു അനുയായികളായ നമ്മൾ. എന്താണ് കുത്തിനോവിക്കുന്ന ആ ശൂന്യത എന്ന ചിന്ത, അത് ഈശ്വരന്റെ ഇടമായിരുന്നു എന്ന തിരിച്ചറിവിൽ കൊണ്ടെത്തിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുവാൻ എല്ലാവരും സന്നദ്ധരാണ്. പക്ഷേ, ആ തീരുമാനത്തിലും നമ്മുടേതായ ഒരിടം നാം മാറ്റിവെച്ചിരിക്കും. പൂർണ്ണമായി നമ്മെ വിട്ടുകൊടുക്കാനുള്ള വിശ്വാസത്തിലേക്ക് നാം വളരുന്നില്ല. അതുകൊണ്ടാണ് ക്രിസ്തു ഒപ്പം ഉണ്ടായിട്ടും തോണി മുങ്ങാൻ ഒരുങ്ങിയപ്പോൾ ശിഷ്യർ തങ്ങളുടെ ഇടത്തിൽ നിന്ന് അവിശ്വാസികളെ പോലെ രക്ഷിക്കണമേയെന്ന് നിലവിളിക്കുന്നത്. നമ്മുടെ വ്യവസ്ഥകൾ നമുക്ക് ഉപേക്ഷിക്കാം.നമ്മുടെ തിരിഞ്ഞു നോട്ടങ്ങൾ നമുക്ക് ഉപേക്ഷിക്കാം. ഒന്നാമത്തെ ഇടം ക്രിസ്തുവിന് തന്നെ ആകട്ടെ.




**ബിബിൻ ബാബു കരുവാറ്റ**
(OCYM CENTRAL
EDITORIAL BOARD MEMBER)


# ക്രിസ്തുവോളം മുറിവേൽക്കുക ക്രിസ്തുവോളം തന്നെ സ്നേഹിക്കുക

യേശു ഇങ്ങനെ പ്രാർത്ഥിച്ചു:
***'പിതാവേ, ഇവരോട് ക്ഷമിക്കണമെ; ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ലല്ലോ'***
(ലൂക്കോസ് 23:34)

മൂന്ന് ആണിമേൽ തറയ്ക്കപ്പെട്ട് പഞ്ചമുറിവേറ്റ് ആറ് മണിക്കൂറോളം ക്രൂശിതനായ ക്രിസ്തുവിന്റെ വാക്കുകളാണിത്.ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ അനുഭവിക്കാവുന്ന എല്ലാ വേദനകളും പ്രയാസങ്ങളും അനുഭവിക്കുമ്പോളും ചുറ്റുമുള്ള മനുഷ്യരോട് സ്നേഹത്തോടെ ക്ഷമിക്കുവാൻ കഴിയുന്നു എന്നുള്ളത് നാം അത്ഭുതത്തോടെ മനസ്സിലാക്കുന്ന ക്രിസ്തുവിന്റെ സ്വഭാവഗുണമാണ്. മുപ്പത്തിമൂന്നര വർഷക്കാലം ഈ ലോകത്ത് ജീവിച്ച ദൈവപുത്രനിൽ നാം കാണുന്ന ഏറ്റവും വലിയ സവിശേഷത എന്നുള്ളത് അപമാനിക്കപ്പെടുമ്പോളും മുറിവേൽക്കുമ്പോളും ചുറ്റുമുള്ളവരെ സ്നേഹിക്കുന്നു എന്നുള്ളതാണ്.




യഹൂദ ഗോത്രത്തിൽപ്പെട്ട ഒരു മനുഷ്യന് വേണമെങ്കിൽ സമൂഹത്തിന്റെ ഉന്നത ഇടങ്ങളിൽ മാത്രം ജീവിക്കാമായിരുന്നു എന്നാൽ, ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ മുഴുവൻ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെയും പാപികളുടെയും രോഗികളുടെയും ഇടയിലായിരുന്നു. അതുകൊണ്ടു തന്നെയാണ് വി.വേദപുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് "രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം'

എന്നുള്ളത്.സ്നേഹത്തോടെയും കരുതലോടെയും ചേർത്തുനിർത്താൻ ലോകപുത്രൻ നമ്മെ പഠിപ്പിക്കുന്നു.

പാപിയായ സ്ത്രീയെ കല്ലെറിയുന്നവരോട് ക്രിസ്തു ഇപ്രകാരം അരുളി ചെയ്യുന്നു: "നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ'. യഹൂദ നിയമം അനുസരിച്ച് വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ കല്ലെറിഞ്ഞു കൊല്ലുന്നതായിരുന്നു പതിവ് എന്നാൽ ക്രിസ്തു യഹൂദ ഗുരുക്കന്മാരിൽ നിന്നും വ്യത്യസ്തമായാണ് ആചാരങ്ങളെയും നിയമങ്ങളെയും വ്യാഖ്യാനിച്ചിരുന്നത്. സാധാരണകാർക്ക് അധികഭാരം ചുമത്തി അവരുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിട്ട് പരസ്പരം വെറുപ്പുളവാക്കുന്ന രീതിയിൽ ആയിരുന്നില്ല യേശു ജനങ്ങളെ പഠിപ്പിച്ചിരുന്നത്. മറിച്ച് കല്പനകളിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തിക്കൊടുത്ത് എല്ലാറ്റിലും ഉപരിയായി ദൈവത്തെയും തന്നെപ്പോലെ തന്നെ സ്നേഹിക്കാനാണ് യേശു എല്ലാരെയും ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നത്.

ക്രിസ്തുവിന്റെ ജീവചരിത്രം ഒന്നടങ്കം നാം പരിശോധിക്കുകയാണെങ്കിൽ,താൻ ജീവിച്ചിരുന്ന കാലത്ത് അനേകം ഇടങ്ങളിൽ പലരാലും അവഗണിക്കപ്പെട്ടിട്ടുണ്ട് എന്നാൽ, അവഗണിക്കപ്പെട്ട എല്ലാ സ്ഥലങ്ങളിലും കോപിക്കാതെ സൌമ്യനായി പ്രതികരിക്കുന്ന ദൈവപുത്രനെയാണ് നാം കാണുന്നത്. തന്റെ ന്യായവിസ്താര സമയത്തും ഗോൽഗോഥ മലയിലേക്കുള്ള യാത്രയിലും കുരിശിൽ തൂക്കപ്പെടുമ്പോഴും, മനസികമായും ശാരീരികമായും മുറിവേൽക്കുന്ന എല്ലാ ഇടങ്ങളിലും സ്നേഹത്തോടെയും സഹനത്തോടെയും നിലകൊള്ളുന്ന ക്രിസ്തുവിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്ന ക്രിസ്ത്യാനിക്ക് ക്രിസ്തു തന്നെ ആകണം മാതൃക. നാം ജീവിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് പരിഹാസങ്ങളും നിന്ദകളും വേദനകളും ഏൽക്കേണ്ടി വരുമ്പോൾ സമചിത്തതയോടെ ക്രിസ്തുവിനെ പോലെ ക്ഷമിക്കുവാനും സ്നേഹിക്കുവാനും

**അതേ, തിന്മ നിറഞ്ഞ സമൂഹത്തിൽ നാം ജീവിക്കുമ്പോൾ പലയിടങ്ങളിൽ നാം മുറിവേൽക്കേണ്ടി വരും അപ്പോഴും സ്നേഹത്തോടും ക്ഷമയോടും പ്രതികരിക്കുവാൻ നമുക്ക് സാധിക്കണം അതെ,'ക്രിസ്തുവോളം മുറിവേൽക്കുമ്പോളും ക്രിസ്തുവോളം തന്നെ സ്നേഹിക്കുവാൻ നമുക്ക് സാധിക്കട്ടെ'.**

നമുക്ക് സാധിക്കണം. ഇന്ന് മനുഷ്യൻ ക്രൂരതയുടെ പര്യായമായി മാറുന്നു. തങ്ങളെ വേദനിപ്പിക്കുന്നവരെ നിഗ്രഹിക്കുവാനും സ്വയം ഇല്ലാതെ ആകുവാനുമാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്. ഇതിന് കാരണം ക്രിസ്തു നമ്മിൽ വസിക്കുന്നില്ല എന്നുള്ളതാണ്. വളരെ ചുരുങ്ങിയ കാലം ഈ ഭൂമിയിൽ ജീവിച്ചു പോകുന്ന നമുക്ക് ക്രിസ്തുവിനെ മാതൃകയാക്കി തമ്പുരാൻ പകർന്നു തന്ന മൂല്യങ്ങൾ നിലനിർത്തി ജീവിക്കുവാൻ സാധിക്കണം.പ്രാർത്ഥനയോട് കൂടെ ജീവിതത്തെ ക്രമീകരിച്ച് ദൈവാശ്രയമുള്ളവരായി വളരുവാൻ നമുക്ക് സാധിക്കണം. എം.ടി. വാസുദേവൻ നായർ പറഞ്ഞതുപോലെ 'സമൂഹത്തിന് ഒരു വേട്ടക്കാരന്റെ മനസ്സാണ് ഇര വീഴുമ്പോഴേ അതിന് തൃപ്തിയാവൂ,വീഴ്ത്തുന്നത് വിനോദം മാത്രമല്ല ഒരാഘോഷം കൂടിയാണ്". അതേ, തിന്മ നിറഞ്ഞ സമൂഹത്തിൽ നാം ജീവിക്കുമ്പോൾ പലയിടങ്ങളിൽ നാം മുറിവേൽക്കേണ്ടി വരും അപ്പോഴും സ്നേഹത്തോടും ക്ഷമയോടും പ്രതികരിക്കുവാൻ നമുക്ക് സാധിക്കണം അതെ,'ക്രിസ്തുവോളം മുറിവേൽക്കുമ്പോളും ക്രിസ്തുവോളം തന്നെ സ്നേഹിക്കുവാൻ നമുക്ക് സാധിക്കട്ടെ'.



ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം
ത്രൈമാസിക



**അബി എബ്രഹാം കോശി**
(റീജിയണൽ സെക്രട്ടറി,
നിരണം ചെങ്ങന്നൂർ
മാവേലിക്കര റീജിയൻ)

# പുനരുത്ഥാനത്തിന്റെ വസന്തം

**ദൈവത്തിന്റെ സ്നേഹം നമ്മെ പുനരുദ്ധരിക്കുകയും, നമ്മുടെ യൗവനത്തെ പുതുക്കാനുള്ള ധൈര്യം പകരുകയും ചെയ്യുന്നു. യുവാക്കളായ നമുക്ക് പുനരുദ്ധാനം ഒരു ഹൃദയസ്പർശിയായ അനുഭവമായി മാറണം.**

ഓരോ നിദ്രയും ഒരു ഉണർവിനുള്ള ഒരുക്കമാണ്. ജീവിത യാത്രയിൽ നാം തളരുകയോ, തോൽക്കുകയോ, നിരാശരാവുകയോ ചെയ്യാം. എന്നാൽ ഈ നിമിഷങ്ങളിലാണ് പുനരുദ്ധാനത്തിന്റെ ശക്തി നമ്മിൽ നിറയേണ്ടത്. പുനരുദ്ധാനം വാതിലും ആരംഭവുമാണ്. ക്രിസ്തു നമ്മോട് പറയുന്നു, ***'ഇതാ, ഞാൻ സകലവും പുതുതാക്കുന്നു'*** (വെളിപ്പാട് 21:5).

ക്രിസ്തുവിന്റെ സ്നേഹം നമുക്ക് പുതുക്കപ്പെടാനുള്ള അവസരമാണ്. അവന്റെ സ്നേഹം നമ്മെ പുതുക്കുകയും, നമ്മുടെ ആത്മാവിനെ ഉണർത്തുകയും ചെയ്യുന്നു. എല്ലാ മനുഷ്യർക്കും, പ്രത്യേകിച്ച് യുവഹൃദയങ്ങൾക്കും, ഈ ഉണർവ് വളരെ പ്രധാനമാണ്. കാരണം, നമ്മുടെ യൗവനം തീക്ഷ്ണമാണ്, എന്നാൽ അതേസമയം നമ്മുടെ ഹൃദയങ്ങൾക്ക് ദിശാബോധനവും ആശ്വാസവും അനിവാര്യവുമാണ്.

ദൈവത്തിന്റെ സ്നേഹം നമ്മെ പുനരുദ്ധരിക്കുകയും, നമ്മുടെ യൗവനത്തെ പുതുക്കാനുള്ള ധൈര്യം പകരുകയും ചെയ്യുന്നു. യുവാക്കളായ നമുക്ക് പുനരുദ്ധാനം ഒരു ഹൃദയസ്പർശിയായ അനുഭവമായി മാറണം.

നമ്മുടെ സ്വപ്നങ്ങൾ, ലക്ഷ്യങ്ങൾ, പ്രതീക്ഷകൾ എല്ലാം ദൈവത്തിന്റെ കൈയിൽ സുരക്ഷിതമാണെന്നതാണ് നമ്മുടെ ആത്മവിശ്വാസത്തിന്റെ ഒരു കാരണം. നമ്മുടെ യൗവനം അവന്റെ സേവനത്തിനായി നീക്കിവച്ചാൽ, അവൻ നമ്മെ അത്ഭുതകരമായി ഉപയോഗിക്കും. 'നിന്റെ യൗവനത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർക്കുക' (സഭാപ്രസംഗം 12:1) എന്ന തിരുവെഴുത്ത് ആശ്രയവും വഴിയുമായ ഒരുവനിലേക്കുള്ള ആമുഖമാണ്.

സംസാരം ദൈവത്തോട് മാത്രം എന്നത് കേവലം നിശബ്ദസൂചികയല്ല, നമ്മെ ചിന്തിപ്പിക്കേണ്ട വാക്കുകളാണ്. സംസാരം മാത്രമല്ല, കേൾവിയും ദൈവത്തിൽ നിന്നാകണം. ആ കേൾവിയിൽ നിന്ന് നമ്മുടെ ഹൃദയം ഉണരും. 'യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും' (മത്തായി 7:7). പ്രാർത്ഥന നമ്മെ ദൈവത്തോട് അടുപ്പിക്കുകയും, നമ്മുടെ ആത്മാവിനെ പുതുക്കുകയും ചെയ്യുന്നു. നമ്മുടെ വഴി അവന്റെ ഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തണം. നമ്മുടെ ഹൃദയങ്ങൾ അവന്റെ സ്നേഹത്തിൽ നിറയപ്പെടണം.

പുനരുദ്ധാനത്തിന്റെ ശക്തി നമ്മുടെ ഹൃദയങ്ങളെ തൊടുകയും യേശുക്രിസ്തുവിന്റെ സ്നേഹത്തിലൂടെ നമുക്ക് പുതുക്കപ്പെടാനുള്ള അവസരം നൽകുകയും ചെയുന്നു. നമ്മുടെ യൗവനം അവന്റെ സേവനത്തിനായി നീക്കിവച്ചാൽ, ദൈവം നമ്മെ അത്ഭുതകരമായി ഉപയോഗിക്കും. നമ്മുടെ ജീവിതം അവന്റെ മഹത്വത്തിനായി ജീവിക്കാം. നമുക്ക് പുനരുദ്ധാനത്തിന്റെ ശക്തിയെ കൈവരിക്കാം, നമ്മുടെ ജീവിതങ്ങളും സമൂഹവും സഭയും അവന്റെ സ്നേഹത്തിൽ നിറയട്ടെ!

ഓർത്തഡോക്സ്
യുവജനം
ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



# തൊഴിൽ നൽകും യുവജനപ്രസ്ഥാനം

## 40 ഓളം യുവജനങ്ങളെ സർക്കാർ സർവ്വീസിൽ എത്തിച്ച് നല്ലില സെന്റ് ഗബ്രിയേൽ യുവജനപ്രസ്ഥാനം

മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാന യൂണിറ്റുകളിൽ ആദ്യമായി കേരള സർക്കാർ സർവ്വീസിൽ ജോലിയ്ക്കായി തയ്യാറെടുക്കുന്നവർക്ക് വേണ്ടി സൗജന്യ പി എസ് സി പരിശീലനം നൽകി തുടങ്ങിയ യൂണിറ്റാണ് കൊല്ലം മെത്രാസനത്തിലെ നല്ലില സെന്റ് ഗബ്രിയേൽ സൂബോറോ ഓർത്തഡോക്സ് വലിയപള്ളി യുവജന പ്രസ്ഥാനം യൂണിറ്റ് . ഇന്ന് 35 പേരാണ് യുവജന പ്രസ്ഥാനം നേതൃത്വം നൽകിയ സെന്റ് ഗബ്രിയേൽ പി എസ് സി പഠന കൂട്ടായ്മയിലൂടെ സർക്കാർ സർവ്വീസിൽ എത്തി കഴിഞ്ഞത്. 11 പേർ ഇനിയും വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടു ജോലി പ്രതീക്ഷിച്ചിരിക്കുകയാണ് ഇപ്പോഴും സൗജന്യ പരിശീലനം തുടരുകയാണ് . 8 പേര് പി.എസ്.സി പരീക്ഷയിൽ ആദ്യ 100 റാങ്കിൽ ഉൾപ്പെട്ടതും പ്രസ്ഥാനത്തിന് അഭിമാന നിമിഷമായിരുന്നു ഇന്ന് സർക്കാർ സർവ്വീസിലെ 20 വകുപ്പുകളിൽ ആയി സെന്റ് ഗബ്രിയേലിന്റെ പ്രിയ പഠിതാക്കളുണ്ട് രജിസ്ട്രേഷൻ ഫീസ് പോലും വാങ്ങാതെ പൂർണ്ണമായി സൗജന്യമായാണ് പരിശീലനം ക്രമീകരിക്കുന്നത്. യുവജന പ്രസ്ഥാനം പ്രസിഡന്റ് ഫാ. ക്രിസ്റ്റി ജോസ് പരിശീലന പരിപാടികൾക്ക് നേതൃത്വം വഹിച്ച് വരുന്നു .

പള്ളി പാഴ്സനേജിന് മുകളിലായി ജാതിമതഭേദമന്യേ ഏവർക്കും പങ്കെടുക്കത്തക്ക രീതിയിലാണ് ആദ്യ ഘട്ട സൗജന്യ പി.എസ്.സി പരിശീലനം ആരംഭിച്ചത് . ശനി, ഞായർ ദിവസങ്ങളിൽ മാത്രം ആയിരുന്നും ആദ്യ ബാച്ചിൽ പരിശീലനം നൽകിയിരുന്നത് നേരിട്ടുള്ള പരിശീലനം തുടങ്ങി 2 വർഷം പിന്നിടുമ്പോൾ ആണ് കോവിഡ് വില്ലനായത് . എന്ത് ചെയ്യണം എന്ന് ആശയ കുഴപ്പത്തിൽ ആയി കുറച്ച് നാൾ പരിശീലനം മുടങ്ങി . തുടർന്ന് 2 മാസത്തെ ഇടവേളയ്ക്ക് ശേഷം സൗജന്യമായി ഓൺലൈൻ പരിശീലനം ആരംഭിച്ചു . ഒരു ബാച്ചിൽ 35 പേർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തിയായിരുന്നു പരിശീലനം കോവിഡ് കാലത്ത് എല്ലാ ദിവസവും പരിശീലനം നൽകാൻ കഴിഞ്ഞത് കോവിഡ് മൂലം പഠനം പ്രതിസന്ധികളിലായ വിദ്യാർത്ഥികൾക്ക് ഏറെ സഹായകരമായി ഒന്നര വർഷത്തെ പരിശീലന കാലയളവിൽ 600 ലധികം റഗുലർ പരീക്ഷകളും 400 ലധികം മുൻവർഷ പരീക്ഷകളും സൗജന്യമായി ക്രമീകരിക്കപ്പെട്ടു. റാങ്ക് ഫയൽ പരീക്ഷകളും റഗുലർ ആയി കറണ്ട് അഫയേഴ്സ് നോട്ട്സുകളും ഇതര നോട്ട്സുകളും നൽകി ആയിരുന്നു പരിശീലനം . ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് നേരിട്ടുള്ള ക്ലാസ് ആവശ്യമുള്ളവർക്ക് പരിശീലന ഘട്ടത്തിൽ നൽകി. വിദ്യാർത്ഥികളെയും കൃത്യമായി നിരീക്ഷിച്ച് ആയിരുന്നു പരിശീലനം.

ആദ്യ ഓൺലൈൻ ബാച്ചിൽ പരിശീലനത്തിൽ പങ്കെടുത്ത 36 പേരിൽ 26 പേരും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു അവരിൽ 22 പേര് ഇത് വരെ സർക്കാർ സർവ്വീസിൽ പ്രവേശിച്ചു . മറ്റുള്ള 13 പേര് റഗുലർ ക്ലാസിൽ പങ്കെടുത്തും ജോലിയിൽ പ്രവേശിച്ചു. കൊല്ലം മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് മാത്യു ടി തോമസ് അച്ചനാണ് (ടോൺ അച്ചൻ) സൗജന്യ ഓൺലൈൻ പരിശീലനത്തിന് തുടക്കം കുറിച്ചത് . ഇപ്പോഴത്തെ വികാരി ക്രിസ്റ്റി അച്ചന്റെ നേതൃത്വത്തിൽ ഇപ്പോഴും ക്രമമായി ഓൺലൈൻ ക്ലാസുകൾ നടന്നു വരുന്നു . യുവജന പ്രസ്ഥാനം കൊല്ലം മെത്രാസന ട്രഷററും കേന്ദ്ര ഓഡിറ്ററുമായ ജോസി ജോൺ ക്ലാസ് കോർഡിനേറ്ററായും ആഷ്ബി ഷാജി കൺവീനറായും സൗജന്യ പരിശീലനത്തിന് നേതൃത്വം നൽകി വരുന്നു ഇടവക ഭരണ സമിതിയുടെ അകമഴിഞ്ഞ പിന്തുണയും ഇക്കാര്യത്തിൽ ഉണ്ട്. ഇടവക ട്രസ്റ്റി സജി ജോൺ, സെക്രട്ടറി ടിന്റു തോമസ്, യുവജന പ്രസ്ഥാനം സെക്രട്ടറി ഏബൽ മാത്യു ട്രസ്റ്റി ജോയൽ കെ ജോസ് എന്നിവർ പ്രസ്ഥാനത്തിന്റെ പരിശീലന പരിപാടികൾക്ക് ഏറെ പിന്തുണ നൽകി വരുന്നു ഇപ്പോൾ വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള പഠിതാക്കളും ഈ ഓൺലൈൻ പഠന കൂട്ടായ്മയിലുണ്ട് .

സെന്റ് ഗബ്രിയേൽ യുവജനപ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിൽ വച്ച് സർക്കാർ ജോലി ലഭിച്ച മുഴുവൻ പേർക്കും ആദരവ് നൽകിയിരുന്നു . കൊല്ലം മെത്രാസനാധിപൻ അഭി.ഡോ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ പ്ലാറ്റിനം ജൂബിലി സമാപന യോഗത്തിൽ ചലച്ചിത്ര താരവും സംവിധായകനും ആയ ശ്രീ മധുപാൽ ആണ് ജോലി ലഭിച്ച 35 പേർക്കും ആദരവ് നൽകിയത് 2010-11 ഓർത്തഡോക്സ് സഭയിലെ മികച്ച യുവജനപ്രസ്ഥാനത്തിനുള്ള പുരസ്കാരവും 2018-19 ലെ സഭയിലെ മികച്ച ജീവകാരുണ്യ പുരസ്കാരവും ഏറ്റ് വാങ്ങിയിട്ടുള്ള സെന്റ് ഗബ്രിയേൽ യുവജനപ്രസ്ഥാനത്തിന്, ഷാർജ സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ പുരസ്ക്കാരവും ലഭിച്ചിട്ടുണ്ട് ഇപ്പോൾ 50 ഓളം യുവജനങ്ങൾ സജീവമായി സെന്റ് ഗബ്രിയേൽ സുബോറോ ഓർത്തഡോക്സ് വലിയ പള്ളി യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്നു.




മാവേലിക്കര ഭദ്രാസനത്തിന്റെ
പ്രഥമ മെത്രാപ്പോലീത്ത
**അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് തിരുമേനി**

പ്രാർത്ഥനാദരവുകളോടെ....

**M.G. Alexander**
**Aleena Pharmaceuticals**
**Kattanam**





**ലിഡ ഗ്രിഗറി**
(കേന്ദ്ര സെൻട്രൽ കമ്മിറ്റി അംഗം)

# അതിജീവനത്തിന്റെ പാഠങ്ങൾ

**അ**തിജീവനം എന്നു പറഞ്ഞാൽ കടന്ന് അപ്പുറത്തേക്ക് പോകുകയെന്നു മാത്രമല്ല മറിച്ച് അതിജീവിച്ചു കഠിനാനുഭവങ്ങൾ പകർന്നു തന്ന എന്താണ് നമ്മിലുള്ളത് എന്ന് പ്രധാനമാണ്. കോവിഡ്കാലം മനുഷ്യനെ പഠിപ്പിച്ച ഒരു വലിയ പാഠമുണ്ട്. 'മനുഷ്യൻ ദൈവമല്ല എന്ന തിരിച്ചറിവ്'. അക്രമവും, ആഡംബരവും പൊങ്ങച്ചവും നിറഞ്ഞുനിന്നിരുന്ന ലോകം, മറ്റുള്ളവരെക്കുറിച്ചു കരുതൽ ഇല്ലാതിരുന്ന ജനം, ദൈവത്തെപ്പോലും ഭയമില്ലാതെ മൂഢന്മാരായി അന്ധന്മാരായിരുന്നു നാം ഓരോരുത്തരും. നമ്മുടെ ഈ വഴികൾ ദൈവത്തിന് സ്വീകാര്യമല്ല എന്നത് സ്പഷ്ടമാണ്. ഇതൊരു അവസരമാണ്. മാറ്റത്തിനുള്ള അവസരം. പുതിയ വഴിയിലേക്ക്, പുതിയ ദർശനങ്ങളിലേക്ക്, പുതിയ തീരുമാനങ്ങളിലേക്ക് ലോകം ഇനി ഒരിക്കലും പഴയപോലെ ആവില്ല എന്ന് നാം തീരുമാനിക്കുകയാണ് വേണ്ടത്.

> **'ജീവിതത്തിന്റെ സാധാരണ വഴികളിൽ നിന്ന് അസാധാരണമായ സാഹചര്യങ്ങളെ ക്രമീകൃതമായി മറികടക്കുക എന്നതാണ് അതിജീവനം'**

കടന്നുപോയ ദിനരാത്രങ്ങൾ നമ്മെ ചിലതൊക്കെ പഠിപ്പിച്ചു. അക്രമങ്ങൾ ക്രമങ്ങളായി മാറുന്നത് നാം കണ്ടു. മനുഷ്യത്വവും, മനസ്സലിവും സ്നേഹവും കാരുണ്യവും നമ്മിലേക്ക് അറിയാതെ വന്നു. ഉള്ളതുകൊണ്ട് സാഹചര്യത്തിനനുസരിച്ച് ജീവിക്കാൻ നാം പഠിച്ചു. പ്രകൃതിയോടും, മറ്റു ജീവജാലങ്ങളോടും ചേർന്ന് ജീവിക്കാനുള്ള നിയോഗമാണ് നമ്മുടേതെന്ന് ഇനിയെങ്കിലും നാം ഓർത്തിരിക്കണം. സാധ്യമാകാത്ത പലതും സാധ്യമാകും എന്ന് ഈ കാലം നമ്മെ പഠിപ്പിച്ചു. വേഗതയ്ക്കു കുറവുവന്ന കാലം, കുടുംബാരാധനകളും, കുടുംബപ്രാർത്ഥനയും സജീവമായ കാലം ആഡംബരഹിതമായ ശവസംസ്ക്കാരവും, വിവാഹങ്ങളും നടന്ന കാലം. നാട്ടിൻപുറങ്ങളിലെ പെട്ടിക്കടകൾക്കു ജീവൻ വച്ച കാലം. ഒരു കാലത്തു നമ്മുടെ നാടിനെ സഭയെ സംപുഷ്ടമാക്കിയിരുന്ന നല്ല മാതൃകകൾ പുനഃസ്ഥാപിക്കുവാൻ ഈ കാലം നമ്മെ ഇടയാക്കിയിരിക്കുന്നു. ഭീതിപ്പെടുത്തുന്ന പ്രശ്നങ്ങളുടെ മുമ്പിൽ ക്ഷണനേരത്തേക്ക് മനുഷ്യൻ അമ്പരന്നുനിന്നുപോകും. പ്രതി സന്ധികളെ വെല്ലുവിളിച്ചുകൊണ്ട് മുന്നേറുവാൻ നമ്മെ ഒരുക്കുന്നു. ശ്രീ. എ.പി.ജെ. അബ്ദുൾ കലാം അതുകൊണ്ടായിരിക്കണം തന്റെ ആദ്യ പുസ്തകത്തിന്റെ Indomitable Spirit (അജയ്യമായ ആത്മചൈതന്യം) എന്ന് പേരിട്ടത്.

ജീവിതത്തിന്റെ സാധാരണ വഴികളിൽ നിന്ന് അസാധാരണമായ സാഹചര്യങ്ങളെ ക്രമീകൃതമായി മറികടക്കുക എന്നതാണ് അതിജീവനം. മനുഷ്യജീവിതം തന്നെ അത്തരത്തിൽ നോക്കുമ്പോൾ ഒരു അതിജീവിതമാണ്. കൊറോണയ്ക്കു മുമ്പും ശേഷവും എന്ന പരിസ്ഥിതിയിലാണ് അതിജീവനം എന്ന ഈ വാക്ക് നമുക്ക് കൂടുതൽ പരിചിതമായത് ഓരോ കാലഘട്ടത്തിലും മനുഷ്യൻ പ്രതിസന്ധികളെ അതിജീവിച്ചു കൊണ്ടാണ് ഇന്നുവരെ എത്തിച്ചേർന്നിരിക്കുന്നത്. നാളകളിലും നമുക്ക് ഉണ്ടാകാവുന്ന വെല്ലുവിളികളെ ദൈവാശ്രയബോധത്തോടും ക്രമീകൃതമായ ജീവിതത്തോടും നാം നേരിടുമ്പോൾ ജീവിതം ലളിതവും സുന്ദരവുമാകും. അതാണ് അതിജീവനം.



**തോമസ് ജോൺ**
**(മലങ്കര സഭ**
**മാനേജിംഗ് കമ്മിറ്റി അംഗം)**

# ഭാഷയും സംസ്കാരവും

മനുഷ്യന് സംസ്കാരം എന്ന് പറയുന്നത് മീനിന് ശുദ്ധവെള്ളം എന്ന് പറയുന്നതുപോലെയാണ്. ഇത് ജീവിതത്തിന്റെ അന്തസത്തയെ നിർവ്വചിക്കുകയും അതിന്റെ മനോഹാരിതയെ എടുത്തുകാട്ടുകയും ചെയ്യുന്ന ഒന്നാണ്.

സംസ്കാരം കാലാന്തരങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കയും പാരമ്പര്യങ്ങൾ പുതിയ ഫാഷനുകളുമായി മത്സരിക്കുകയും ചെയ്യുന്നു.

സാംസ്കാരിക ഓജസ്സ് മനുഷ്യന് മണ്ണും പാരമ്പര്യവുമായി കോർത്തിണക്കുന്ന ഘടകമാണ്. ഈ സാംസ്കാരിക ശക്തി മനുഷ്യന് ലഭ്യമാക്കുന്നത് പഴയ തലമുറകൾ കൈവിടാതെ കാത്ത് പുതിയ തലമുറകൾക്ക് നല്കുന്നതി ലൂടെയാണ്.

മനുഷ്യൻ തന്റെ സംസ്കാരസമ്പന്നത തുറന്നു കാട്ടുന്നത് പെരുമാറ്റത്തിലൂടെയും തന്റെ ഭാഷയിലൂടെയുമാണ്. ആയതിനാൽ ഭാഷയും സംസ്കാരവും കെട്ടുപിണഞ്ഞു കിടക്കുന്ന നിഗൂഢമായ ഒരു സ്ഥിതിവിശേഷമാണ്.

മാതൃഭാഷയാണ് സംസ്കാരത്തിന്റെ ഈറ്റില്ലം. അതിലൂടെയാണ് മനുഷ്യൻ സംസ്കാരത്തിന്റെ പാഠങ്ങൾ പഠിക്കുന്നത്. പൂക്കിൾക്കൊടിയിലൂടെ അമ്മയിൽനിന്നും പോഷണം വലിച്ചെടുക്കുന്ന കുഞ്ഞുപോലെ മനുഷ്യൻ ആയിരിക്കുന്ന സ്ഥലകാലങ്ങളിൽ മാതൃഭാഷയിലൂടെ സംസ്കാരത്തെ ഉൾക്കൊള്ളുകയും വളരുകയുമാണ് ചെയ്യുന്നത്.

ആയതിനാലാണ് പഴയ തലമുറ ഭാഷക്കും അതിലൂടെ മാതൃസംസ്കാരത്തിനും ഊന്നൽ നല്കിയിരുന്നത്. ഓരോ കുടുംബങ്ങളിലും അവർ കരുതലോടെ സംസ്കരിച്ചു കാത്തു പകർന്നു പുതിയ തലമുറയെ പഠിപ്പിച്ചു തന്ന ഭാഷയും അവരുടെ സംസ്കാരവും എപ്പോഴും സമൂഹത്തിൽ വേറിട്ട് നിന്നിരുന്നു. ഇതിനാൽ പഴയകാലങ്ങളിൽ ഓരോ കുടുംബവും സമൂഹമദ്ധ്യേ അവരവരുടെ പെരുമാറ്റത്തിലും ഭാഷയിലും തങ്ങളുടെ സംസ്കാരംമൂലം വ്യത്യസ്തത പ്രകടമാക്കിയിരുന്നു. ആയതിനാൽ കുടുംബ സംസ്കാരത്തിനും പാരമ്പര്യങ്ങൾക്കും സമൂഹത്തിൽ എന്നും അർഹിക്കുന്ന ബഹുമാനം ലഭിച്ചിരുന്നു. ഇതിനാലയിരുന്നു കുടുംബങ്ങൾ തമ്മിൽ ബന്ധുത നടക്കുമ്പോൾ പണത്തെക്കാളേറെ കുടുംബ പശ്ചാത്തലത്തിനു പ്രാധാന്യം നല്കിയിരുന്നത്.

ഇന്ന് പുതിയ തലമുറയ്ക്ക് നഷ്ടമായത് ആ ഭാഷയും അതിലൂടെ പാരാമ്പര്യമായി കൈവന്ന സംസ്കാരവുമാണ്. സമൂഹത്തിൽ ഇപ്പോൾ മാതൃഭാഷക്കും ശോഷണം സംഭവിച്ചതിലൂടെ മാതൃസംസ്കാരത്തിനും മൂല്യശോഷണം നേരിട്ടുകൊണ്ടെയിരിക്കുന്നു.



ഭാഷ വെറും ആശയവിനിമയത്തിനുള്ള ഉപാധിയായി പുതിയ തലമുറ കാണുന്നതിലൂടെ ഒരു സംസ്കാരം അവർക്ക് അന്യം നിന്ന് പോവുകയാണ്. ആയതിലൂടെ പുതിയ സമ്മിശ്ര സംസ്ക്കാരം ഉടലെടുക്കുകയാണ്. എല്ലാ ഭാഷകളും ഉൾക്കൊള്ളുന്ന തനതായ ഒരു സംസ് കാരത്തിനെ കാണാൻ പുതിയ തലമുറയ്ക്ക് കഴിയാതെ പോവുന്നു.

ഇന്നത്തെ തലമുറ ഒരേ സമയം ബഹുഭാഷകൾ കൈകാര്യം ചെയ്യാൻ മിടുക്കരാണ്. ഒരുകാലത്ത് ഗ്രാമീണ വ്യവസ്ഥയിൽ നിന്നും ലോകം ഒരു ബ്രൂഹുത്തായ ഒറ്റ ഗ്രാമമായി വളർന്നതിലൂടെ തദ്ദേശീയ, ദേശീയ, അന്തർദ്ദേശീയ ഭാഷകൾ നിഗളമായി കൈകാര്യം ചെയ്യാൻ എല്ലാവരും പരിശീലിച്ചു. അത് വേണം എന്നതിന് തർക്കമില്ല. ആയതിലൂടെ ഈ തലമുറ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അനവധിയാണ്. നല്ലതു തന്നെ. ലോകപുരോഗതിക്ക് ഇതിനുള്ള നിർണായക പങ്ക് വലുതാണ്.

എന്നാൽ അന്യ ഭാഷകളുടെ കടന്നു കയറ്റത്തിൽ കൈമോശം വന്നതും വിള്ളലേറ്റതും മാതൃസംസ്കാരമാണ് എന്നുള്ളത് വിസ്മരിക്കാൻ കഴിയില്ല. പുതിയ സ്ഥലങ്ങളിൽ ചെന്നെത്തപ്പെടുന്നവരും തനതു സ്ഥലങ്ങളിൽ അത്തരം മാതാപിതാക്കൾക്ക് ജനിക്കുന്നതുമായ തലമുറ ശുദ്ധ മാതൃഭാഷയിൽ സംസാരിക്കുന്നതിലൂടെ പ്രകടമാക്കുന്നത് തൻറെ സ്വന്തം സംസ്കാരത്തെയാണ്. അന്യ നാടുകളിൽ ചേക്കേറിയവരും അവരുടെ പുതിയ തലമുറയും ചിലപ്പോൾ തെറ്റിദ്ധരിച്ചു ചോദിക്കും..

'നാം എന്തിനു ഇനി മാതൃഭാഷ പഠിക്കണം ?'

'പുതിയലോകം, പുതിയ തലമുറ ഒരു സ്ഥലത്ത് കെട്ടി പൂട്ടിയിടാനുള്ളതല്ലല്ലോ ?'

ഇംഗ്ലീഷ് മറ്റു ഏതു ഭാഷയെക്കാളും മികച്ചതും അനായാസവുമാണെന്നുള്ള കാഴ്ചപാടിൽ മാതൃഭാഷയെ തരം താണ ഏതോ ആണെന്ന് കാണുന്നതിൽ പലർക്കും ലജ്ജയില്ല! ആയതിനാൽ പുതിയ തലമുറയെ അറിയാതെ തന്നെ മാതൃഭാഷയിൽ നിന്നും അകറ്റുന്നതിൽ ഒരു വലിയ പങ്ക് മാതാപിതാക്കൾക്ക് തന്നെ.

ഭാഷ വെറും ഒരു ആശയ വിനിമയ ഉപാധി (Communication Tool) ആയി കരുതുന്നവർ ഓർക്കേണ്ട



പല സത്യങ്ങളുണ്ട്. ഒരു ഭാഷ പഠിക്കുന്നതിലൂടെ ഒരു സംസ്കാരത്തെയാണ് പഠിക്കുന്നത്. ഭാഷയുടെ വൈശിഷ്ടതയും മധുരിമയും അത് വൈകാരികമായി ഉൾക്കൊള്ളുകയും ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ സ്വായത്തമാക്കുന്നു. അത് അവനു ആത്മവിശ്വാസം വർദ്ധിപ്പിക്കും. സ്ഥലകാലങ്ങൾ അനുസരിച്ച് സംസ് കാരവും പാരമ്പര്യവും വ്യത്യസ്തമായിരിക്കുന്നതു പോലെ ഭാഷയും വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് ഒരു ഭഷയിൽ തന്നെ പല സംസ്കാരങ്ങൾ കണ്ടു വരുന്നത്. ഭാഷ സംസ്കാരത്തിന്റെ വാഹക ശക്തിയാകണം.

അതാത് സ്ഥലങ്ങളിലെ സാമൂഹ്യ പശ്ചാത്തല മനുസരിച്ചു സംസ്കാരം വ്യത്യസ്തമായി രിക്കുന്നതുപോലെ ഭാഷയും പ്രയോഗവും വ്യസ്ത്യസ്തമായിരിക്കുന്നു. ഇതിലുമുപരി കുടുംബ പശ്ചാത്തലവും കുടുംബ പാരമ്പര്യങ്ങളും സംസ്കാരത്തെയും ഭാഷയെയും വളരെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ആയതിനാൽ വരും തലമുറകൾക്ക് തീർച്ചയായും ഇവ കൈമുതലായി കൈമാറണമെങ്കിൽ മാതൃഭാഷയും പഠിപ്പിച്ചേ മതിയാകൂ!

വളരെയേറെ മറുനാടൻ കേരളീയർക്ക് ഇംഗ്ലീഷും ഹിന്ദിയും കഴിഞ്ഞേയുള്ളൂ സ്വന്തം മലയാളം. ഇതിന്റെ പരിണിതഫലങ്ങൾ വളരെ വലുതാണ്. അങ്ങനെയുള്ളവർ മാതൃഭാഷയെ തരം താണതും Englishനെ ഉത്കൃഷ്ട മായതുമാക്കി മാറ്റി നിർത്തുക മാത്രമല്ല വ്യക്തികളെ രണ്ടു തട്ടുകളിലാക്കി ഒരാൾക്കെതിരെ മറ്റൊരാളിൽ ആധിപത്യ മനോഭാവം സൃഷ്ടിക്കുകയാണ്. ഇത് മാതൃഭാഷയെ അപകർഷതാഭാവത്തോടെ കാണാൻ ഇടയാക്കും.

**"ആനുകാലിക രാഷ്ട്രീയ സാമൂഹ്യ സംഭവങ്ങളും അതിലൂടെ ഉരുത്തിരിയുന്ന സംവാദങ്ങളും ഭാഷയും ഭാഷാപ്രയോഗങ്ങളും മനുഷ്യരുടെ സ്വഭാവരൂപികരണത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകമാണ്. "**

ഇന്ന് കാണുന്ന പുതിയ സംസ്കാരം ഭാഷയുടെ അവ്യക്തത പ്രകടമാക്കുന്നതാണ്. സമ്മിശ്ര സംസ്കാരത്തിന്റെ പുതിയ ഉത്പന്നം എന്ന നിലയിൽ ഭാഷയും സമ്മിശ്രമായിരിക്കുന്നു. ശുദ്ധ ഭാഷ വിരളമായിരിക്കുന്നു. ഭാഷയെ സ്വാധീനിക്കുന്ന മുഖ്യ ഘടകങ്ങളിൽ സിനിമയും വാർത്താമാധ്യമങ്ങളും മറ്റു സോഷ്യൽ മീഡിയകളും വളരെ പങ്ക് വഹിക്കുന്നുണ്ട്. ആയതിനാലാണ് ഇന്ന് ഭാഷകൾ ചുരുങ്ങി കോട് ഭാഷകളായിരിക്കുന്നതും പുതിയ വാക്കുകളും വാചകങ്ങളും മനുഷ്യനിൽ വളരെ ആഴത്തിൽ സ്വാധീനം ചെലുത്തിയിരിക്കുന്നത്. ഇത് തൻറെ സംസ്കാരത്തെ വിളിച്ചു പറയുന്ന ഒന്നാണ്. ഇത്തരം ഭാഷാപ്രയോഗങ്ങൾ കുടുംബ സദസ്സുകളിലും പൊതുമധ്യത്തിലും പറയാൻ കൊള്ളാത്ത ഭാഷയായിരിക്കുന്നു.

പൊതു സദസ്സിനു മുൻപിൽ ബഹുമാനത്തോടെ പറയാൻ കഴിയാത്ത ഭാഷ എങ്ങനെ സംസ്കാരം ഉൾക്കൊള്ളുന്നതാകും?

അതെങ്ങനെ പുതിയ തലമുറയ്ക്ക് കൈമാറാൻ പറ്റും?

എങ്കിൽ അത്തരം തലമുറകൾ വരും തലമുറകൾക്ക് പ്രചോദനത്തേക്കാളും നാണക്കേടല്ലേ സമ്മാനിക്കുന്നത്. ആനുകാലിക വാർത്താമാധ്യമങ്ങൾ ഒരു കാലത്ത് ഭാഷയുടെ ഈറ്റില്ലങ്ങളായിരുന്നു. ഭാഷാശുദ്ധിക്കും വായനാശീലത്തിനും ആയതിലൂടെ വർത്തമാനകാല വിജ്ഞാനത്തിന്നും അതിനു പുറമേ അന്തസത്തയുള്ള സംസ്കാര വളർച്ചക്കും കുട്ടികൾക്ക് അച്ചടി മാധ്യമങ്ങൾ (Print Media) നല്കിയ സംഭാവനകൾ വളരെ വലുതായിരുന്നു. ഇന്ന് കമ്പോളവൽകരിക്കപ്പെട്ടതും മത്സരബുദ്ധിയിൽ, വച്ചു വിളമ്പുന്നതുമായ എഴുത്തു ഭാഷ സമകാലീന ലോകത്തിനും ഭാവി തലമുറക്കും വരുത്തുന്ന കോട്ടങ്ങൾ പലതാണ്. ഇത് നന്മയിലെക്കല്ല വിരൽ ചൂണ്ടുന്നത്. പത്രധർമ്മത്തിലൂന്നി സാമൂഹിക നന്മകൾ പകർന്നു നൽകിയ പഴയ Print Media ഇന്നില്ല.

ദൃശ്യ മാധ്യമങ്ങളുടെ (Visual Media) അതിപ്രസരണം മൂലം സ്വീകരണമുറിയിൽ നിറഞ്ഞു നിൽക്കുന്ന തരംതാണ ടെലിവിഷൻ കാഴ്ചകളും (TV Show) വാദപ്രതിവാദങ്ങളും നല്കുന്നത് ഒരുതരം 'ചന്ത സംസ്കാരമാണ്'. ഇവയിലെ ഭാഷാ പ്രയോഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കിയിട്ടുള്ള സംസ്കാരശോഷണം വളരെ വലുതാണ്. ആനുകാലിക രാഷ്ട്രീയ സാമൂഹ്യ സംഭവങ്ങളും അതിലൂടെ ഉരുത്തിരിയുന്ന സംവാദങ്ങളും ഭാഷയും ഭാഷാപ്രയോഗങ്ങളും മനുഷ്യരുടെ സ്വഭാവരൂപികരണത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകമാണ്.



ഇതുമൂലം പ്രത്യേകിച്ച് ഇന്നത്തെ കേരള സമൂഹം അസഹിഷ്ണതയിൽ വളരുകയും വാദപ്രദിവാദ സമൂഹമായി (Argumentative Society ) മാറുകയും ചെയ്യുന്നത് നിരാശയോടെ നോക്കി നില്കേണ്ട സ്ഥിതിവിശേഷമാണ്. തന്നെയുമല്ല നിഷേധാൽമകവും അപകടപരവുമായ വാക്കുകളും ഭാഷയും നിത്യേന ഉപയോഗിക്കുന്നതിൽ സമൂഹത്തിനും ഒരു മനസാക്ഷി ക്കുത്തില്ല !

ഇത് തിരിച്ചറിയാനും പ്രതികരിക്കാനും നന്മയുടെ ഉറവ വറ്റാത്ത മുതിർന്ന തലമുറ മുന്നോട്ടു വരണം. നമ്മുടെ കലാ സാഹിത്യ സാംസ്കാരിക നേതാക്കന്മാർ ഇതിനെതിരെ ശബ്ദിക്കുകയും തൂലിക ചലിപ്പിക്കുകയും ചെയ്യണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പിൻതലമുറകൾക്ക് ഇക്കാര്യത്തിൽ പാതതെളിയിക്കണ്ട സാംസ്കാരിക നേതാക്കന്മാർ പാർട്ടി തിരിഞ്ഞു മൌനം പാലിക്കുന്നത് ലജ്ജാവഹമാണ്.

പുതിയ യുഗത്തിലെ പുത്തൻ കാര്യങ്ങൾ പ്രത്യേകിച്ചും പുതുമാധ്യമങ്ങൾ (Social Media) കൊണ്ട് നമുക്ക് ലഭിച്ചിരിക്കുന്ന ലാഭത്തെക്കാൾ കൂടുതൽ നഷ്ടമാക്കുന്നത് മുഖാമുഖമായുള്ള ബന്ധുത്വമാണ് (Face to Face relationship). ഇതിന്റെ അഭാവം നമ്മുടെ ഭാഷയെയും വ്യക്തിബന്ധങ്ങളെയും അതിലൂടെ നല്ല സംസ്കാരത്തെയും ഇല്ലാതാക്കുകയാണ്. നേരിട്ടുള്ള സൌഹൃദങ്ങളിൽ ഉരുത്തിരിയുന്ന പാവനമായ വ്യക്തിബന്ധങ്ങൾ അന്യോന്യമുള്ള സംസാരത്തെയും ഭാഷയെയും നിയന്ത്രിക്കുന്നതു വഴി നമ്മൾ കാഴ്ചവക്കുകയും നേടുകയും ചെയ്യുന്നത് നല്ല സംസ്ക്കാരമാണ്.



ഭാഷ നമ്മളെ പഠിപ്പിക്കുന്ന സംസ്കാരം, പ്രായത്തേയും സ്ഥാനത്തെയും ബന്ധങ്ങളെയും എങ്ങനെ ബഹുമാനിക്കണം എന്നാണ്. അതാതു സ്ഥലങ്ങളും സമൂഹവും നമ്മുടെ ഭാഷയെയും അതുൾക്കൊള്ളുന്ന സംസ്കാരത്തെയും സ്വാധീനിച്ചേക്കാം. മനുഷ്യരുടെ സ്വഭാവരൂപികരണത്തിലും അവരുടെ സംസ്കാര രൂപികരണത്തിലും ഭാഷ വഹിക്കുന്ന പങ്ക് വിവർണനാതീതമാണ്.

സംസ്കാരം ഉടലെടുക്കുന്നത് പ്രാദേശികമായാണ്. അത് സാമുദായികമല്ല. പല സംസ്കാരങ്ങൾ തമ്മിലുള്ള സംകലനം സാധ്യമാണ്. അതിലൂടെ നല്ല സംസ്ക്കാരങ്ങൾ ഉടലെടുക്കണം. സമുദായങ്ങൾക്ക് പ്രത്യേകമായ സംസ്കാരങ്ങൾ ഇല്ല, പക്ഷെ സമൂഹത്തിനുണ്ട്. ഇന്ത്യയിലെ സംസ്കാരങ്ങളിലുള്ള വിഭിന്നത സ്ഥലകാലികമാണ്, സമുദായികമല്ല. അതുപോലെ ഭാഷകൾക്ക് സമുദായമോ വിശ്വാസമോ ഇല്ല. ഭാഷ എപ്പോഴും മൌലികവാദത്തിന് അതീതമാണ്. അത് മതനിരപെക്ഷിതമാണ്. ഭാഷ ദാർമ്മികതയിലൂന്നിയതാണ്. ആയതിനാലാണ് പല മതസ്തരായവർ ഒരു സ്ഥലത്തിന്റെ സംസ്കാരത്തിൽ ഒരേ ഭാഷ സംസാരിക്കുന്നത്. അതാണ് ഈ മാതൃഭൂമി നൽകുന്ന സംസ്കാരത്തിലൂന്നിയ ഭാഷയെ നാം മാതൃഭാഷ എന്നു വിളിക്കുന്നത്.

ഭാഷയും സംസ്ക്കാരവും കെട്ടുപിണഞ്ഞതാകയാൽ അതിനെ രണ്ടായി കാണാതിരിക്കാൻ ശ്രമിക്കുകയും ഭാവി തലമുറയ്ക്ക് നല്ല സംസ്കാരം പകർന്നു നല്കാൻ നല്ല ഭാഷ ശീലിക്കുകയും വേണം. പൂവിനു സുഗന്ധം എന്നപോലെയാണ് മനുഷ്യന് സംസ്കാരം. ഭാഷയും സംസ്കാരവും നില നിൽക്കേണ്ടത് തലമുറകളുടെ ആവശ്യമാണ്. സംസ്കാരത്തിൽ രൂഢമൂലമായ ഭാഷയാകണം സമകാലീന ലോകം ഭാവി തലമുറയ്ക്ക് കൊടുക്കേണ്ട സമ്മാനം.

ലോക പ്രസിദ്ധ നിക്ഷേപകൻ Warren Buffet പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ് 'പണ്ടെങ്ങോ ആരെങ്കിലും ഒരു വൃക്ഷത്തെ വച്ച് പിടിപ്പിച്ചതിനാലാണ് ഇന്ന് നാം അതിന്റെ തണലിൽ വിശ്രമിക്കുന്നത്. (Someone is sitting in the shade today because someone planted a tree long time ago). പുതിയ തലമുറയ്ക്ക് കൊടുക്കാൻ പറ്റിയ നല്ല സമ്മാനം ഇതാണ്. ഇന്ന് നടുന്നവ മറ്റൊരുവന് ഭാവിയിൽ അത് തണലാകും.



**അഞ്ജു ബേസിൽ**
(OCYM Central Committee Member)

# ആധുനിക സമൂഹത്തിൽ സ്ത്രീയും വെല്ലുവിളികളും

ഒരേ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീയെയും പുരുഷനെയും തുല്ല്യനിലയിൽ കാണുകയും കണക്കാക്കുകയും ചെയ്യേണ്ടത് ഇന്നത്തെ ആവശ്യകതയായിരിക്കെ അനാദരവിന്റെയും അടിച്ചമർത്തലുകളുടെയും ഭീഷണിയിൽപ്പെട്ട് ഇന്ന് ഈ സമൂഹം മാറികൊണ്ട് ഇരിക്കുന്നു എന്നത് ഞെട്ടലോടെ നാം ദിനംപ്രതി കേൾക്കുന്ന കാര്യങ്ങൾ ആണ്. ഇതിന്റെ ഇരകൾ ഏറെയും സ്ത്രീകൾ ആണെന്ന് നാം ഓർക്കണം. അതെ, ആധുനിക ലോകത്തിൽ സ്ത്രീകൾ ഏറെ വെല്ലുവിളികൾ നേരിട്ട് കൊണ്ടിരിക്കുകയാണ്. പഴയനിയമ അപരിഷ്കൃത സമൂഹം സ്ത്രീകൾക്ക് വേണ്ട പരിഗണന നല്കിയില്ല എന്ന് നമ്മുക്ക് വാദിക്കാം. എങ്കിലും അവർക്ക് മുന്നേറാനും അവരെ മുൻപന്തിയിൽ നിർത്താനും കൈവന്നിട്ടുള്ള അവസരങ്ങളെയും പ്രവർത്തിച്ച വ്യക്തികളെയും നമുക്ക് വിസ്മരിക്കാനാവില്ല. ക്രിസ്തുവിന്റെ ജീവിതത്തിൽ സ്ത്രീകളോടുള്ള അവിടുത്തെ മനോഭാവവും പരിഗണനയും ഏതൊരു വ്യക്തിക്കും മാതൃക നൽകുന്നതാണ്. എന്നാൽ ഇന്ന് സ്ത്രീകളോടുള്ള മനോഭാവം മാറികൊണ്ടിരിക്കുന്നു. ഒരു തുടർക്കഥ പോലെ പത്രങ്ങളിൽ ദിനവും വരുന്ന സംഭവങ്ങൾ വായിക്കുമ്പോൾ സ്ത്രീകൾ ശരിക്കും ഭയന്നുപോവുകയാണ്. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെക്കുറിച്ച് വലിയ വാർത്ത നൽകുന്ന മാധ്യമങ്ങൾ പോലും കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടോയെന്ന് അന്വേഷിക്കാറില്ല.

വേദപുസ്തകം പരിശോധിച്ചാൽ നമ്മൾക്ക് കാണാൻ കഴിയും സൃഷ്ടിയുടെ മഹത്ത്വം ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായം 27-ാം വാക്യത്തിൽ പറയുന്നത് പുരുഷനെ മാത്രം തന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നല്ല. സ്ത്രീയെയും പുരുഷനെയും തന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നാണ്. ദൈവം സൃഷ്ടിച്ച മനുഷ്യനിൽ ദൈവീകാംശം കുടികൊള്ളുന്നു. ആ ദൈവീകാംശം എന്നു പറയുന്നത് പുരുഷനിൽ മാത്രമല്ല സ്ത്രീയിലും ഉണ്ട്. പിന്നെ എന്തുകൊണ്ടാണ് ആധുനിക ലോകത്തിൽ സ്ത്രീകൾ ഇത്ര മാത്രം വെല്ലുവിളികൾ നേരിടുന്നത്. ഇതിന്റെ ഒന്നാമത്തെ കാരണം മനുഷ്യനിൽ കുടികൊള്ളുന്ന ദൈവീകാംശം മനുഷ്യനിൽ നിന്ന് വേർപ്പെട്ട് കൊണ്ടിരിക്കുന്നതിനാലാണ്. സ്ത്രീയെ നിന്ദിക്കുന്നവൻ, സ്ത്രീയെ പീഡിപ്പിക്കുന്നവൻ അവളിലെ ദൈവീകാംശത്തെ അധിക്ഷേപിക്കുന്നു. അത് ദൈവ നിന്ദയാണ്. സ്ത്രീയുടെ സൗന്ദര്യം എന്നത് അവൾക്ക് ദൈവം നൽകിയ പ്രത്യേക ഗുണമാണ്. ശാലീനതയുടെ ആകർഷണവും. ഒരു പക്ഷേ ദൈവാംശം പുരുഷനേക്കാൾ കൂടുതൽ പ്രതിഫലിക്കുന്നത് സ്ത്രീയിലാണെന്ന് വേണമെങ്കിൽ പറയാം. ദൈവത്തിന്റെ സ്നേഹമാകുന്ന സൗന്ദര്യം ഏറ്റവും കൂടുതൽ നിറഞ്ഞിരിക്കുന്നതും സ്ത്രീ രൂപത്തിൽ തന്നെ. സ്ത്രീയെ അപമാനിക്കുന്നവർക്ക് എന്ത് ശിക്ഷ കൊടുക്കണം എന്ന് നിയമജ്ഞർ തുടങ്ങി നിരീക്ഷികർ വരെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. സ്ത്രീയിലെ ദൈവീകാംശത്തെ അവ ചോദിക്കുന്നവർക്ക് മാതൃകാപരമായ ശിക്ഷ കിട്ടണം എന്നുള്ളതിൽ രണ്ട് പക്ഷമില്ല. സ്ത്രീയെ പുരുഷന്മാർക്കൊപ്പം തുല്യവൽക്കരിക്കുന്നതായി പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. പുറപ്പാട് 21:17-ൽ പിതാവിനെയോ മാതാവിനെയോ ശപിക്കുന്നവൻ വധിക്കപ്പെടണം എന്നു കാണുന്നു. ഇവിടെയൊക്കെ നാം കാണുന്നത് സ്ത്രീയോ, പുരുഷനോ, ദാസനോ, ദാസിയോ എന്ന ലിംഗ വ്യത്യാസം ഇല്ലാതെ തുല്യമായ ശിക്ഷ കൊടുക്കുന്നതാണ്. എന്നാൽ ഈ ആധുനിക യുഗത്തിൽ സ്ത്രീകളെ അപമാനിക്കുന്ന ചുരുങ്ങിയ ശതമാനം ആളുകൾക്ക് മാത്രമെ ശിക്ഷ കിട്ടുന്നുള്ളൂ. ഉന്നതന്മാരുടെ ഇടപെടലുകൾമൂലവും രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചും കേസുകൾ തേഞ്ഞുമാഞ്ഞു പോകുന്നു. ഈ വെല്ലുവിളികൾ നേരിടാൻ സ്ത്രീകൾ തന്നെ മുന്നോട്ട് ഇറങ്ങണം. സാമൂഹികവും മതപരവും, സാംസ്കാരികവും, രാഷ്ട്രീയവും, നിയമപരവും, സാമ്പത്തികവുമായ തലങ്ങളിലുള്ള അനീതിയെ ചെറുക്കുവാനും തിരുത്തുവാനും സ്ത്രീകൾക്ക് കഴിയണം. യോഹന്നാൻ 14;1-ൽ പറയുന്നു നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ എന്ന്. അതെ ജീവിതത്തിൽ വെല്ലുവിളികൾ നേരിടുമ്പോൾ അത് ധൈര്യമായി നേരിടാനുള്ള കരുത്ത് ആർജിക്കണം. ജീവിതത്തിൽ വെല്ലുവിളികൾ പലവിധത്തിൽ നേരിട്ടാലും നമ്മുടെ വിശ്വാസത്തെ മുറുകെ പിടിച്ച് ദൈവത്തിൽ വിശ്വസിച്ച് മുന്നേറുവാനുള്ള ശക്തി നമ്മൾക്ക് ഓരോരുത്തർക്കും ഉണ്ടാകണം.

ഓർത്തഡോക്സ്
യുവജനം
ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# നമ്മൾ എന്തിന് വൈകിക്കുന്നു?



**അനീഷ് ജേക്കബ് തയ്യിൽ**
(Central Regional Secretary OCYM)

നമ്മളിൽ പലരും പ്രക്റാസ്റ്റനേഷൻറെ ഇരകളാണ്, ലോകത്തിലെ ഒട്ടുമിക്ക ആളുകളും അവരുടെ ജീവിതത്തിലെ ഏതെങ്കിലും ഘട്ടത്തിൽ കർത്തവ്യങ്ങൾ മറ്റൊരു അവസരത്തേക്ക് മാറ്റിവെച്ചിട്ടുണ്ടായേക്കാം. നമ്മുടെ കർത്തവ്യം മാറ്റിവെക്കുന്ന ഒരു ശീലം നമ്മളിൽ പലർക്കും ഉണ്ട്; മിക്കപ്പോഴും ഈ പ്രവർത്തി നമുക്ക് തന്നെ കൂടുതൽ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ഒരു ടാസ്ക് അല്ലെങ്കിൽ പ്രവർത്തനം പിന്നീട് ഒരു ഒരു അവസരത്തേക്ക് മാറ്റിവെക്കുന്ന ശീലമാണ് പ്രോക്രാസ്റ്റിനേഷൻ. 'To be or not to be, that is the question" ഹാംലെറ്റ്ന്റെ ചിന്തകളിൽ അസ്തിത്വത്തിന്റെ നിലനിൽപ്പും ജീവനും മൃത്യുവും തമ്മിലുള്ള സംഘർഷങ്ങളെ അടയാളപ്പെടുത്തുന്ന ഷേക്സ്പിയറിന്റെ ക്ലാസിക് വരികളിൽ തന്നെ ഒരു പ്രക്റാസ്റ്റനേറ്ററുടെ ക്ലാസിക്കുക ഉദാഹരണവും വായനക്കാരന് കണ്ടെത്താം.

ചിലപ്പോഴെങ്കിലും ടാസ്കുകൾ പ്രക്റാസ്റ്റനേറ്റ് ചെയ്തതിന്റെ ബുദ്ധിമുട്ട് അറിഞ്ഞ വ്യക്തി എന്ന നിലയിൽ പറയട്ടെ, ഒരു പ്രോക്രാസ്റ്റിനേറ്ററുടെ മനസ്സ് വളരെ സങ്കീർണ്ണമാണ്, തന്റെ ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്നും ആത്മവിശ്വാസത്തിൽ ചെയ്യുന്നതാണെങ്കിലും പൂർത്തീകരണത്തിൽ ഉദ്ദേശിച്ച നിലവാരം നിലനിർത്താൻ സാധിക്കാഞ്ഞത് ഇവരെ ആത്മസംഘർഷത്തിന്റെ ചുഴിയിൽ തള്ളിവിടും, അല്ലെങ്കിൽ സമയപരിധിക്ക് തൊട്ടുമുന്പ് ഒരു ടാസ്ക് പൂർത്തിയാക്കാൻ കഴിയുമെന്നും തോന്നും പക്ഷേ ചിലപ്പോൾ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞെന്ന് വരില്ല രണ്ടു തന്നെയായാലും മാനസികാഘാതത്തിന്റെ വരമ്പിലൂടെ ഉള്ള യാത്ര തന്നെ. ഒരു പ്രത്യേക ഘട്ടത്തിൽ, താൻ ഒരു പരാജിതനാണെന്ന് തോന്നും, നിയന്ത്രണം നഷ്ടപ്പെടും. ഒരു നാണയത്തിന് ഇരുവശങ്ങൾ ഉള്ളതുപോലെ, പ്രോക്രാസ്റ്റിനേഷന് പോസിറ്റീവും നെഗറ്റീവുമായ വശങ്ങളുണ്ട്, മറ്റൊരു തരത്തിൽ ഇതൊരു ആന്തരിക പോരാട്ടമാണ്. ചിലപ്പോൾ മറ്റു ഒഴിവുകൾ പറഞ്ഞു ടാസ്കുകൾ നീട്ടിവെച്ചും ആ ടാസ്ക് തന്നെ ചെയ്യാതെ പ്രക്റാസ്റ്റനേഷൻ മൂലം രക്ഷപ്പെടു മ്പോൾ കിട്ടുന്ന മാനസിക സന്തോഷം അനുഭവിക്കുന്ന വ്യക്തികളെയും നമുക്ക് ചുറ്റും കാണാം. ഈ ലേഖനം തന്നെ എഴുതി പൂർത്തീകരിക്കുന്നത് മനസ്സിൽ കോറിയിട്ട അടിസ്ഥാന ചിന്തകളുടെ ആഴ്ചകൾക്കപ്പുറമാണ്, സമയം കിട്ടുന്നില്ല എന്ന പ്രക്റാസ്റ്റനേറ്റർസിന്റെ പതിവ് അടവ് വാചകം തന്നെ ഞാൻ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. ഇരുവശങ്ങളെക്കുറിച്ചും ചിന്തിക്കാറുണ്ട് ഞാൻ, ജീവിതം പൂർണ്ണമല്ലാത്തതു കൊണ്ടുതന്നെ, സാഹചര്യങ്ങൾ മാറിയേക്കാം, ഒരുപക്ഷേ ജോലി ചെയ്യാൻ കഴിഞ്ഞെന്ന് വരില്ല. ആപേക്ഷികമെങ്കിലും പോസിറ്റീവ് അല്ലെന്ന് തോന്നുന്ന കാര്യങ്ങൾ മാറ്റിവെക്കുന്നത് നല്ലതാണ്. 'ഇന്ന് ചെയ്യാൻ കഴിയുന്ന ഒന്നും നാളത്തേക്ക് മാറ്റിവെക്കരുത്, കാരണം നാളെ നിങ്ങൾക്ക് അത് ചെയ്യേണ്ടി വരില്ലായിരിക്കാം.'

പ്രോക്രാസ്റ്റിനേഷനുള്ള കാരണങ്ങൾ ഓരോ വ്യക്തിക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് വ്യത്യാസപ്പെടുന്നു. ചില കാരണങ്ങൾ സാർവത്രികമാണ്, ചിലതിന് അവരുടെ പ്രധാന പ്രവർത്തനങ്ങൾ അല്ലെങ്കിൽ ടാസ്ക് വൈകിപ്പിക്കാൻ ഒരു പ്രത്യേക കാരണം ഉണ്ടാകാം. പരാജയഭയം ഏറ്റവും മുകളിൽ നിൽക്കുന്നു, കൂടുതൽ ആളുകൾ പ്രോക്രാസ്റ്റിനേറ്റ് ചെയ്യുന്നതിനുള്ള മറ്റൊരു കാരണമായി കണ്ടുവരുന്നു പ്രചോദനക്കുറവും ആത്മവിശ്വാസം ഇല്ലായ്മയും പ്രക്റാസ്റ്റനേഷന്റെ ആക്കം കൂട്ടുന്നു. നാമെല്ലാവരും

**മടി പ്രോക്രാസ്റ്റിനേഷനുള്ള അടിസ്ഥാന കാരണമാകുമ്പോഴും അലസത, താല്പര്യമില്ലായ്മ, കുറഞ്ഞ ആത്മാഭിമാനം, വിമുഖത എന്നിവ പ്രാക്രാസ്റ്റിനേഷനുള്ള മറ്റ് ചില കാരണങ്ങളാണ്.**



മനുഷ്യരാണ്, ഒരു പുതിയ ടാസ്ക്ക് അല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കാൻ നമുക്ക് പ്രചോദനം ആവശ്യമാണ്, പക്ഷേ പ്രചോദനത്തിന്റെ കുറവ് കാരണം മാത്രമല്ല ആളുകളും പ്രോക്രാസ്റ്റിനേറ്റ് ചെയ്യുന്നത്, മടി പ്രോക്രാസ്റ്റിനേഷനുള്ള അടിസ്ഥാന കാരണമാകുമ്പോഴും അലസത, താല്പര്യമില്ലായ്മ, കുറഞ്ഞ ആത്മാഭിമാനം, വിമുഖത എന്നിവ പ്രോക്രാസ്റ്റിനേഷനുള്ള മറ്റ് ചില കാരണങ്ങളാണ്.

പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ മാർക്ക് ട്വയിൻ കർത്തവ്യങ്ങൾ താമസിപ്പിക്കുന്നതിന്റെ ദൂഷ്യത്തെ എഴുതിക്കാട്ടിയിരിക്കുന്നത് ഇങ്ങനെയാണ്

'Never put off till tomorrow what may be done day after tomorrow just as well'

പ്രോക്രാസ്റ്റിനേഷൻ കാര്യങ്ങൾ അവസാന നിമിഷത്തിൽ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഒരിക്കൽ നഷ്ടപ്പെട്ട അവസരം എന്നന്നേക്കുമായി നഷ്ടപ്പെട്ടു എന്ന് തന്നെ കരുതേണ്ടിവരും, സാഹചര്യങ്ങൾ അതേപടി നിലനിൽക്കുമെന്ന് യാതൊരു ഉറപ്പുമില്ല. അവ മാറിയേക്കാം, പിന്നീട് നിങ്ങൾ ഖേദിക്കേണ്ടിവരും. നന്നായി ആലോചിച്ചെടുത്ത തീരുമാനം എടുക്കേണ്ടിവന്നില്ലെങ്കിൽ, നിർണായക കാര്യങ്ങളിൽ തീരുമാന മെടുക്കുന്നതിൽ ഒരാൾ കാലതാമസം വരുത്തരുത് അല്ലെങ്കിൽ മാറ്റിവെക്കരുത്. ശരിയായ തീരുമാനത്തിൽ ആദ്യം സംതൃപ്തരാകുക എന്നതാണല്ലോ സുവർണ്ണ നിയമം. അല്ലെങ്കിൽ പ്രോക്രാസ്റ്റിനേഷൻ നമ്മുടെ ജീവിതത്തെയും ഷെഡ്യൂളുകളെയും നശിപ്പിക്കുകയും സമയ പരിധികൾക്കുമേൽ നിങ്ങൾക്ക് നിയന്ത്രണം നഷ്ടപ്പെടുത്തുകയും ചെയ്യും.

പ്രോക്രാസ്റ്റിനേഷൻ ഒഴിവാക്കാൻ ചില വഴികളുണ്ട്. നാം മടി കുടഞ്ഞെറിയണം, സമയത്തിന്റെ മൂല്യം മനസ്സിലാക്കുന്നത് കൂടുതൽ പ്രധാനമാണ്, ഒരു മിനിറ്റിന്റെ മൂല്യം നമ്മുടെ മനസ്സിലും ഹൃദയത്തിലും ആഴത്തിൽ പതിഞ്ഞാൽ, ഒരാൾ തന്റെ ജോലി ആസൂത്രണം ചെയ്യണം.

കൂടാതെ മുൻഗണനാക്രമത്തിൽ ജോലികളുടെ ക്രമം ക്രമീകരിക്കുന്നത് സഹായകമാകും. പ്രക്റാസ്റ്റനേഷൻ ഒഴിവാക്കാനും ജീവിതത്തിൽ അച്ചടക്കം പുലർത്താനും വായിച്ചിരിക്കേണ്ട ഉത്തമമായ പുസ്തകങ്ങളിൽ ഒന്നാണ് ജെയിംസ് ക്ലിയർ എഴുതിയ അറ്റോമിക് ഹാബിറ്റ്സ്, മനഃശാസ്ത്ര പരമായി ജീവിതത്തെ എങ്ങനെ ചെറിയ സ്റ്റെപ്പുകളിലൂടെ മെച്ചപ്പെടുത്താം എന്ന ശാസ്ത്രീയ പഠനം കൂടിയാണ് ഈ പുസ്തകം. അവസാനമായി ശുഭാപ്തി വിശ്വാസം ഉണ്ടായിരിക്കുക, പരാജയഭയം ഉപേക്ഷിച്ച് മുന്നോട്ട് പോകുക. വിജയകരമായ വ്യക്തിയും വിജയമില്ലാത്ത വ്യക്തിയും തമ്മിലുള്ള പ്രധാന വ്യത്യാസം, ആദ്യത്തേയാൾ തന്റെ തീരുമാനം ഉടനടി പ്രവർത്തനത്തിൽ കൊണ്ടുവരികയും അതിന്റെ ഫലം കൊയ്യുകയും ചെയ്യുന്നു എന്നതാണ്. രണ്ടാമത്തെയാൾ കാലതാമസം വരുത്തുകയും ഫലത്തിൽ നിന്ന് സ്വയം അകറ്റപ്പെടുകയും ചെയ്യും. ഇന്ന് പൂർത്തിയാക്കാൻ കഴിയുന്ന എന്തെങ്കിലും കാര്യം ചെയ്യാൻ മടിക്കരുത്.

# അനന്തരം അവൻ അവരോടു പറഞ്ഞു...





**ട്രീഷ്മ ടൈറ്റസ്**
(കേന്ദ്ര അസംബ്ലി അംഗം
മാവേലിക്കര ഭദ്രാസനം)

പറയുവാൻ അനേകരും കേൾക്കുവാൻ ചുരുക്കവും ആളുകളാണ് ഇന്നത്തെ സമൂഹത്തിലുള്ളത്. മറ്റൊരാളെ കേൾക്കുവാനോ അപരന്റെ ദുഃഖം ശ്രവിക്കുവാനോ ഇന്ന് ആരും തയ്യാറാ കുന്നില്ല. മറിച്ച് സന്ദർഭത്തിനു യോജിച്ചോ അല്ലാതെയോ അഭിപ്രായങ്ങൾ വിളിച്ചു പറയുന്നത് ഇന്നൊരു സർവ്വസാധാരണ കാഴ്ചയായി മാറിയിരിക്കുന്നു. കേൾക്കു വാൻ തയ്യാറാകുന്നത് മനുഷ്യൻറെ വലിയ കഴിവാണ്. അതിനാലാകണം യേശുവിന്റെ വചനം കേൾക്കുവാൻ വേണ്ടി പല നാടുകളിൽ നിന്നായി അനേകായിരം പേർ എത്തിയിരുന്നു എന്ന് വി വേദപുസ്തകം പോലും സാക്ഷിക്കുന്നത്.

ദൈവത്തിനു തന്റെ ഏകാജാതനായ പുത്രനിൽ കൂടി അനേകം കാര്യങ്ങൾ ജനങ്ങളെ അറിയിക്കുവാൻ ഉണ്ടായിരുന്നു. ഉപമകളായും ചിന്തകളായുമൊക്കെ അവ പങ്കുവയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നൈമിഷികമായ ഒന്നാണ് ജീവിതം. എവിടെ തുടങ്ങി എവിടെ അവസാനിക്കും എന്നറിയാതെ മനുഷ്യൻ നെട്ടോട്ടമോടുകയാണ്. ജീവിതം സുഖദുഃഖ സമ്മിശ്രമായതുകൊണ്ട് തന്നെ ചിലപ്പോൾ എങ്കിലും നാം ഇരുളിൽ പെട്ടു പോയേക്കാം. ഇവിടെയാണ് കേൾക്കുവാൻ ക്ഷമയുള്ള കാതുകൾ നാം തേടുന്നത്. നാം ഒരാളെ കേൾക്കുവാൻ തയ്യാറാകുമ്പോൾ നാം അവരെയും അവരുടെ ബന്ധത്തെയും വിലമതിക്കുന്നു എന്ന് നിസംശയം പറയാൻ സാധിക്കും.

പലപ്പോഴും ദൈവം കേൾക്കുന്നില്ല എന്ന മിഥ്യാ ബോധത്തിലാണ് നാം പലതും പറയുന്നത്. പഴയ നിയമത്തിൽ പുറപ്പാട് 2:24 ൽ ' ദൈവം അവരുടെ നിലവിളി കേട്ടു', സംഖ്യാപുസ്തകം 14:27 ൽ ' യിസ്രായേൽ മക്കൾ എനിക്ക് വിരോധമായി പിറുപിറുക്കുന്നത് ഞാൻ കേട്ടിരിക്കുന്നു' തുടങ്ങി യഹോവ തന്നെ ജനത്തെ കേൾക്കുന്നു എന്ന് നിരവധി തവണ എഴുതിയിരിക്കുന്നു.

ദൈവത്തിന് നമ്മോടു സംവേദിക്കാൻ നിരവധി വഴികളുണ്ട് അതിൽ പ്രധാനമാണ് പ്രാർത്ഥന ദൈവത്തെയും മനുഷ്യനെയും കൂട്ടിയിണക്കുന്ന മനോഹരമായ ചങ്ങലയാണ് പ്രാർത്ഥനകൾക്ക് ഉടനടി മറുപടി ലഭിച്ചില്ലെങ്കിൽ ദൈവം ഒന്നും കേൾക്കുന്നില്ല എന്ന് തോന്നൽ നമുക്കുണ്ടാകുന്നു എന്നാൽ എല്ലാം കേൾക്കുന്നവനായ ദൈവം സമയാസമയത്ത് പ്രാർത്ഥനയുടെ ഉത്തരം നിറപടിയായി നൽകുമെന്ന് നാം മനസ്സിലാക്കണം.

ദൈവം തന്റെ ജനത്തെ കേൾക്കുന്നതിനാൽ അവന്റെ ജനമായ നാമം അവനെ കേൾക്കണം. പ്രവാചകന്മാർ പലപ്പോഴും യിസ്രായേലിനോട് 'കർത്താവിന്റെ വചനം കേൾപ്പിൻ' എന്ന് പറയുന്നു. ദൈവത്തിന്റെ ചെവി



നമ്മിലേക്ക് ചായണമെങ്കിൽ നാം ഹൃദയശുദ്ധിയുള്ളവർ ആകണം. അതിനാലാണ് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത് 'സന്ദേശം കേൾക്കുന്നതിലൂടെയാണ് വിശ്വാസം വരുന്നത്' എന്ന്. പലപ്പോഴും വിശ്വാസത്തിന്റെ കേൾവിയിലൂടെയാണ് പരിശുദ്ധാത്മാവ് നമ്മിലേക്ക് വരുന്നത്.

ദൈവം തന്നെ കേൾക്കുവാനായി എപ്പോഴും തിരഞ്ഞെടുത്തിരുന്നത് സാധാരണക്കാരെയായിരുന്നു. വിക്കനായ മോശയും, യോനയും, ഏലിയാവും എല്ലാം ദൈവത്തിന്റെ ഉപകരണങ്ങൾ ആയിരുന്നു. വി. വേദ പുസ്ത കത്തിൽ യേശുവിന്റെ പല വിലപ്പെട്ട ഉപദേശങ്ങൾ തുടങ്ങുന്നത് 'അനന്തരം അവൻ അവരോട് പറഞ്ഞത് എന്തെന്നാൽ' എന്നാണ്.

ദൈവത്തിന് നമ്മോട് അനേകം കാര്യങ്ങൾ പറയുവാനുണ്ട്. നിർമ്മലമായ ഹൃദയവും ശുദ്ധമായ ചിന്തകളും കൈമുതലാക്കി എങ്കിൽ മാത്രമേ ദൈവീക വചനങ്ങൾ അതിന്റെ പൂർണ്ണ സത്തയിൽ ഉൾകൊള്ളാൻ സാധിക്കു. യഹോവയായ ദൈവത്തിന്റെ ശബ്ദം ശ്രവിക്കുവാൻ ഉണർന്നിരിക്കാം. അപരനെ കേൾക്കുവാൻ....

## അന്താരാഷ്ട്ര വനിതാ ദിനത്തിൽ ചെങ്ങന്നൂരിന്റെ പ്രിയപ്പെട്ട പൊന്നമ്മ ചേച്ചിക്ക് ആദരവ്



ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനം **Evara** വനിതാ സെല്ലിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാ ദിനത്തിൽ ശ്രീമതി പൊന്നമ്മ ദേവരാജന് ആദരവ് നൽകി. തന്റെ 74-ആം വയസ്സിലും പ്രകൃതി സംരക്ഷണത്തിനായി നിരന്തരം പ്രവർത്തിക്കുന്ന ഹരിത കർമ്മസേന യുടെ മികച്ച പ്രവർത്തകയും, വനിതകൾക്ക് വിദ്യാഭ്യാസത്തിലൂടെ സ്വാതന്ത്ര്യം നേടിയെടുക്കാനുള്ള പ്രചോദനമാതൃകയുമായ ശ്രീമതി പൊന്നമ്മ, പ്ലസ് ടു വിദ്യാഭ്യാസം നേടാനായി തന്റെ 74 വയസ്സിലും ഒരു വിദ്യാർത്ഥിനിയെന്ന നിലയിൽ പഠനം തുടർന്നുകൊണ്ടിരിക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്ത അഭി ഡോ. മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനി, ശ്രീമതി പൊന്നമ്മ ദേവരാജന്റെ പ്രവർത്തനങ്ങൾ യുവതലമുറയ്ക്ക് ഒരു മാതൃകയാണെന്ന് പ്രസ്താവിച്ച് അവരുടെ സംഭാവനകൾക്ക് ആദരവ് പ്രകടിപ്പിച്ചു. ചടങ്ങിൽ ഭദ്രാസന യുവജന പ്രസ്ഥാന വൈസ് പ്രസിഡണ്ട് ബഹു മോൻസി കടവിൽ അച്ചൻ, സെക്രട്ടറി അബു എബ്രഹാം വീരപ്പള്ളിൽ, ഭാരവാഹികളായ ബിൻസി വർഗ്ഗീസ്, മിഥു സാം മോഹൻ എന്നിവർ നേതൃത്വം വഹിച്ചു.





ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പുതുതായി നിർമ്മിക്കുന്ന ഭവനത്തിന്റെ കട്ടിള വെപ്പ് ചടങ്ങ് നടത്തപ്പെട്ടു. ശുശ്രൂഷയ്ക്ക് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മോൻസി കടവിൽ, ഫാ.ജിതിൻ വർഗ്ഗീസ് കാർമ്മികത്വം വഹിച്ചു. ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

**അഡ്വ. രോഹിത് ജോൺ വർഗീസ്**
ജനറൽ സെക്രട്ടറി
തിരുവനന്തപുരം ഭദ്രാസനം



# പുനരുത്ഥാനത്തിന്റെ ശക്തി നമ്മളിലൂടെ...



ഫിലിപ്പിയർ 3-ൽ പൗലോസ് ഫിലിപ്പിയരെ അവരുടെ സ്വന്തം പര്യാപ്തതയിൽ സന്തോഷിക്കുന്നതിന് പകരം കർത്താവിൽ സന്തോഷിക്കാൻ ഉദ്ബോധിപ്പിക്കുന്നു. അതിനായി പൗലോസ് തന്നെതന്നെ ഒരു ദൃഷ്ടാന്തമായി ഉപയോഗിക്കുന്നു. ക്രിസ്തുവിനെ അടുത്തറിയാനും ആ ബന്ധത്താൽ രൂപാന്തരപ്പെടാനുമുള്ള പൗലോസിന്റെ അഗാധമായ ആഗ്രഹം ഫിലിപ്പിയർ 3:10 ൽ കാണാം.ഇതേ മൂന്നാം അദ്ധ്യായത്തിൽ, ജഡത്തിലുള്ള തന്റെ മുൻ ആത്മവിശ്വാസത്തെയും ക്രിസ്തുവിനെ അറിയാനുള്ള ഇപ്പോഴത്തെ തന്റെ ശ്രമത്തെയും പൗലോസ് താരതമ്യം ചെയ്യുന്നുണ്ട്. ക്രിസ്തുയേശുവിനെ അറിയുന്നതിന്റ അതിശ്രേഷ്ഠമായ മൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റെല്ലാം നഷ്ടമായി പൗലോസ് കണക്കാക്കുന്നു (ഫിലിപ്പിയർ 3:7). ക്രിസ്തുവിനെ "അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും" അറിയുകയെന്നതാണ് തന്റെ ലക്ഷ്യമെന്ന് പൗലോസ് പറയുന്നു. ക്രിസ്തുവിനെ ശക്തിയുള്ള ദൈവപുത്രനായി തിരിച്ചറിഞ്ഞതിന് നിഷേധിക്കാനാവാത്ത തെളിവായിരുന്നു പുനരുത്ഥാന പ്രവൃത്തി.ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ പൂർത്തീകരണം അവനിൽ വിശ്വസിക്കുന്ന ഏവരേയും ആത്മീയമരണത്തിൽ നിന്ന് ക്രിസ്തുവിലുള്ള ഒരു പുതിയ ജീവിതത്തിലേക്ക് ഉയർത്തുന്നു. "തന്റെ പുനരുത്ഥാന ശക്തി നൽകുമെന്നും സഹിക്കാനും മറികടക്കാനുമുള്ള ശക്തി നൽകുമെന്നും പ്രതിജ്ഞയെടുക്കുന്ന ഒരു ജീവനുള്ള രക്ഷകനാണ് ക്രിസ്തു (റോമർ 8:11,ഫിലിപ്പിയർ 3:10,യോഹന്നാൻ 16:33) വെന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

യേശുവുമായി ഒരു ബന്ധം അനുഭവിക്കുക എന്നതിനർത്ഥം മരണത്തെ അർത്ഥമാക്കിയാലും അവന്റെ കഷ്ടപ്പാടുകളുടെ കൂട്ടായ്മയിൽ പങ്കുചേരുക എന്നതാണ്. "ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെ രുകുന്നു" ( 2 കൊരിന്ത്യർ 1:5 ) എന്ന് പൗലോസ് വിശ്വാസികളെ പഠിപ്പിച്ചു.വിശ്വസ്തമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിലൂടെ ഉണ്ടാകുന്ന കഷ്ടപ്പാടുകളിൽ പങ്കുചേരുന്നതും യേശുവിന്റെ വേദനയും ത്യാഗവും തിരിച്ചറിയുന്നതും ഈ കൂട്ടായ്മയിൽ ഉൾപ്പെടുന്നു.

ക്രിസ്തുവിന്റെ മരണത്തിന് അനുരൂപ മാകാൻ ദിവസേന സ്വയം മരിക്കുക, നമ്മുടെ പാപപ്രകൃതിയെ മരണത്തിന് ഏൽപ്പിക്കുക, ദൈവഹിതത്തിന് കീഴടങ്ങിയ ഒരു ജീവിതം നയിക്കുക എന്നിവയിതിൽ ഉൾപ്പെടുന്നു. യേശുവിന്റെ മാതൃക പിന്തുടരുന്നത് ത്യാഗപൂർണ്ണമായ സ്നേഹവും മറ്റുള്ളവരോടുള്ള സേവനവും കൊണ്ടടയാളപ്പെടുത്തിയ ഒരു ജീവിതത്തിലേക്ക് നയിക്കുന്നു.

യേശുക്രിസ്തുവുമായുള്ള ആഴമേറിയതും പ രിവർത്തനാത്മകവുമായ ഒരു ബന്ധം പിന്തുടരാൻ പൗലോസിന്റെ വാക്കുകൾ നമ്മെ വെല്ലുവിളിക്കുന്നു. അതിനായി ക്രിസ്തുവിനെ കൂടുതൽ അടുത്തറിയാൻ ശ്രമിക്കുക, വിശ്വാസത്തിന്റെ പുതുക്കത്തിലൂടെ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുക. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിൽ ജീവിച്ച്, അവനുവേണ്ടി കഷ്ടപ്പാടുകൾ സഹിച്ചു, അവന്റെ ഇഷ്ടത്തിന് ദിവസേന നമ്മെതന്നെ സമർപ്പിക്കുക. ക്രിസ്തുവിനോട് ഐക്യപ്പെടുന്നത്തിലൂടെ പുനരുത്ഥാനത്തിന്റെ പൂർണ്ണത നമ്മുടെ ജീവിതത്തിലും അനുഭവിക്കാൻ കഴിയും.



**നിബിൻ നല്ലവീട്ടിൽ**
ജന. സെക്രട്ടറി,
മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം

# മുറിവുകൾക്ക് ഔഷധം വെയ്ക്കുന്ന കാലം

അത്യുഷ്ണത്തിൽ മലയാളക്കര ഉരുകി യൊലിക്കുമ്പോൾ താപത്തിന്റെ കാലഘട്ടമായ പ. വലിയ നോമ്പ് ഒരിക്കൽ കൂടി പടിവാതിൽ ക്കൽ എത്തിയിരിക്കുന്നു. നോമ്പിൻറെ പ്രാർത്ഥനകളിലും ആചരണത്തിലും പ്രകടമാകുന്ന ലക്ഷ്യമാണ് ഈ ലേഖനത്തിന്റെ ശീർഷകം. വ്യക്തിപരമായും കുടുംബമായും സമൂഹമായും നടത്തിയ മൽപിടുത്തങ്ങളിൽ നമുക്ക് സംഭവിച്ച ക്ഷതങ്ങളെ വെച്ചുകെട്ടി സൗഖ്യമാക്കുക എന്നതാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. നിരന്തരം മാറ്റം സംഭവിക്കുന്ന മനുഷ്യൻ അനുനിമിഷം തന്റെ ഇഷ്ടങ്ങളും ലക്ഷ്യങ്ങളും മാറ്റി വരയ്ക്കുന്നു. ദൈവ ദത്തമായ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നു. ഇങ്ങനെയെല്ലാം വീണുപോകുന്ന മനുഷ്യന് ഏൽക്കുന്ന പരിക്കുകളെ അനുതാപത്താൽ ചികിത്സിക്കണം. പാപത്തെ രോഗമായും, ക്രിസ്തുവിനെ വൈദ്യനായും വി.കൂദാശകളെ ഔഷധമായും ഒക്കെ കണക്കാക്കുന്ന പൗരസ്ത്യ ആധ്യാത്മികതയിൽ നോമ്പ് "ചികിത്സയുടെ" കാലഘട്ടമായി ചിത്രീകരിക്കപ്പെടുന്നു.



സൗഖ്യം നേടുന്നത് അനുരഞ്ജനത്തിലേക്കും മടങ്ങിവരവിലേക്കുമാണ്. മനുഷ്യനും ദൈവവുമായുള്ള ബന്ധം നേരെയാക്കുക; മനുഷ്യനും ദൈവസൃഷ്ടി യുമായുള്ള ബന്ധം ക്രമപ്പെടു ത്തുക, അതിൽ സകല ചരാചരങ്ങളോടുമുള്ള നമ്മുടെ ബന്ധം ഉൾപ്പെടുന്നു. അപ്രകാരം മടങ്ങിവരുന്ന മനുഷ്യർ യേശു ക്രിസ്തുവിന്റെ സൗരഭ്യവാസനയായി മാറണം. ഫലങ്ങൾ ഇല്ലാത്ത വൃക്ഷത്തെ എങ്ങനെയാണ് നല്ലത് എന്ന് വിളിക്കുവാൻ കഴിയുന്നത്? ഉണ്ണാനും ഉടുക്കുവാനും കടം വീട്ടാനും നിവൃത്തിയില്ലാത്ത മനുഷ്യർക്കിടയിൽ ആഡംബരത്തോടെ ജീവിക്കുന്നതിൽ യാതൊരു മനഃസാക്ഷിക്കുത്തും ഇല്ലാതെ പോകുന്നത് എന്തുകൊണ്ട്? നമ്മുടെ സഹോദരങ്ങളുടെ തെറ്റുകളും, അശ്രദ്ധയും, അറിവില്ലായ്മയും, വീഴ്ചകളും ആർദ്രത യോടെ നോക്കികാണുവാൻ കഴിയാത്തത് എന്തുകൊണ്ട്? മാറിമറിയുന്ന പ്രകൃതി യെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും നൂറ് പേർക്ക് ജീവിക്കുവാനുള്ള വിഭവവും ധനവും ഒരാൾക്ക് മാത്രമായി ധൂർത്തടിക്കുന്നതിൽ ലജ്ജയില്ലാതെ ജീവിക്കു കയും ചെയ്യുന്നത് എന്തുകൊണ്ട്? മനുഷ്യന്റെ കുറവുകളെ സഹാനുഭൂതിയോടെ നോക്കിക്കണ്ട്, നമുക്ക് മുമ്പിൽ നിൽക്കുന്ന ഓരോരുത്തരും നമ്മളെക്കാൾ ശ്രേഷ്ഠ രാണ് എന്ന് തിരിച്ചറിയുകയും ചെയ്യുന്ന മനുഷ്യനിലാണ് നോമ്പനുഷ്ഠാന സ്നേഹ ത്തിന്റെ ഫലം പുറപ്പെടുവിക്കുന്നത്. ചുരുക്കം പറഞ്ഞാൽ സ്നേഹവും, നീതിബോ ധവും ഇല്ലാത്ത നോമ്പാചരണത്തിന് എന്തോ ഒരു ദുർഗന്ധമുണ്ട്. സ്നേഹത്തിൽ നിറഞ്ഞ നോമ്പ് ക്രിസ്തുവിന്റെ പരിമള വാസന വീശുകയും ഈ ഭൂമിയിൽ പറുദീസ സൃഷ്ടിക്കുകയും ചെയ്യുന്നു.

നോമ്പ് ആരംഭിക്കുവാൻ ശുബ്ക്കോനോ എന്ന ഒരു ശുശ്രൂഷയുണ്ടല്ലോ. സുറി യാനി അറിയാവുന്ന ഒരു സുഹൃത്തിനോട് ഇതിന്റെ അർത്ഥം ചോദിച്ചു. മറന്ന്പോകുക, ഇട്ടിട്ട് പോകുക, അനുരഞ്ജനം, ക്ഷമ... എന്നൊക്കെ അർത്ഥമുള്ള പദമാണ് എന്ന് മനസ്സിലാക്കി. അങ്ങനെ എങ്കിൽ നമ്മുടെ നഷ്ടബോധത്തിന്റെ, അഹങ്കാരത്തിന്റെ, അഹംഭാവത്തിന്റെ, നിരാശയുടെ പരിക്കുകളെ ഉണക്കുവാൻ നമ്മെ അല ട്ടുന്ന ചിന്തകളെ ഇട്ടിട്ട് മുന്നോട്ട് പോകണം, നമ്മെ ഇരുട്ടാക്കുന്ന ബന്ധങ്ങളെ മറക്കണം, മനുഷ്യർ നമുക്ക് സമ്മാനിച്ച സങ്കടങ്ങളെ മറക്കണം, നമ്മെ അപമാനിച്ചവരോട് ക്ഷമിക്കണം. ഒന്നും തിരികെ പ്രതീക്ഷിക്കാതെ ചേർത്ത് പിടിച്ച മനുഷ്യരുടെ സ്നേഹത്തെ ഓർത്ത് നന്ദിപറയണം.

ഈ പ. വലിയ നോമ്പ് നമുക്ക് അനുഭവമാകട്ടെ. ആത്മീകവും- സാമൂഹികവുമായ തലങ്ങളിൽ വെട്ടം വിതറുവാനും സുഗന്ധം പൊഴിക്കുവാനും തക്കവിധം വ്യക്തി ജീവിതങ്ങളെ ക്രിസ്തുവിന്റെ ഭാവമുള്ളവരാക്കട്ടെ എന്ന് ആശംസിക്കുന്നു.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം




# സർക്കാർ സർവ്വീസിലെ വിവിധ തൊഴിൽ അവസരങ്ങളും സാമ്പത്തിക സംവരണവും



ജോസി ജോൺ, ഒ സി വൈ എം ജോബ് സെൽ കൺവീനർ

സർക്കാർ സർവ്വീസിലേക്ക് പ്രവേശിക്കുന്നതിന് വേണ്ടി തയ്യാറെടുക്കുന്ന നിരവധി യുവജനങ്ങൾ ആണ് നമ്മുടെ സഭയിലുള്ളത്. മത്സര പരീക്ഷകളിൽ വിജയിക്കാൻ പ്രത്യേക കുറുക്ക് വഴികളില്ല . കഠിനാധ്വാനം ,അർപ്പണബോധം, ക്ഷമ, ഈശ്വര വിശ്വാസം, ആത്മ വിശ്വാസം എന്നിവ ഉണ്ടെങ്കിൽ ചിട്ടയായ പഠനത്തിലൂടെ നിങ്ങൾക്കും സർക്കാരിന്റെ ഭരണ ചക്രം തിരിക്കുന്ന വിവിധ തലങ്ങളിൽ എത്തി ചേരാൻ കഴിയും. ജോലി സ്ഥിരതയും വിരമിക്കുമ്പോൾ ലഭിക്കുന്ന പെൻഷനും തന്നെയാണ് ഇന്നും സർക്കാർ സർവ്വീസിനെ മറ്റ് ജോലികളിൽ നിന്ന് വേറിട്ട് നിർത്തുന്നത് . യുവജനം മാസികയുടെ വാർഷിക പതിപ്പിലൂടെ യുവജനങ്ങൾക്ക് കേരള - കേന്ദ്ര സർക്കാർ സർവ്വീസിലെ വിവിധ തൊഴിലവസരങ്ങൾ പരിചയപ്പെടുത്തുകയാണ്. ആയത് സഭയിലെ നിരവധി യുവജനങ്ങൾക്ക് സഹായകരമാവുകയും ചെയ്യട്ടെ എന്ന് പ്രത്യാശിക്കുന്നു . സർക്കാർ സർവ്വീസിലെ വിവിധ തലങ്ങളിൽ സഭയിലെ യുവജനങ്ങൾ കുറഞ്ഞ് വരുന്നത് സഭാ നേതൃത്വം ഗൗരവകരമായി ശ്രദ്ധിക്കേണ്ടതും ആയതിന് ബോധവത്കരണങ്ങളോ മറ്റ് മികവാർന്ന രീതികളോ അവലംബിക്കുന്നത് ഉചിതം ആയിരിക്കും.

## കേന്ദ്ര സർക്കാർ സർവ്വീസിലെ വിവിധ തൊഴിൽ അവസരങ്ങൾ

കേന്ദ്ര സർക്കാരിൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന താഴെ പറയുന്ന വിവിധ തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി സ്റ്റാഫ് സെലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ (www.ssconline.nic.in) ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്ത് പരീക്ഷയുടെ വിജ്ഞാപന സമയത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ് . ഒരേ യോഗ്യതയുള്ള തസ്തികകൾക്കെല്ലാം പൊതുപരീക്ഷ നടത്തി ആളെ തെരഞ്ഞെടുക്കുക ആണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ചെയ്ത് വരുന്നത് .

## മൾട്ടി ടാസ്കിംഗ് സ്റ്റാഫ് (MTS)

കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്കും ഓഫീസുകളിലേക്കും ടെക്നിക്കൽ തസ്തികയിൽ അല്ലാതെ ഉള്ള ജോലി ലഭിക്കുന്നതിനും ഹവീൽദാർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനും സ്റ്റാഫ് സെലക്ഷൻ നടത്തുന്ന പരീക്ഷയാണ് എം ടി എസ് പരീക്ഷ . യോഗ്യത എസ് എസ് എൽ സി . ഈ പരീക്ഷയിലേക്ക് ഉയർന്ന യോഗ്യത ഉള്ളവർക്കും അപേക്ഷിക്കാം . പ്രായപരിധി 18 – 25.

പ്രതിവർഷം സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ഈ തസ്തികയിലേക്ക് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കും. ന്യൂമറിക്കൽ എബിലിറ്റി , റീസണിംഗ് എബിലിറ്റി , ജനറൽ അവെയർനസ്, ഇംഗ്ലീഷ് എന്നിവ ഉൾപ്പെടുത്തിയുള ളതാണ് പരീക്ഷാ സിലബസ് . 10000 ലധികം ഒഴിവുകളാണ് ഈ വിജ്ഞാപനത്തിലൂടെ നികത്തപ്പെടുന്നത് . കേന്ദ്ര സർക്കാർ സർവ്വീസിൽ എൻട്രി കേഡർ തസ്തികയിൽ ജോലി ലഭിക്കുന്നതിന് ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിയണം.

## കമ്പൈൻഡ് ഹയർ സെക്കറി ലെവൽ പരീക്ഷ

കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് ലോവർ ഡിവിഷൻ ക്ലാർക്ക്,ജൂനിയർ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് , പോസ്റ്റൽ അസിസ്റ്റന്റ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നടത്തുന്ന പരീക്ഷയാണ് . കുറഞ്ഞ യോഗ്യത 12-ാം ക്ലാസ് ജയം. പ്രായപരിധി 18-27. ഒന്നാം ഘട്ട പരീക്ഷയിൽ ഇംഗ്ലീഷ് ഭാഷ , ജനറൽ ഇന്റലിജൻസ് , ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ് , ജനറൽ അവെയ്ർനസ് എന്നിവയും രണ്ടാം ഘട്ട പരീക്ഷയിൽ മാത്തമാറ്റിക്കൽ എബിലിറ്റി, റീസണിംഗ്, ജനറൽ ഇന്റലിജൻസ്, ഇംഗ്ലീഷ് ഭാഷാ, ജനറൽ അവയ്ർനസ്, കമ്പ്യൂട്ടർ എന്നിവയും ഉൾപ്പെടുത്തിയുള്ളതാണ് പരീക്ഷാ സിലബസ്. പ്രതിവർഷം 5000 ഓളം ഒഴിവുകൾ ആണ് ഈ വിജ്ഞാപനങ്ങളിലൂടെ നികത്തപ്പെടുന്നത്.

## കമ്പൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷ

കേന്ദ്ര സർക്കാർ വകുപ്പുകളിൽ ഗ്രൂപ്പ് എ, ഗ്രൂപ്പ് ബി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ കേന്ദ്ര സെക്രട്ടറിയേറ്റ്, അസിസ്റ്റന്റ് ഇൻകം ടാക്സ് ഇൻസ്പെക്ടർ, സി.ബി.ഐ ഇൻസ്പെക്ടർ, സെൻട്രൽ എക്സൈസ് ഇൻസ്പെക്ടർ, ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തുടങ്ങിയ സുപ്രധാന തസ്തികകളിലേക്ക് ജോലിയിൽ പ്രവേശിക്കാൻ അവസരം നൽകുന്നതാണ് ഈ പരീക്ഷ. കുറഞ്ഞ യോഗ്യത : ബിരുദം. പ്രതിവർഷം 20000 ൽ അധികം ഒഴിവുകൾ ആണ് ഈ വിജ്ഞാപനങ്ങളിലൂടെ നികത്തപ്പെടുന്നത്. പ്രായപരിധി 27-30 ആണ്. കേന്ദ്ര സർവ്വീസിൽ ജൂനിയർ എഞ്ചിനീയർമാരെ വിവിധ വകുപ്പുകളിലേക്ക് തെരഞ്ഞെടുക്കുന്നതിനായി സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പ്രതിവർഷം പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് വരുന്നു.
ഇത് എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് മികച്ച അവസരമാണ് പ്രധാനം ചെയ്യുന്നത് .

## കമ്പൈൻഡ് ഡിഫൻസ് സർവ്വീസ് പരീക്ഷ

ഇന്ത്യയുടെ കര, നാവിക, വ്യോമസേനകളിലെ ഓഫീസർ പദവിയിലേക്ക് ബിരുദദാരികളെ തെരഞ്ഞെടുക്കുന്നതിന് യു.പി.എസ്.സി. നടത്തുന്നതാണ് സി.ഡി.എസ്. പരീക്ഷ. എല്ലാ വർഷവും ഈ പരീക്ഷ നടത്തി വരുന്നു. യോഗ്യതാ പരീക്ഷാ, കായിക ക്ഷമതാ പരീക്ഷ, പരിശീലനം എന്നിവ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലെഫ്റ്റനന്റ് / തതുല്യ റാങ്കിൽ ആണ് നിയമനം ലഭിക്കുന്നത് .
ഇന്ത്യയുടെ സേനാ വിഭാഗങ്ങളിൽ ഉന്നത പദവികളിൽ എത്തുന്നതിന് സഹായിക്കുന്നതാണ് ഈ പരീക്ഷ. പ്രതിവർഷം 500 ഓളം ഒഴിവുകൾ ഉണ്ടാകാറുണ്ട്. വെബ്സൈറ്റ് www.upsc.gov.in,www.upsconline.nic.in
കൂടാതെ കരസേന,വ്യോമസേന, നാവിക സേന എന്നിവ നടത്തുന്ന വിവിധ റിക്രൂട്ട്മെന്റ് റാലികൾ വഴിയും, സേനകൾ നടത്തുന്ന വിവിധ പരീക്ഷകൾ വഴിയും.
ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമാകാൻ യുവജനങ്ങൾക്ക് കഴിയും. 10000-ലധികം ഒഴിവുകൾ വിവിധ സേനാ വിഭാഗങ്ങളിലായി പ്രതിവർഷം ഉണ്ടാകാറുണ്ട്.
റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡും ബാങ്കിംഗ് മേഖലയും ഇന്ത്യൻ റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് ഗ്രൂപ്പ് ഡി (ലെവൽ 1), എൻ.ടി.പി.സി. തസ്തികകളിലേക്കും, വിവിധ ടെക്നിക്കൽ തസ്തികളിലേക്കും വിഞ്ജാപനം പുറപ്പെടുവിക്കാറുണ്ട്. 2025 ൽ പ്രസിദ്ധീകരിച്ച ഗ്രൂപ്പ് ഡി വിജ്ഞാപന പ്രകാരം 32000 ഒഴിവുകളാണ് ഉള്ളത്. അപേക്ഷിക്കാനുള്ള പ്രായപരിധി 18-36 . ലെവൽ 1 തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള യോഗ്യത പത്താം ക്ലാസ് അല്ലെങ്കിൽ ഐ.ടി.ഐ. ആണ്. പ്രായപരിധി ഓരോ തസ്തികയിലേക്കും നേരിയ വ്യത്യാസം ഉണ്ട്.
ഒഴിവുകൾ ഓരോ വിജ്ഞാപനത്തിലും കൂടിയും കുറഞ്ഞും വരാറുണ്ട്. പരീക്ഷകൾ ഇപ്പോൾ മലയാളത്തിലും

എഴുതാവുന്നതാണ്. ഇത് കൂടാതെ റെയിൽവെയിലെക്ക് പ്ലസ്ടു/ഡിഗ്രി യോഗ്യത.
വേ നോൺ ടെക്നിക്കൽ പോപ്പുലർ കാറ്റഗറിയിലും (എൻ.ടി.പി.സി) 10000 ലധികം ഒഴിവുകൾ വരാറുണ്ട്. ഈ തസ്തിക വഴി തെരഞ്ഞെടുക്കുന്നവർക്ക് ട്രെയിൻ ടിക്കറ്റ് സൂപ്പർ വൈസർ, സ്റ്റേഷൻ മാസ്റ്റർ, ഗുഡ്സ് ട്രെയിൻ മാനേജർ, സീനിയർ ക്ലാർക്ക് എന്നീ ജോലികൾ ലഭിക്കും. ഐ. ടി.ഐ, ഡിപ്ലോമ, എഞ്ചിനിയറിംഗ് ബിരുദധാരികൾക്ക് വിവിധ ടെക്നിക്കൽ തസ്തികകളിലായി 10000 ലധികം നിയമനങ്ങൾ ആണ് ഓരോ വിജ്ഞാപന പ്രകാരവും റെയിൽവെയിൽ ഉണ്ടാകുന്നത് . ലോക്കോ പൈലറ്റ് തസ്തികയിലേക്കും പ്രത്യേകം വിജ്ഞാപനം ഉണ്ടാകും. ഇന്ത്യയിൽ 21 റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡുകൾ ആണ് ഉള്ളത്. ഒരു ഉദ്യോഗാർത്ഥിക്ക് ഏതെങ്കിലും ഒരു റിക്രൂട്ട് ബോർഡിലേക്ക് മാത്രമേ അപേക്ഷിക്കാനാവുകയുള്ളു.
ചെന്നൈ ആർ ആർ ബിയുടെ വെബ്സൈറ്റ് www.rrbchennai.gov.in., www.rrbthiruvanthapuram.gov.in.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ അവസരങ്ങൾ രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനമായ എൽ.ഐ.സി., ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനികളിലും, മറ്റ് ഇൻഷ്വറൻസ് കമ്പനികളിലും അസിസ്റ്റന്റ് തസ്തികകളിലേക്ക് ബിരുദധാരികൾക്ക് മികച്ച അവസരങ്ങളാണ് ഉള്ളത്. കേന്ദ്ര സർക്കാരിൽ പൊതുമേഖലയിൽ 100 കണക്കിന് സ്ഥാപനങ്ങൾ ഉണ്ട്. അവയിലേക്കും ബിരുദധാരികൾക്കും, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും നിരവധി അവസരങ്ങൾ ആണ് ഉള്ളത്.
ബാങ്കിംഗ് - ഐ പി ബി എസ് റിക്രൂട്ട്മെന്റ് ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്ക് ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ക്ലാർക്ക് (ജൂനിയർ അസോസിയേറ്റ്സ്) തസ്തികയിൽ 2024 ലെ വിജ്ഞാപന പ്രകാരം 14191 ഒഴിവുകൾ ആണ് ഉള്ളത് .
പ്രൊബേഷണറി ഓഫീസർ തസ്തികയിലും നിരവധി ഒഴിവുകൾ എസ് ബി ഐയിൽ ഉണ്ടാകാറുണ്ട്. ബിരുദമാണ് ബാങ്കുകളിലെ വിവിധ തസ്തികകളിലേക്കുള്ള കുറഞ്ഞ യോഗ്യത. പ്രായപരിധി 20-28 വയസ് ആണ്. പ്രിലിമിനറി, മെയിൻ പരീക്ഷകൾ ഉണ്ടാകും. ഇംഗ്ലീഷ് ഭാഷ, ന്യൂമറിക്കൽ എബിലിറ്റി, റീസണിംഗ് എബിലിറ്റി എന്നിവ ഉൾപ്പെടുത്തിയാണ് പ്രിലിമിനറി പരീക്ഷ. കൂടാതെ ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിലേക്ക് ക്ലാർക്ക്, പ്രൊബേഷണറി ഓഫീസർ തസ്തികയിലേക്ക് ഇന്ത്യൻ ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ (ഐ.ബി.പി.എസ്) ആണ് പരീക്ഷാ നടത്തിപ്പ് ചുമതല. ബാങ്ക് ഓഫ് ബറോഡ, ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് മഹാരാഷ്ട്ര, കാനറാ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, യൂക്കോ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നിവയാണ് ഐ പി ബി എസിൽ ഉൾപ്പെടുന്ന പൊതുമേഖലാ ബാങ്കുകൾ. ക്ലാർക്ക്, പ്രൊബേഷണറി ഓഫീസർ, സ്പെഷ്യലിസ്റ്റ് ഓഫീസർ എന്നീ തസ്തികകളിലേക്ക് പ്രത്യേകം പ്രത്യേകം വിജ്ഞാപനങ്ങൾ ഉണ്ടാകും. ബിരുദ ധാരികൾക്ക് മികച്ച അവസരങ്ങൾ ആണ് ഈ മേഖലയിൽ ഉള്ളത്. ഈ മേഖലയിലും പ്രതിവർഷം 10000 ഓളം ഒഴിവുകൾ പ്രതീക്ഷിക്കാം . വെബ്സൈറ്റ് : www.ibps.in

സിവിൽ സർവ്വീസ് പരീക്ഷ ഇന്ത്യയിലെ ഏറ്റവും വലിയ മത്സര പരീക്ഷ ഏതാണ് എന്ന് ചോദിച്ചാൽ മറ്റൊരു ഉത്തരം ഇല്ല .
യു.പി.എസ്.സി. നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷ. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (IAS), ഇന്ത്യൻ പോലീസ് സർവ്വീസ് (IPS) , ഇന്ത്യൻ റവന്യൂ സർവ്വീസ് (IRS) തുടങ്ങിയ ഇന്ത്യയുടെ സുപ്രധാന സർവ്വീസുകളിൽ ഈ പരീക്ഷ പാസാകുന്നവർക്ക് ജോലിയിൽ പ്രവേശിക്കാൻ ആകും . പ്രതിവർഷം 1000 ഓളം പേർ ഈ പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നു . കുറഞ്ഞ യോഗ്യത ബിരുദമാണ്. പ്രായപരിധി 21- 32 . സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ ഒരാൾക്ക് 6 തവണ മാത്രമേ പരമാവധി എഴുതാൻ കഴിയുകയുള്ളു. പ്രിലിമിനറി പരീക്ഷയ്ക്ക് 2 പേപ്പറാണ് ഉള്ളത്. പ്രിലിമിനറി പരീക്ഷ ജയിക്കുന്നവർ മെയിൻ പരീക്ഷയ്ക്ക് യോഗ്യത നേടും. 9 പേപ്പറുള്ള വിവരണാത്മക രീതിയിലുള്ള രണ്ടാം ഘട്ട പരീക്ഷയും തുടർന്ന് ഇതിൽ വിജയിക്കുന്നവർക്ക് അഭിമുഖവും ഉണ്ടാകും .
സർവ്വീസ് സീനിയോറിറ്റി അനുസരിച്ച് ചീഫ് സെക്രട്ടറി, വിവിധ

വകുപ്പ് സെക്രട്ടറിമാർ, ഡി ജി പി, എ ഡി ജി പി , ജില്ലാ കളക്ടർ , തുടങ്ങി ഇന്ത്യയുടെ ഭരണ ചക്രം തിരിക്കുന്ന സുപ്രധാന വകുപ്പുകളുടെ മേധാവിയാകാനും ഈ പരീക്ഷയിലൂടെ യോഗ്യത നേടുന്നവർക്ക് കഴിയും.

**കേരള സർക്കാർ സർവ്വീസിലെ വിവിധ തൊഴിൽ അവസരങ്ങൾ**

കേരളത്തിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള 110 ഓളം വകുപ്പുകളിലേക്കും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ഉള്ള നിയമനം ആണ് കേരള പി സ് സി വഴി നടന്ന് വരുന്നത് . പ്രതിവർഷം 25000 മുതൽ 33000 വരെ നിയമനങ്ങൾ ആണ് വിവിധ തസ്തികളിലായി കേരളാ പി.എസ്. സി. വഴി നടന്ന് വരുന്നത്.

www.keralapsc.gov.in എന്ന വെബ്സൈറ്റ് വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം ലഭിക്കുന്ന യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് യോഗ്യതയ്ക്ക് അനുസരിച്ച് വിവിധ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന എല്ലാ ജനറൽ പരീക്ഷകളുടെയും പ്രായ പരിധി 18-36 ആണ് . റിസർവേഷൻ ആനുകൂല്യം ഉള്ളവർക്ക് പ്രായപരിധിയിൽ ഇളവ് ഉണ്ടാകും . അധ്യാപക തസ്തികയിലേക്കും, പ്രൊഫഷണൽ യോഗ്യതയുളള വിവിധ പരീക്ഷകൾക്കും ഉയർന്ന പ്രായ പരിധിയിൽ വ്യത്യാസമുണ്ട്. പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 3 വർഷം ആണ്.

യൂണിഫോം പോസ്റ്റുകളിലെ റാങ്ക് ലിസ്റ്റ് കാലാവധി 1 വർഷം ആണ്. റാങ്ക് ലിസ്റ്റ് കാലാവധി നീട്ടി നൽകാൻ സർക്കാരിന് അധികാരമുണ്ട് .

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) കേരള ഭരണ നിർവ്വഹണത്തിന്റെ രാംനിരയിൽ കൂടുതൽ ചെറുപ്പക്കാരെ നിയോഗിച്ച് കേരള സിവിൽ സർവ്വീസിന്റെ സേവനം കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കേരളത്തിൽ ആരംഭിച്ചു . കെ എ എസിന്റെ ആദ്യ വിജ്ഞാപനം 2019 നവംബർ ഒന്നിനാണ് പ്രസിദ്ധീകരിച്ചത് . സംസ്ഥാന സിവിൽ സർവ്വീസിലെ രണ്ടാംനിര ഗസറ്റഡ് തസ്തികകളിലേക്കാണ് തെരഞ്ഞെടുക്കുപ്പെടുന്നവരുടെ ആദ്യ നിയമനം. പരീക്ഷ പാസാകുന്നവർക്ക് ഒരു വർഷത്തോളം പ്രത്യേക പരിശീലനവും ഉണ്ടാകും തുടർന്നാകും ഇവരുടെ നിയമനം. കെ എ എസ് പരീക്ഷ പാസായി 8 വർഷം സേവനം പൂർത്തിയാക്കുന്ന നിശ്ചിത പ്രായപരിധിയിലുള്ളവർക്ക് നേരിട്ട് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റ് സർവ്വീസിലേക്ക് (ഐ എ എസ്) പ്രവേശിക്കാം .

മൂന്ന് കാറ്റഗറികളിലായിട്ടാണ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത്. ഒന്നാമത്തേത് നേരിട്ടുള്ള നിയമനം പ്രായപരിധി 21-32 , രണ്ടാമത്തേത് നിലവിൽ സർവ്വീസിലുള്ള നോൺ ഗസറ്റഡ് ജീവനക്കാരുടെ തസ്തിക മാറ്റം, പ്രായപരിധി 21-40 , മൂന്നാമത്തേത് നിലവിൽ സർവ്വീസിലുള്ള ഗസറ്റഡ് ജീവനക്കാർ പ്രായപരിധി 50 കവിയാൻ പാടില്ല. കുറഞ്ഞ യോഗ്യത ബിരുദമാണ്. 2 ഘട്ട പരീക്ഷകൾ ഉണ്ടാകും ഇതിൽ മുഖ്യ പരീക്ഷ വിവരണാത്മക രീതിയിൽ ആയിരിക്കും .

**എൽ ജി എസ് പരീക്ഷകൾ**

കേരള സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് എൻട്രി ലെവലിൽ ഉള്ളവരെ തെരഞ്ഞെടുക്കുന്ന പരീക്ഷകളാണ് എൽ ജി എസ് പരീക്ഷകൾ. തെരഞ്ഞെടുക്കപ്പെടുന്നവരെ ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്കും സമാന തസ്തികകളിലേക്കും ആണ് നിയമിക്കപ്പെടുന്നത്. കുറഞ്ഞ യോഗ്യത - 7 -ാം ക്ലാസ് . മുമ്പ് ബിരുദധാരികൾക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാമായിരുന്നു. പിന്നീട് അത് ഒഴിവാക്കി . ഈ തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി വരെ ബിരുദം നേടിയിരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ തുടക്കം പ്രതിവർഷം കേരളത്തിൽ 4000 ൽ പരം ഒഴിവുകളാണ് ഈ തസ്തികയിലൂടെ നികത്തപ്പെടുന്നത് .

പത്താം ക്ലാസിന് താഴെ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടുള്ളതിൽ ഏറ്റവും കൂടുതൽ നിയമനം നടക്കുന്ന തസ്തിക ആണിത് . പൊതുവിജ്ഞാനം, ഗണിതം എന്നിവ ഉൾപ്പെടുന്നതാണ് സിലബസ്.

**പത്താംതരം യോഗ്യതാ പരീക്ഷകൾ**

കേരള സർക്കാർ സർവ്വീസിൽ പത്താം ക്ലാസ് കുറഞ്ഞ യോഗ്യത ആയി നിശ്ചയിച്ചിട്ടുള്ള നിരവധി പരീക്ഷകളുണ്ട് . എൽ ഡി ക്ലാർക്ക്, വില്ലേജ് എക്സ്റ്റൻഷൻ

ഓഫീസർ , വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, മെയിൽ വാർഡൻ , അസിസ്റ്റന്റ് സെയിൽസ് മാൻ തുടങ്ങിയ പരീക്ഷകളാണ് ഇതിൽ പ്രധാനപ്പെട്ടവ.

പൊതുവിജ്ഞാനം, ഇംഗ്ലീഷ്, ഗണിതം, മലയാളം എന്നിവയാണ് പരീക്ഷാ സിലബസിൽ ഉൾപ്പെടുന്നത്. പ്രതിവർഷം 4000 ഓളം ഒഴിവുകൾ ഈ തസ്തികകളിലേക്ക് ഉണ്ടാകാറുണ്ട് .

### പ്ലസ്ടു യോഗ്യതാ പരീക്ഷകൾ

കേരള സർക്കാർ സർവ്വീസിൽ പന്ത്രാം ക്ലാസ് കുറഞ്ഞ യോഗ്യത ആയി നിശ്ചയിച്ചിട്ടുള്ള നിരവധി പരീക്ഷകളുണ്ട്. ഇതിൽ കൂടുതലും യൂണിഫോംഡ് പോസ്റ്റുകളാണ്. സിവിൽ പോലീസ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ , ബീറ്റ് ഫോറസ് ഓഫീസർ , ഫയർമാൻ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ യൂണിഫോംഡ് പോസ്റ്റുകൾക്ക് പുറമെ ലാബ് അസിസ്റ്റന്റ് തസ്തികയും ഉണ്ട് . പ്രതിവർഷം 3000 ഓളം ഒഴിവുകൾ ഈ തസ്തികകളിലേക്ക് ഉണ്ടാകാറുണ്ട് . പൊതുവിജ്ഞാനം, ഇംഗ്ലീഷ്, ഗണിതം, മലയാളം എന്നിവയാണ് പരീക്ഷാ സിലബസിൽ ഉൾപ്പെടുന്നത് . യൂണിഫോംഡ് തസ്തികകൾക്ക് കായികക്ഷമതാ പരീക്ഷകളും ഉണ്ടാകും .

### ബിരുദ യോഗ്യതാ പരീക്ഷകൾ

കേരള സർക്കാർ സർവ്വീസിൽ ബിരുദം കുറഞ്ഞ യോഗ്യത ആയി നിശ്ചയിച്ചിട്ടുള്ള നിരവധി പരീക്ഷകളുണ്ട് . എൽ എസ് ജി ഐ സെക്രട്ടറി ,സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, സർവ്വകലാശാല അസിസ്റ്റന്റ്, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ ,ഐ സി ഡി എസ് സൂപ്പർവൈസർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ.

പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് അസിസ്റ്റന്റുമാരെയും ക്ലാർക്കുമാരെയും തെരഞ്ഞെടുക്കുന്ന കമ്പനി/ബോർഡ് അസിസ്റ്റന്റ് പരീക്ഷ , ഡയറി ഫാം ഇൻസ്ട്രക്ടർ , ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഡിവിഷണൽ അക്കൗസ് ഓഫീസർ എന്നിവ ബിരുദം യോഗ്യത ഉള്ള ഏവർക്കും എഴുതാവുന്ന പൊതു പരീക്ഷകളാണ് . ബിരുദം യോഗ്യത ഉള്ള പ്രധാന യൂണിഫോംഡ് പോസ്റ്റുകൾ പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ, എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ , ഫയർ ഫോഴ്സിൽ സ്റ്റേഷൻ ഓഫീസർ, ജയിൽ വകുപ്പിൽ അസിസ്റ്റന്റ് ജയിലർ, വനം വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവയാണ് ഇവയിൽ പ്രധാനം. പൊതുവിജ്ഞാനം, ഇംഗ്ലീഷ് , ഗണിതം , മലയാളം എന്നിവയാണ് പരീക്ഷാ സിലബസിൽ ഉൾപ്പെടുന്നത് . ബിരുദതല പരീക്ഷകൾക്ക് പ്രിലിമിനറി പരീക്ഷയും അതിൽ വിജയിക്കുന്നവർക്ക് മെയിൻ പരീക്ഷകളും ഉണ്ടാകും. യൂണിഫോംഡ് തസ്തികകൾക്ക് പ്രിലിമിനറി മെയിൻ പരീക്ഷയ്ക്ക് പുറമെ കായികക്ഷമതാ പരീക്ഷകളും ഉണ്ടാകും. പ്രതിവർഷം 1500 ഓളം നിയമനങ്ങൾ ഈ തസ്തികയിൽ ഉണ്ടാകും . നിയമ ബിരുദധാരികൾക്ക് മാത്രമായി ലീഗൽ അസിസ്റ്റന്റ് , അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തുടങ്ങിയ തസ്തികകളുമുണ്ട്.

സാങ്കേതിക യോഗ്യതയുള്ളവർക്കുള്ള പരീക്ഷകൾ അധ്യാപക യോഗ്യത നേടിയവർക്കായി എൽ പി തലം മുതൽ കോളേജ് തലം വരെയുള്ള വിവിധ പരീക്ഷകളും, സാങ്കേതിക യോഗ്യതയുള്ളവർക്കായി ഓവർസിയർ , അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ പരീക്ഷകളും , മെഡിക്കൽ കോഴ്സ് പൂർത്തിയായവർക്ക് മെഡിക്കൽ ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ഫാർമസിസ്റ്റ് ,ലാബ് ടെക്നീഷ്യൻ, ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ പരീക്ഷകളിലുമായി പ്രതിവർഷം 4000 ഓളം നിയമനങ്ങൾ നടന്നുവരുന്നു . കുറച്ച് നിയമനങ്ങൾ മാത്രം നടക്കുന്ന 100ലധികം തസ്തികകളിലും പ്രതിവർഷം വിവിധ പരീക്ഷകൾ നടന്ന് വരുന്നു .

### കേരളാ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ്

കേരള സംസ്ഥാനത്തിലെ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ പി എസ് സിയ്ക്ക് കൈമാറിയിട്ടില്ലാത്ത സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിലേക്ക് കേരളാ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് (ഗജഋടഞആ) പുതിയതായി രൂപീകരിച്ചു. ആദ്യ വിജ്ഞാപനം 2023 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ചു. തുടക്കത്തിൽ വ്യവസായ വകുപ്പിന് കീഴിലെ 20 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ബോർഡിന് കൈമാറിയിട്ടുണ്ട്. പ്രതിവർഷം 1000 ഓളം ഒഴിവുകൾ ഈ ബോർഡ് വഴി വിവിധ പരീക്ഷകളിലൂടെ നികത്തപ്പെടും . കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഭാവിയിൽ ഈ റിക്രൂട്ട്മെന്റ് ബോർഡ് വഴി നടത്താൻ സാധ്യതയുണ്ട്.

വെബ്സൈറ്റ് :
www.kpesrb.kerala.gov.in



## സാമ്പത്തിക സംവരണം (EWS)

2019 ലെ 103-ാം ഭരണഘടനാ ഭേദഗതിയിലൂടെ ആണ് ഇന്ത്യയിൽ സാമ്പത്തിക സംവരണം നടപ്പായിട്ടുള്ളത് . സംവരണ വിഭാഗക്കാരല്ലാത്ത ജനറൽ കാറ്റഗറിയിൽ ഉൾപ്പെട്ട മതവിഭാഗങ്ങളിൽ ഉൾപെട്ടവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും, കേരള, കേന്ദ്ര സർക്കാർ സർവ്വീസിൽ തൊഴിൽ ലഭിക്കുന്ന തിനും 10 ശതമാനം സംവരണം ഇതിലൂടെ ലഭിക്കും. കേരള സർക്കാരുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ, തൊഴിൽ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറും, കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് തഹസിൽ ദാരും ഇ ഡബ്ല്യു എസ് സർട്ടിഫിക്കറ്റ് അനുവദിക്കും.

കേരള പി.എസ്.സി, യു.പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിംഗ് , വിവിധ സംസ്ഥാനങ്ങളിലെ പി എസ് സി എന്നീ മേഖലകളിലായി പ്രതിവർഷം 1.50 ലക്ഷം മുതൽ 2.50 ലക്ഷം വരെ ഒഴിവുകളാണ് സർക്കാർ-പൊതുമേഖലാ സെക്ടറുകളിൽ മാത്രമായി പൊതുവെ ഉണ്ടാകുന്നത് . മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണത്തിൽ ചില വർഷങ്ങളിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാകാം.

ചിട്ടയായ പഠനത്തോടെ പരീക്ഷകളെ നേരിട്ടാൽ ഏവർക്കും വിജയം നേടാൻ കഴിയും . കേന്ദ്ര, കേരള സർക്കാർ സർവ്വീസിൽ ഏഴാം ക്ലാസ് മുതൽ ബിരുദം വരെ യോഗ്യത നേടിയവർക്ക് പൊതുവായി അപേക്ഷിക്കാവുന്ന തസ്തികകളും അവയുടെ ലഘുവിവരണവും മാത്രമാണ് ഈ ലേഖനത്തിലൂടെ പരിചയപ്പെടുത്തിയിട്ടുള്ളത് . നിരവധി സാങ്കേതിക തസ്തികകളും , പ്രൊഫഷണൽ കോഴ്സ് പഠിച്ചവർ ക്കായുള്ള തസ്തികകളും പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ, റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് എന്നിവ നടത്തിവരുന്നുണ്ട്. ആയത് പ്രയോജനപ്പെടുത്തുവാൻ ഏവരും ശ്രദ്ധിക്കേണമേ.






*Serving from the heart*

# Most Trusted Name In Catering

www.veekayvees.com
enquiry@veekayvees.com

**KOCHI**
7736251555
0484 2302030

**THIRUVALLA**
7736351555
0469 2645630

**KAYAMKULAM**
7736451555
0479 2443050

**TRIVANDRUM**
7736651555
0472 2585050



**റോഷൻ റോയ്**
(Joint -Secretary
Adoor Kadampanad)

# കേരളത്തിലെ യുവത നേരിടുന്ന രണ്ട് വെല്ലുവിളികൾ

ഊർജ്ജസ്വലതയും, കർമ്മോത്സുകതയും, ധീരതയും നിറഞ്ഞ മനുഷ്യന്റെ ഏറ്റവും സുന്ദരമായ കാലഘട്ടമാണ് യൗവ്വനം. അവകാശങ്ങളും, അവസരങ്ങളും തിരിച്ചറിയുകയും കണ്ടെത്തുകയും അവ നേടിയെടുക്കാനായി പോരാടുകയും ചെയ്യുന്ന സമയം. കർത്തവ്യങ്ങളും, കടമകളും വിട്ടുവീഴ്ചയില്ലാതെ നിറവേറ്റാനുള്ള കരുത്തും, തന്റേടവും യൗവ്വനത്തിനുണ്ട്. കോവിഡ് വന്നപ്പോഴും പ്രളയം വന്നപ്പോഴും കക്ഷി രാഷ്ട്രീയ ഭേദമന്യേ മരണത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ആ മഹാമാരിയേയും മഹാപ്രളയത്തേയും നേരിട്ടതും അതിനുശേഷം അതിജീവനത്തിന്റെ പാതയൊരുക്കിയതും കേരള ത്തിലെ യുവാക്കളുടെ തീക്ഷ്ണമായ യൗവ്വനത്തിന്റേയും കർമ്മനിരതയുടേയും അടയാളമാണ്.

ഇന്ന് യുവാക്കൾ അറിവും അവസരങ്ങളും തേടി പാശ്ചാത്യ രാജ്യത്തേക്ക് കുടിയേറുകയാണ്. തീർച്ചയും നമ്മുടെ നാടിന്റെ വിദ്യാഭ്യാസത്തിന്റെ മികവാണ് ലോകത്തിന്റെ വാതായനങ്ങൾ തുറന്നുപോകുവാൻ അവരെ പ്രാപ്തരാക്കുന്നത്. പക്ഷേ, അതിലൂടെ നമ്മുടെ നാടിന് നഷ്ടമാകുന്നത് തൊഴിലെടുക്കുവാൻ പ്രാപ്തരായ യുവജനങ്ങളേയാണ്. നമ്മുടെ നാട്ടിലെ യുവാക്കൾ അവരുടെ കഠിനാധ്വാനത്തിന്റെ മൂശയിൽ വാർത്തെടുക്കുന്ന അവരുടെ കഴിവുകളേയും, സർഗ്ഗാത്മകതയും നമ്മുടെ നാടിന് പ്രയോജനപ്പെടാതെ പോകുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ലഭിക്കുന്ന സാമൂഹ്യ സുരക്ഷയും, മികച്ച ജീവിത നിലവാരവും നൽകിക്കൊണ്ടും ശാസ്ത്ര സാങ്കേതിക രംഗത്തേയും, ആരോഗ്യരംഗത്തേയും അത്യാധുനീക വിഷയങ്ങൾ നമ്മുടെ സർവ്വകലാശാലകളിൽ ആരം ഭിക്കുകയും അതിലൂടെ അറിവും തൊഴില വസരങ്ങളും സൃഷ്ടിച്ച് യുവാക്കളെ നമ്മുടെ നാട്ടിൽ തന്നെ തൊഴിലെടുക്കുവാൻ പ്രാപ്തരാക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതു?.

നമ്മുടെ നാട് നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് ലഹരിയുടെ അതിപ്രസരം. യുവാക്കളാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പാദ്യവും ഭാവിയും. ഇന്ന് കോളനി വാഴ്ചക്കാലത്തെ ബ്രിട്ടന്റേയും, ചൈനയുടേയും കറുപ്പ് യുദ്ധത്തെപ്പോലെ നമ്മുടെ നാട്ടിലെ യുവാക്കളിലേക്ക് ലഹരി സംഘങ്ങൾ കടന്നുകയറിയിരിക്കുന്നു. MDMA എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന Methylenedioxy Methamphetamine ഗ്രാമങ്ങളിൽ പ്പോലും സുലഭമായിരിക്കുന്നു.

'നീ മദ്യപിച്ചിട്ടുണ്ടോ?' എന്ന ചോദ്യം കേൾക്കുന്നത് അപമാനകരമായി തോന്നിയ കാലത്ത്നിന്ന്, "നീ M അടിച്ചിട്ടുണ്ടോ?' എന്ന് ചോദ്യം കേൾക്കുന്നത് ജീവിതം ആഘോഷിക്കുന്നതിന്റെ അടയാളമായി കരുതുന്നു. അത്രയ്ക്കും സർവ്വ സാധാരണമായി മാറിയിരിക്കുന്നു മാരകമായ രാസലഹരികൾ. ലഹരി വസ്തുക്കളുടെ ഉപയോഗത്തെ അത്രമേൽ നിസ്സാരവൽക്കരിക്കുന്ന തരത്തിലുള്ള പ്രചരണങ്ങളാണ് നവ സമൂഹ മാധ്യമങ്ങളിൽ നടക്കുന്നത്. ഒരിക്കൽ മാത്രം ഒന്ന് ഉപയോഗിച്ച് നോക്കൂ.. എന്ന മനുഷ്യന്റെ സ്വതസിദ്ധമായ ദൗർബ്ബല്യത്തെ ഉപയോഗപ്പെടുത്തിയാണ് പല യുവാക്കളേയും ഒരിക്കലും തിരികെ കയറാൻ കഴിയാത്ത രാസലഹരിയുടെ കയങ്ങളിലേക്ക് തള്ളിയിടപ്പെടുന്നത്. ഇത്തരം പ്രലോഭനങ്ങളെ തിരിച്ചറിയുവാൻ വചനം നമ്മെ സഹായിക്കുന്നു. (സദൃ. 23:29-32) ൽ ഇങ്ങനെ പറയുന്നു. 'വീഞ്ഞ് ചുവന്ന പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കു ന്നതും നീ നോക്കരുത്. ഒടുക്കം അത് സർപ്പം പോലെ കടിക്കും. അണലിപോലെ കൊത്തും'. ഇന്ന് സമൂഹത്തിൽ നടക്കുന്ന എല്ലാ അരാജക പ്രവർത്തികളുടേയും അക്രമങ്ങളുടേയും മൂലകാരണം ലഹരി തന്നെയാണ്. അവിടെയാണ് (സദൃ. 20:1) ൽ 'വീഞ്ഞ് പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു' എന്ന വചനം ഓർക്കേണ്ടതാണ്.

യൗവ്വനത്തിൽ തന്നെ വാർദ്ധക്യം ആകുന്ന അലസന്മാരെയാണ് ലഹരി സൃഷ്ടി ക്കുന്നത്. യൗവ്വനത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർക്കുക എന്ന സഭാപ്രസംഗിയുടെ പ്ര ബോധനം ഉൾക്കൊണ്ടുകൊണ്ട് വിവേകത്തോടെയും ദീർഘദൃഷ്ടിയോടെയുമുള്ള പക്വമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോകുവാൻ ഓരോ യുവാക്കൾക്കും സാധിക്കണം.

# OCYM സെൻട്രൽ കമ്മിറ്റി 2022–2025

പ്രസിഡന്റ്



ഡോ. ഗീവർഗ്ഗീസ് മാർ
യൂലിയോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്



ഫാ. ഷിജി കോശി

ജനറൽ സെക്രട്ടറി



ഫാ. വിജു ഏലിയാസ്

ട്രഷറാർ



പേൾ കണ്ണേത്ത്



സജയ് തങ്കച്ചൻ



അനീഷ് ജേക്കബ് തയ്യിൽ



അബി എബ്രഹാം കോശി



സിജോ എവറസ്റ്റ്



നിഖിൽ കെ. ജോയ്



അരുൺ വി. ജോയ്



അബിൻ ജേക്കബ്



എബിൻ സജി



അജു ജേക്കബ്



ദിപു അച്ചൻകുഞ്ഞ്



നോബിൻ സി.ജെ



ആർദ്ര സൂസൻ സിബി



അഞ്ജു വർഗ്ഗീസ്



ജോമി എബ്രഹാം



ജോജി പി. തോമസ്



റോബിൻ ജോ വർഗ്ഗീസ്


ഷെയ്സ് എ.ജെ.


മനു തമ്പാൻ


ലിഡ ഗ്രിഗറി


ഹർഷ കൊച്ചുമ്മച്ചൻ


അഡ്വ. രോഹിത് ജോൺ വർഗ്ഗീസ്


ജിജോ ജോർജ്ജ്


റിനോജ് ജോർജ്ജ്


അബിൻ ബേബി


അബു എബ്രഹാം വീരപ്പള്ളിൽ


രഞ്ജു എം.ജെ.


ജിൻസ് ജേക്കബ് ഫിലിപ്പ്


ദീപു സെൽബി


ജോർജ്ജ് കുര്യൻ


തോമസ് ഫിലിപ്പ്


എൽസൻ കുര്യാക്കോസ്


എൽദോ ബേബി


എഡ്വിൻ മാത്യു


ദിയേരി പി. ജോയ്


ബിറ്റോ സി. കുര്യൻ


ജിയോ കെ. വിൽസൺ


ജോഷി ജോസ്


സനീഷ് കെ. സ്കറിയ


ഡോ.അതുൽ വി.കെ.


ജെറിൻ ജെയിംസ്


ബെറ്റീന ജേക്കബ്


അഭിഷേക് ജോൺ


ഡോ. ഐപ്പുരു ജോൺ


ഷിജു ഡാനിയേൽ


കെ.സി. ബിജു


ഷൈജു യോഹന്നാൻ

# യുവജനം ത്രൈമാസിക

**ചീഫ് എഡിറ്റർ**



ഫാ. ലൂക്ക് ബാബു

**പബ്ലിഷർ**



ബിനു പാപ്പച്ചൻ

**പത്രാധിപസമിതി അംഗങ്ങൾ**



റ്റിബിൻ ചാക്കോ



ബിബിൻ ബാബു

**കേന്ദ്ര ഓഡിറ്റർമാർ**



ജോസി ജോൺ



അലൻ ഡാനിയേൽ

**ഓഫീസ് സെക്രട്ടറി**



ഷിബു മാത്യു

# O.C.Y.M. പ്രവാസി സെൽ



ആത്മീയ പ്രവർത്തനങ്ങളോടൊപ്പം സാമൂഹിക സേവന രംഗത്തും യുവജനപ്രസ്ഥാന അംഗങ്ങളെ സജീവരാക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രവാസി സെൽ പ്രവർത്തിച്ചുവരുന്നു. ഫാ. അജി കാരാട്ട്, ആന്റോ അബ്രഹാം ദുബായ് എന്നിവർ കോർഡിനേറ്റർ ആയി പ്രവർത്തിച്ചുവരുന്നു.

വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി നിരവധി ആളുകൾ കുടിയേറ്റം നടത്തുന്ന ഈ കാലഘട്ടത്തിൽ അവർക്ക് വേണ്ടതായ കൈത്താങ്ങലുകൾ നൽകുന്നതിനായി പ്രവാസി സെൽ പരിശ്രമിച്ചു വരുന്നു. വിദേശരാജ്യത്ത് വെച്ച് ഏതെങ്കിലും തരത്തിലുള്ള പ്രയാസം നേരിടുന്ന ഘട്ടത്തിൽ അവർക്ക് വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി വിവിധ രാജ്യങ്ങളിൽ പ്രവാസി സെല്ലിന്റെ സേവന സന്നദ്ധരായ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു പ്രവർത്തനം ആരംഭിച്ചതിനു ശേഷം ചുരുങ്ങിയ കാലയളവിൽ ഒട്ടനവധി ആളുകളെ സഹായിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട് യു.എ ഇ യിൽ ഒരു വർഷത്തിലധികം ആയി പാരലൈസായി ആശുപത്രിയിൽ കിടന്ന ഒരു സഹോദരനെ, 10 ലക്ഷത്തോളം രൂപ ചെലവ് വരുന്ന കാര്യം തികച്ചും സൗജന്യമായി ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നാട്ടിലെത്തിക്കുവാൻ സാധിച്ചു. മറ്റൊരു വ്യക്തിയുടെ ഭീമമായ ചികിത്സാ ചെലവ് കണ്ടെത്തി നാട്ടിലെത്തിക്കുന്നതിന് നേതൃത്വം നൽകുവാൻ സാധിച്ചു ഓവർസ്റ്റേയായ നിരവധിയാളുകൾക്ക്, ഔട്ട് പാസ് എടുത്ത്, ടിക്കറ്റ് നൽകി നാട്ടിലെത്തിക്കുവാൻ സാധിച്ചു ,നിരവധി മൃതദേഹം നാട്ടിലെത്തി ക്കുവാൻ വേണ്ടതായ പേപ്പർ വർക്കുകൾ ചെയ്തു, മൃതദേഹം നാട്ടിലെത്തിക്കാൻ സാധിച്ചു.പ്രവാസി സെൽ പ്രവർത്തനങ്ങൾ അതിൻറെ പ്രാരംഭഘട്ടത്തിലാണ്. ഗൾഫ് യൂറോപ്പ് ഏഷ്യാ പസഫിക് തുടങ്ങി മിക്ക രാജ്യങ്ങളിലും പ്രവാസി സെൽ കോർഡിനേറ്റേഴ്സ് പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരിൻറെ പ്രവാസി ക്ഷേമ പദ്ധതികൾ അംഗങ്ങളിലേക്ക് എത്തിക്കുക എന്നതും പ്രവർത്തന ലക്ഷ്യമാണ് ബാഹ്യ കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലെയും പ്രതിനിധികളും പ്രവാസി സെല്ലിൽ പ്രവർത്തിച്ചുവരുന്നു. പ്രവാസി സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും പ്രയാസ ഘട്ടങ്ങളിൽ ദുരിതം അനുഭവിക്കുന്നവർക്ക് ഒസിവൈഎം ഒരു അത്താണിയായിത്തീരുന്ന തരത്തിലേക്ക് ഇതിൻറെ പ്രവർത്തനങ്ങൾ വളരുന്നതിനും ദൈവം ഇടവരുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രവാസി സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ പിന്തുണ നൽകി വരുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാ പോലീത്ത യോടും വൈസ് പ്രസിഡന്റ് റവ. ഫാ ഷിജി കോശി അച്ചനോടും ജനറൽ സെക്രട്ടറി റവ. ഫാ. വിജു ഏലിയാസ് അച്ചനോടും ട്രഷറർ പേൾ കണ്ണേത്തിനോടും ഹൃദയംഗമായ നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നു.


BASELIOS MATHEWS II COLLEGE OF ENGINEERING
BASELIOS CENTRE FOR MANAGEMENT STUDIES
Sasthamcotta, Kollam, www.bmce.ac.in
NAAC
NATIONAL ASSESSMENT AND ACCREDITATION COUNCIL
NATIONAL BOARD OF ACCREDITATION
COLLEGE CODE BMC
2025
ADMISSION
OPEN
100% PLACEMENT SUPPORT
TRULY AFFORDABLE EDUCATION
EXPERIENCED FACULTY
B.TECH
Computer Science & Engineering
Artificial intelligence
Civil Engineering
Electronics & Communication Engineering
Mechanical Engineering
Electrical & Electronics Engineering
MBA
Finance
HRM
Marketing
Operations
MBA + CMA
MBA + ACCA
MBA + Business Analytics
MBA + Data Analytics
ACCREDITED INSTITUTION
FOR ADMISSION CONTACT
(Approved by AICTE, Affiliated to APJ Abdul Kalam Technological University) Accredited with NBA, Grade B+ by NAAC & An ISO 9001:2015 Certified Institution Lake View, Muthupilakadu, Poruvazhy P.O, Sasthamcotta, Kollam, Kerala - 690520
8281801579, 9443474555, 9496735944



ss mahindra Rise
THIRUVANANTHAPURAM
+91 7306 91 91 91



SS HYUNDAI
KOLLAM | PATHANAMTHITTA | ALAPPUZHA
+91 953 901 2100



SS TVS
KOLLAM, KOTTARAKKARA AYOOR, KARUNAGAPALLY
+91 974 557 2233




HONDA
Palace Honda
Kayamkulam &Mavelikkara
+91 920 764 64 64



**Mr. Sleeba Koshy**
Chairman, SS Group
MEMBER, ADOOR, KADAMBANAD DIOCESE

SS GROUP
AUTHORISED DEALER OF
HYUNDAI, MAHINDRA, HONDA & TVS
THIRUVANANTHAPURAM | KOLLAM
PATHANAMTHITTA | ALAPPUZHA



**Mr. Sibi Sleeba**
MD, SS Group
MEMBER, ADOOR, KADAMBANAD DIOCESE


Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu,Publisher : Binu Pappachan